# വികസനരേഖ
# 1997



ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

*With the best compliments from*

# M/s M.SREEDHARAN & SONS

**KIDAVITHU VILA**
**PALACHIRA.P.O.,**
**VARKALA.**

Dealers in :-

- ➔ MS rods
- ➔ bars
- ➔ sanitary wares
- ➔ glass etc.

Printed at **VASANTHAM OFFSET PRINTERS**, Maithanam, Varkala.

# വികസന രേഖ 1997



# ചെറുന്നിയൂർ

## ഗ്രാമപഞ്ചായത്ത്



രാഷ്ട്രപിതാവ്



# ശ്രീ. ഇ. എം. എസ്.

ഉന്നതതല മാർഗ്ഗ നിർദ്ദേശക സമിതി
അദ്ധ്യക്ഷൻ
(ജനകീയ ആസൂത്രണ പ്രസ്ഥാനം)

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്
## ഭരണസമിതി അംഗങ്ങൾ



എസ്. ജൂലിയറ്റ്
(പ്രസിഡൻറ്)



അഡ്വ: ടി.എസ്. ഹാരിസ്
(വൈസ് പ്രസിഡൻറ്)



കെ.എസ്. സത്യശീലൻ
(സെക്രട്ടറി)



കെ. ബേബി
(സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ)



അൽസൻ ടൈറ്റസ്



ജോസഫ് പെരേര



ഡി. രാധാകൃഷ്ണൻ



എസ്. ഷാജിലാൽ



എൽ. ലത



അഡ്വ: ഹരിദാസ്



എ. അലിഹസ്സൻ
(എം.എൽ.എ)



പ്രൊഫ. കെ. അശോകൻ
(ജില്ലാ പഞ്ചായത്ത് അംഗം
ചെറുന്നിയൂർ ഡിവിഷൻ)



വി. ലീന
(ബ്ലോക്ക് പഞ്ചായത്ത് അംഗം
ചെറുന്നിയൂർ ഡിവിഷൻ)

## മുൻ പഞ്ചായത്ത് പ്രസിഡൻറുമാർ

തൊടിയിൽ
നടരാജൻ

എൻ. വാമദേവൻ



അഡ്വ: സത്യപാലൻ



ആർ. കെ നീലകണ്ഠൻ



അഡ്വ:ഗോപാലകൃഷ്ണൻ
നായർ



കെ. രഘുവരൻ



കെ.കെ. സഹദേവൻ



N
W
E
S
വടക്കേരിക്കോണം
നരിക്കല്ല്
തെറ്റിക്കുളം
I
II
III
IV
V
VI
VII
VIII
IX
ചെറുന്നിയൂർ
ശാസ്താംനട
പഞ്ചായത്ത് അതിർത്തി
വാർഡ് അതിർത്തി
റോഡുകൾ
റെയിൽവേ ലൈൻ
പൊതു സ്ഥാപനങ്ങൾ.

# പഠന പര്യടന പാത



# വികസന രേഖ

# 1997

## ഉള്ളടക്കം


I ആമുഖം

II സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം

III ഭൂപ്രകൃതിയും, വിഭവങ്ങളും

IV വികസനമേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗപരിപാലനം, മത്സ്യബന്ധനം
3. വിദ്യാഭ്യാസം
4. ആരോഗ്യം, കുടിവെള്ളം
5. വ്യവസായം, ടൂറിസം
6. ഗതാഗതം, ഊർജ്ജം.
7. സാമൂഹ്യക്ഷേമം, ഭവനനിർമ്മാണം
8. സംസ്കാരം
9. വനിത
10. സഹകരണമേഖല
11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
12. വിഭവ സമാഹരണം


**മുഖചിത്രം**
**ചെറുന്നിയൂർ പഞ്ചായത്തിൻെറ ഭൂപ്രകൃതി**

| കളർ | സൂചന |
|---|---|
| ഇളംപച്ച | സമതലം |
| കടുംപച്ച | വയൽ |
| ചുവപ്പ് | കുന്നിൻപ്രദേശം |
| നീല | തോടുകൾ, കായൽ |
| വയലറ്റ് | അതിർത്തി- പഞ്ചായത്തുകളും വർക്കല മുനിസിപ്പാലിറ്റിയും |

# ആമുഖം

## ജനകീയാസൂത്രണ പ്രസ്ഥാനം.

അധികാര വികേന്ദ്രീകരണം സാദ്ധ്യമാക്കുന്നതിനുവേണ്ടിയാണ് പഞ്ചായത്തീരാജ് അഥവാ മൂന്ന് തട്ടുകളുള്ള ജില്ലാ ഭരണസംവിധാനം ഉണ്ടായിരിക്കുന്നത്. അതിന്റെ പശ്ചാത്തലത്തിൽ ജനപങ്കാളിത്തത്തോടുകൂടി വികസന പദ്ധതികൾ ആസൂത്രണം ചെയ്യുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം മുഖേന ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ ആസൂത്രണ പ്രക്രിയയിൽ ഒരു പുതുയുഗത്തിനുതന്നെ തുടക്കമായി. താഴെതട്ടിൽ നിന്ന് ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ആസൂത്രണ പ്രക്രിയ സംസ്ഥാന ആസൂത്രണബോർഡും സംസ്ഥാന സർക്കാരും ചേർന്ന് നേതൃത്വം നൽകുന്ന ഈ പ്രസ്ഥാനം ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് തന്നെ വഴിയൊരുക്കുന്നു. ജനകീയ ആസൂത്രണത്തിന്റെ മുഴുവൻ ചുമതലയും മൂന്ന് തട്ടുകളിലുള്ള ജനപ്രതിനിധികൾക്ക് നൽകിയിരിക്കുകയാണ്. അവർ അതിൽ പൂർണ്ണ ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതുണ്ട്. എല്ലാ പ്രസ്ഥാനത്തിന്റേയും എന്നപോലെ ഇവിടേയും ത്യാഗമനോഭാവവും വൈകാരിക വ്യഗ്രതയുമാണ് അടിസ്ഥാനശിലകൾ ആകേണ്ടത്.

## ഇന്നത്തെ പ്രസക്തി

അധികാര വികേന്ദ്രീകരണത്തിലൂടെയും ജനപങ്കാളിത്തത്തിലൂടെയും പരിഹരിക്കേണ്ട മുഖ്യ പ്രശ്നങ്ങൾ.

1. കാർഷികാദി മേഖലകളിലെ ഉത്പാദനവും ഉത്പാദന ക്ഷമതയും ഉയർത്തുക.
2. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സേവനത്തുറകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുക.
3. വികസന പ്രക്രിയയെ കൂടുതൽ നീതിപൂർവകവും സ്ഥായിയുമാക്കുക.

## വികസനവും ആസൂത്രണവും

വികസനമെന്നാൽ സാമൂഹികവും സാമ്പത്തികവുമായ വളർച്ച. സാമൂഹിക വളർച്ച ജനതയുടെ ജീവിതനിലവാരത്തിലും സാംസ്കാരിക പ്രവണതകളിലും പ്രതിഫലിക്കുകയേയുള്ളു. എന്നാൽ സാമ്പത്തിക വളർച്ച പ്രകടമാണ്. വിഭവങ്ങളുടേയും, സേവനങ്ങളുടേയും ഒരു പ്രവാഹമാണ് സമ്പത്ത്. അവയുടെ അനുസ്യൂത പ്രവാഹം നിലനിർത്തുന്നതിനുള്ള സജ്ജീകരണങ്ങൾ അഥവാ സമ്പത്തിന്റെ ഉറവകൾ വിപുലമാക്കുകയാണ് വികസനത്തിനുള്ള സാദ്ധ്യത. മറ്റൊരുതരത്തിൽ പറഞ്ഞാൽ ഉത്പാദനഘടകങ്ങൾ കൂടുതൽ സൃഷ്ടിക്കുകയും ഉള്ളവയെ മെച്ചപ്പെടുത്തുകയും, അവ എല്ലാംതന്നെ സമർത്ഥമായി പ്രയോഗിക്കുകയും ചെയ്യണമെന്നർത്ഥം.

സാമ്പത്തിക ആസൂത്രണമെന്നാൽ വിഭവശേഷി ആവശ്യങ്ങൾക്ക് മുൻഗണനാക്രമം കൊടുത്ത് വിനിയോഗിക്കുന്ന പ്രക്രിയ. ആഹാരം, വസ്ത്രം, കിടപ്പാടം തുടങ്ങിയ ജീവിതാവശ്യങ്ങൾ നിരവധിയാണ്. അതേസമയം ലഭ്യമായ വിഭവശേഷി, ഭൂവിഭവങ്ങൾ, പ്രകൃതി വിഭവങ്ങൾ, മനുഷ്യപ്രയത്നം, പണം, സേവനങ്ങൾ തുടങ്ങിയവയ്ക്ക് എപ്പോഴും പരിമിതി അനുഭവപ്പെടും. അവിടെയാണ് ആസൂത്രണം ആവശ്യമായി വരുന്നത്.

## പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ.

1. ജനപങ്കാളിത്തത്തോടെ താഴേത്തട്ടിൽ നിന്ന് ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ അടങ്കൽ തുകയുടെ 35-40 ശതമാനം തുകയ്ക്ക് വരുന്ന വികസന പദ്ധതികൾ രൂപപ്പെടുത്തുക.
2. അധികാര വികേന്ദ്രീകരണം എല്ലാ അർത്ഥത്തിലും യാഥാർത്ഥ്യമാക്കുക.

## സമീപന രീതി

1. കക്ഷിരാഷ്ട്രിയത്തിന് അതീതമായി ബഹുജന സംഘടനകളേയും, ഉദ്യോഗസ്ഥന്മാരേയും വിദഗ്ധന്മാരേയും ഒരുമിച്ച് അണിനിരത്തുക.
2. പ്രാദേശിക വികസനപ്രശ്നങ്ങൾ സർക്കാരിന്റെ സഹായത്തോടെ, പ്രാദേശിക മുൻകൈയോടെ പരിഹരിക്കുവാനുള്ള പ്രവർത്തന പരിപാടിക്ക് രൂപം നല്കുക.
3. സർക്കാരിൽ നിന്ന് എന്തുകിട്ടുമെന്ന് മാത്രമല്ല നാടിന്റെ വികസനത്തിന് ഒത്തൊരുമിച്ച് എന്ത് ചെയ്യാം എന്നുകൂടി ചിന്തിക്കുന്ന സമീപന ശൈലി രൂപപ്പെടുത്തുക.

*ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ.*

### *ഒന്നാംഘട്ട ജില്ലാതല പരിശീലനം*

9.9.1996 മുതൽ 11.9.1996 വരെ ആറ്റിങ്ങൽ മുനിസിപ്പൽ ടൗൺഹാളിൽ നടന്ന ഒന്നാംഘട്ട ജില്ലാതല പരിശീലനത്തിന് ഈ പഞ്ചായത്തിൻെറ അഞ്ച് പ്രതിനിധികൾ സംബന്ധിച്ചു. 13.9.1996-ൽ ജില്ലാ പരിശീലകർ യോഗംചേർന്ന് ഒരു കൺവീനറെ തെരഞ്ഞെടുത്തു.

### *ഗ്രാമതല പരിശീലനം*

22.9.1996-ൽ ചെറുന്നിയൂർ ഗവഃഹൈസ്ക്കൂളിൽ വച്ച് ഗ്രാമതല പരിശീലകർക്ക് ഒന്നാംഘട്ട പരിശീലനം നൽകി. അതിൽ 106 പ്രവർത്തകർ പങ്കെടുത്തു. ഓരോ വാർഡിൽ നിന്ന് കുറഞ്ഞത് 5 പേർ എന്നാണ് തീരുമാനിച്ചത്. പ്രസ്തുത യോഗത്തിൽ വച്ച് ഓരോ വാർഡിലും വിശേഷാൽ ഗ്രാമസഭകളുടെ തീയതികൾ നിശ്ചയിച്ചു.ഗ്രാമസഭായോഗങ്ങൾ നടന്ന തീയതിയും പങ്കാളിത്തവും ചുവടെ ചേർക്കുന്നു.

| വാർഡ് | തീയതി | സ്ത്രീ | പുരുഷൻ | ആകെ |
|---|---|---|---|---|
| 1 | 30.9.96 | 53 | 66 | 119 |
| 2 | 2.10.96 | 30 | 71 | 101 |
| 3 | 2.10.96 | 37 | 81 | 118 |
| 4 | 28.9.96 | 33 | 78 | 111 |
| 5 | 1.10.96 | 59 | 83 | 142 |
| 6 | 28.9.96 | 51 | 44 | 95 |
| 7 | 1.10.96 | 27 | 79 | 106 |
| 8 | 30.9.96 | 130 | 71 | 201 |
| 9 | 30.9.96 | 35 | 85 | 120 |
| | ആകെ | 455 | 658 | 1,113 |

ഗ്രാമസഭായോഗങ്ങൾ നിശ്ചിത പരിപാടികൾ പ്രകാരം തന്നെ നടത്തിയിട്ടുണ്ട്. എല്ലാ യോഗങ്ങളിലും ജില്ലാതല പരിശീലകർ ഏൽപ്പിക്കപ്പെട്ട മുറയ്ക്ക് ക്ലാസ്സുകൾ നടത്തുകയും അവസാനം വരെ പങ്കെടുക്കുകയും ചെയ്തു. ഗ്രാമതല പരിശീലകർ ഓരോ വിഷയഗ്രൂപ്പിൻേറയും കൺവീനർമാരായി ഓരോ തെരഞ്ഞെടുക്കപ്പെട്ട അധ്യക്ഷൻെറ കീഴിൽ വിഷയങ്ങൾ ചർച്ചനടത്തി. (ചിലയിടങ്ങളിൽ സൗകര്യത്തിനായി ഒന്നിലധികം ഗ്രൂപ്പുകൾ ഒരുമിച്ചാണ് ചർച്ചകൾ നടത്തിയത്.) പല ഗ്രൂപ്പിലും ഉദ്ദേശിച്ച രീതിയിൽ പങ്കാളിത്തം ഉണ്ടായില്ലെങ്കിലും ഫലപ്രദമായ ചർച്ചകൾ തന്നെ നടന്നു. യോഗസമാപനത്തോടെ കൺവീനർമാർ ചർച്ചകൾ ക്രോഡീകരിച്ച് ഒന്നൊന്നായി അവതരിപ്പിച്ചു. ഓരോ ഗ്രൂപ്പിലും ഈരണ്ട് പ്രതിനിധികളെ വീതം വികസന സെമിനാറിലേയ്ക്ക് തെരഞ്ഞെടുത്തു.

### *രണ്ടാംഘട്ട ജില്ലാതല പരിശീലനം*

ആദ്യഘട്ട പരിശീലനത്തിൽ പങ്കെടുത്തിരുന്ന രണ്ടുപേരെ വ്യക്തിപരമായ അസൗകര്യംമൂലം രണ്ടാം ഘട്ട പരിശീലനത്തിൽ നിന്നൊഴിവാക്കി. പകരം, പ്രവർത്തന. സൗകര്യത്തിനായി നാലുപേരേ കൂടി ഉൾപ്പെടുത്തി. 29.10.96 മുതൽ 1.11.96 വരെ വർക്കല മുനിസിപ്പൽ ടൗൺ ഹാളിൽ വച്ചാണ് രണ്ടാംഘട്ട പരിശീലനം നടന്നത്.

പരിശീലനത്തിൻെറ സമാപന ദിവസം വികസന സെമിനാറിൻെറ മുന്നൊരുക്കങ്ങൾ പൂർത്തിയാക്കുന്ന തിനുവേണ്ടി ഓരോ, പരിശീലകനെ മേഖല തിരിച്ച് ചുമതല ഏൽപ്പിച്ചു. മുന്നൊരുക്കങ്ങൾ താഴെ പറയുന്നു.

1. ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണം
2. നടപ്പ് പദ്ധതികളുടെ അവലോകന റിപ്പോർട്ട് തയ്യാറാക്കൽ.
3. ദ്വിതീയ സ്ഥിതി വിവരക്കണക്ക് ശേഖരണം.
4. പഠന പര്യടനം
5. ചരിത്ര പഠനം.

### *പഞ്ചായത്ത് തല രണ്ടാംഘട്ട പരിശീലനം.*

9.11.96-ൽ ചെറുന്നിയൂർ ഗവഃഹൈസ്ക്കൂളിൽ വച്ചുനടന്നു. അതിൽ 95 പ്രവർത്തകർ സംബന്ധിച്ചു. (68 പുരുഷന്മാരും 27 സ്ത്രീകളും) തുടർന്ന് പ്രാദേശിക പരിശീലകരിൽ നിന്ന് സെമിനാറിൻെറ മുന്നൊരുക്കങ്ങൾ ക്കായി ഓരോ കമ്മിറ്റിയെ ഓരോ വിഷയ ഗ്രൂപ്പിലും തെരഞ്ഞെടുത്തു.

ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരണം 12.11.96 മുതൽ ആരംഭിച്ചു. പ്രാദേശിക പരിശീലകരുടെ സഹായത്തോടെ, ഗ്രാമസഭാ റിപ്പോർട്ടിലെ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളും നിർദ്ദേശങ്ങളും, അവയിൽ നിന്നും ഉരുത്തിരിഞ്ഞ പ്രശ്നങ്ങൾ, പ്രശ്നപരിഹാരത്തിനുള്ള സാദ്ധ്യതകൾ എന്നിവ രേഖപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് ക്രോഡീകരണം പൂർത്തിയാക്കി.

8-ാം പദ്ധതിക്കാലത്ത് പൂർത്തീകരിച്ചതും നടപ്പിലിരി ക്കുന്നതുമായ സ്കീമുകളുടെ സ്ഥിതി വിശകലനം ചെയ്യുന്നതിനായി വികസന വകുപ്പുകളിലെ ഉദ്യോഗ സ്ഥന്മാരുടെ യോഗങ്ങൾ മൂന്നുതവണ കൂടി. അതി

ലൂടെ ഓരോന്നിൻേറയും പ്രശ്നങ്ങൾ ഭാവി പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാദ്ധ്യത എന്നിവ കണ്ടെത്തി അവലോകന റിപ്പോർട്ട് തയ്യാറാക്കപ്പെട്ടു

11.11.96 മുതൽ ബന്ധപ്പെട്ട ജില്ലാതല പരിശീലകൻെറ നേതൃത്വത്തിൽ പ്രാദേശിക പരിശീലകർ ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ ഓഫീസിൽ തയ്യാറാക്കിയവ വാങ്ങിയും, നേരിട്ട് കിട്ടാവുന്നവ അങ്ങനെ ശേഖരിച്ചും തയ്യാറാക്കി. വില്ലേജാഫീസ്, ഐ.സി.ഡി.എസ്. പ്രോജക്ട് ഓഫീസുകൾ തുടങ്ങിയ ചില ഓഫീസുകളൊഴികെ, സഹായമഭ്യർത്ഥിച്ച മറ്റെല്ലാ ഓഫീസുകളിൽ നിന്നും വേണ്ടത്ര സഹായം തന്നെ ലഭിച്ചു. പിന്നെ, ആകെ കിട്ടിയ വിവരങ്ങൾ വച്ചുകൊണ്ട് വികസനറിപ്പോർട്ടിലേക്കുള്ള വിശകലന ക്കുറിപ്പുകൾ തയ്യാറാക്കി.

പഠനപര്യടനം രണ്ട് ദിവസങ്ങളിലായി നടന്നു. ആദ്യദിവസം (18.11.96) പഞ്ചായത്തിൻെറ വടക്കുഭാഗത്ത് പാലച്ചിറ സ്കൂളിനു സമീപത്തുനിന്നും ആരംഭിച്ച് തെക്ക് പണയിൽക്കടവിൽ അവസാനിച്ചു. രണ്ടാം ദിവസം (20.11.96) കിഴക്ക് പേരേറ്റിൽ നിന്ന് പടിഞ്ഞാറ് ദളവാപുരം വരെയും വീണ്ടും പുത്തൻകടവിൽ നിന്നും അയന്തിവരേയും നടന്നു. ഈ പരിപാടിയിൽ പഞ്ചായത്ത് അംഗങ്ങൾ ഉൾപ്പെടേയുള്ള പ്രവർത്തക രുടെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. പഠന പര്യടനത്തിൻെറ ഫലമായി ഭൂമിയുടെ കിടപ്പ്, മണ്ണിനങ്ങൾ, വിളക്രമം, ജല ലഭ്യത, മുഖ്യവിള, പരിസ്ഥിതി പ്രശ്നങ്ങൾ, ജനസാന്ദ്രത തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കുവാൻ കഴിഞ്ഞു.

ചരിത്ര പഠനം നടത്തുന്നതിനുവേണ്ടി സാമൂഹിക സാംസ്കാരിക ചരിത്ര പശ്ചാത്തലം വിലയിരുത്തി. ഇതിന് കാരണവ ചർച്ചകൾ, അച്ചടി മാധ്യമങ്ങളിൽ നിന്ന് കിട്ടിയ വിവരങ്ങൾ ഇവ പ്രയോജനപ്പെടുത്തി. ചരിത്ര പഠനം നടത്തുന്നതിനായുള്ള കമ്മിറ്റി പലവട്ടം ഒന്നിച്ചുകൂടി ചർച്ച നടത്തി പ്രാദേശിക ചരിത്രത്തിന് അവസാന രൂപം നല്കി.

പഞ്ചായത്ത് പ്രസിഡൻറ്, ജില്ലാതല പരിശീലകർ, പ്രാഥമിക, ദ്വിതീയ, ത്രിതീയ മേഖലകളിലെ ഓരോ പ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട ഗ്രൂപ്പ് ചർച്ചചെയ്ത് താഴെപ്പറയുന്ന കാര്യങ്ങളിൽ (25.11.96) തീരുമാന മെടുത്തു:-

(1) റിപ്പോർട്ടിൻെറ ഉള്ളടക്കം (2) സ്ഥിതിവിവര ക്കണക്കുകൾ എത്രമാത്രം ചേർക്കണം (3) ഗ്രാഫുകളും ചാർട്ടുകളും എവിടെയൊക്കെ ചേർക്കണം (4) പ്രധാന നിഗമനങ്ങൾ (5) ഓരോ വിഭാഗത്തിനും എത്രപേജ് വേണം.

1.12.96-ൽ പ്രാദേശിക പരിശീലകരുടെ യോഗം ചെറുന്നിയൂർ ഗവഃ ഹൈസ്കൂളിൽ കൂടി പ്രവർത്തന ങ്ങൾ അവലോകനം നടത്തി. അവിടെവച്ചുതന്നെ വികസന സെമിനാർ വിജയിപ്പിക്കുന്നതിനായി സ്വാഗത സംഘവും രൂപീകരിച്ചു.

ജില്ലാതല പരിശീലകരും ബന്ധപ്പെട്ടവരും ഒന്നിച്ചുചേർന്ന്, കരട് റിപ്പോർട്ടു ചർച്ചചെയ്ത് അവസാന രൂപം നല്കി, അംഗീകാരത്തിനായി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചു. 18.12.96-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി റിപ്പോർട്ട് അച്ചടിക്കാൻ തീരുമാനിച്ചു.

ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്ക് വഹിച്ചത് ജില്ലാതല പരിശീലകരായ സർവ്വശ്രീ പി.കെ. ഷൺമുഖദാസ് (കൺവീനർ), സുഗുണാനന്ദൻ, പി. കമലാസനൻ, എസ്. സുരേഷ് ബാബു, ടി.എസ്സ്. ഹാരിസ്, എസ്. സുരേഷ്, എസ്. ഷാജി എന്നിവരാണ്.

## പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| 1. പഞ്ചായത്തിൻെറ പേര് | : | ചെറുന്നിയൂർ ഗ്രാമ പഞ്ചായത്ത്. |
| 2. റവന്യൂ വില്ലേജ് | : | ചെറുന്നിയൂർ. |
| 3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | ചെറുന്നിയൂർ. |
| 4. ബ്ലോക്ക് പഞ്ചായത്ത് | : | വർക്കല. |
| 5. ജില്ല | : | തിരുവനന്തപുരം. |
| 6. അസംബ്ലി മണ്ഡലം | : | വർക്കല. |
| 7. ലോകസഭാ മണ്ഡലം | : | ചിറയിൻകീഴ്. |
| 8. വിസ്തീർണ്ണം | : | 10.75 ച. മൈൽ |
| 9. ജനസംഖ്യ | : | 19,225 |
| 10. വാർഡുകളുടെ എണ്ണം | : | 9 |
| 11. പ്രസിഡൻറ് | : | എസ്. ജൂലിയറ്റ് |
| 12. വൈസ് പ്രസിഡൻറ് | | അഡ്വഃ ടി.എസ്.ഹാരിസ് |

15.8.1953-ൽ പഞ്ചായത്ത് നിലവിൽ വന്നശേഷം ഭരണപരമായ അതിർത്തികളിൽ മാറ്റമുണ്ടായിട്ടില്ല.

***അതിർത്തികൾ***

വടക്ക് - വർക്കല മുനിസിപ്പാലിറ്റി ചെമ്മരുതി പഞ്ചായത്ത്.

കിഴക്ക് - ഒറ്റൂർ പഞ്ചായത്ത്
തെക്ക് - വക്കം പഞ്ചായത്ത്
പടിഞ്ഞാറ് - വെട്ടൂർ പഞ്ചായത്ത്

### ആദ്യത്തെ ഭരണസമിതി അംഗങ്ങൾ

1. എൻ. നടരാജൻ (പ്രസിഡൻറ്)
2. എച്ച്.എസ്. ഹമീദ് തങ്ങൾ
3. എം. നസ്രേത്ത് പെരേര
4. വി. പരമു
5. ജി. ബാലകൃഷ്ണൻ
6. കെ. ദിവാകരൻ വൈദ്യർ.
7. മധുസൂദനൻ

### പഞ്ചായത്തിലെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകൾ

| | |
|---|---|
| കൃഷി വകുപ്പ് | : കൃഷിഭവൻ, ചെറുന്നിയൂർ. |
| വൈദ്യുതി | : ഇലക്ട്രിക് സെഷൻ ഓഫീസ്, പാലച്ചിറ |
| സാമൂഹ്യവികസനം | : എൻ.ഇ.എസ്. ബ്ലോക്ക്,വർക്കല |
| മൃഗസംരക്ഷണം | : മൃഗാശുപത്രി, ചെറുന്നിയൂർ. |
| പോസ്റ്റ് ആൻറ് ടെലിഗ്രാഫ് | : പോസ്റ്റാഫീസ്, ചെറുന്നിയൂർ, വെന്നികോട്, പാലച്ചിറ. |
| സഹകരണമേഖല | : സർവ്വീസ് സഹകരണ ബാങ്ക്, ചെറുന്നിയൂർ. |
| | : ക്ഷീരവ്യവസായ സഹകരണ സംഘം, ചെറുന്നിയൂർ ക്ഷീര സഹകരണ സംഘം, വെന്നികോട്, നരിക്കല്ല് ക്ഷീരോല്പാദക സഹകരണസംഘം, പാലച്ചിറ. |
| വ്യവസായ സംഘങ്ങൾ | : ചെറുന്നിയൂർ കയർ സഹകരണസംഘം, വെന്നികോട് കയർ സഹകരണ സംഘം,താന്നിമൂട് കയർ സഹകരണ സംഘം. |
| ആതുര ശുശ്രൂഷ | : മിനി പി.എച്ച്.സെൻറർ, താന്നിമൂട് |

സ്കൂളുകൾ :
1. ഗവഃഹൈസ്കൂൾ, ചെറുന്നിയൂർ.
2. ഗവഃ എൽ.പി..എസ്. ചെറുന്നിയൂർ.
3. ഗവഃഎം.എൽ.പി.എസ്. പാലച്ചിറ.
4. കെ.ജി.ജി.എൽ.പി.എസ്. താന്നിമൂട്
5. എച്ച്.എച്ച്.ടി.എം.യു.പി.എസ്. പാലച്ചിറ
6. എസ്.എസ്.യു.പി.എസ്. മുടിയാക്കോട്.

### പഞ്ചായത്തിൽ നിലവിലുള്ള ജീവനക്കാർ

| | | |
|---|---|---|
| സെക്രട്ടറി | - | 1 |
| ഹെഡ്ക്ലാർക്ക് | - | 1 |
| യു.ഡി. ക്ലാർക്ക് | - | 1 |
| എൽ.ഡി.ക്ലാർക്ക് | - | 2 |
| പ്യൂൺ | - | 1 |
| മാർക്കറ്റ് സ്വീപ്പർ (Part-Time) | - | 1 |
| സ്വീപ്പർ (Daily Wages) | - | 1 |

### നിലവിലുള്ള ഗ്രാമപഞ്ചായത്ത് നിയോജക മണ്ഡലങ്ങളും, ജനപ്രതിനിധികളുടെ വിവരണവും.

| നിയോജക മണ്ഡലത്തിൻെറ പേര് | പ്രതിനിധീകരിക്കുന്ന അംഗം |
|---|---|
| 1. കാറാത്തല | കെ.ബേബി (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൻ) |
| 2. പാലച്ചിറ | അഡ്വഃ ടി.എസ്. ഹാരിസ് (വൈസ് പ്രസിഡൻറ്) |
| 3. മുടിയക്കോട് | അൽസൻ ടൈറ്റസ് |
| 4. താന്നിമൂട് | ജോസഫ് പെരേര |
| 5. ചെറുന്നിയൂർ | ഡി. രാധാകൃഷ്ണൻ |
| 6. അയന്തി | എസ്. ജൂലിയറ്റ് (പ്രസിഡൻറ്) |
| 7. ദളവാപുരം | എസ്. ഷാജിലാൽ |
| 8. കല്ലുമലക്കുന്ന് | എൽ. ലത |
| 9. വെന്നികോട് | അഡ്വഃ എസ്. ഹരിദാസ്. |

### നിലവിലുള്ള ഗ്രാമപഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി.

1. ശ്രീമതി കെ. ബേബി (ചെയർപ്പെഴ്സൺ)
2. അഡ്വഃ എസ്. ഹരിദാസ്
3. കുമാരി എൽ. ലത
4. ജോസഫ് പെരേര
5. എസ്. ജൂലിയറ്റ് (പ്രസിഡൻറ്)
6. അഡ്വഃ ടി.എസ്. ഹാരിസ് (വൈസ് പ്രസിഡൻറ്)

ഭാഗം 2

# സാമൂഹിക രാഷ്ട്രീയ ചരിത്ര പശ്ചാത്തലം

1954-ലാണ് ചെറുന്നിയൂർ പഞ്ചായത്ത് രൂപംകൊണ്ടത്. കേരളപിറവിക്കു മുമ്പ് തിരുകൊച്ചിയിൽ 1950-ൽ നിലവിൽ വന്ന, തിരുകൊച്ചി പഞ്ചായത്ത് നിയമത്തിലൂടെ നാട്ടുരാജ്യത്തിൻെറ ചിലയിടങ്ങളിൽ ആദ്യഘട്ടത്തിൽ പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടു. തുടർന്നു വന്ന ഘട്ടങ്ങളിൽ രൂപീകൃതമായ പഞ്ചായത്താണ് 'ചെറുന്നിയൂർ പഞ്ചായത്ത്'.

പഞ്ചായത്തിൻെറ ചരിത്രം പരിശോധിച്ചാൽ 42 വർഷങ്ങളിലെ ചരിത്രമേ നമുക്കുള്ളു. അതിനാൽ ഭൗതികമായി ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ ഒരു സംക്ഷിപ്ത ചരിത്ര പ്രസ്താവനയാണ് ചുവടെ വിവരിക്കുന്നത്.

## *പുരാതന ചരിത്രം.*

പതിനഞ്ചാം ശതകത്തിൻെറ ആദ്യത്തിൽ വേണാട് സ്വരൂപം രണ്ടായി പിരിഞ്ഞ് തൃപ്പാപ്പൂർ, ദേശിങ്ങനാട് എന്നീ രണ്ട് ശാഖകളായി തീർന്നു. തിരുവിതാംകോട് ആസ്ഥാനമായിരുന്ന തൃപ്പാപ്പൂർ സ്വരൂപമാണ് തിരുവിതാംകൂർ എന്നറിയപ്പെടുന്നത്. പ്രസ്തുത തൃപ്പാപ്പൂർ സ്വരൂപത്തിലെ ചില തമ്പുരാട്ടിമാർ ആറ്റിങ്ങലിൽ താമസിച്ചിരുന്നു. ഇവരെ ആറ്റിങ്ങൽ തായ്‌വഴി എന്നറിയപ്പെട്ടിരുന്നു. ആറ്റിങ്ങലും പരിസരപ്രദേശങ്ങളും ഈ തായ്‌വഴിയിൽപെടുത്തി ആറ്റിങ്ങൽ തമ്പുരാട്ടിമാർ ഭരിച്ചുപോന്നു. ഇത് ഒരു സ്വതന്ത്ര ഭരണ സമ്പ്രദായമായിരുന്നില്ല. തിരുവിതാംകൂർ രാജാവിൻെറ അനുവാദത്തോടെയും അംഗീകാരത്തോടെയും ആയിരുന്നു ഈ ഭരണക്രമം.

ആറ്റിങ്ങൽ തായ്‌വഴികൾ തങ്ങിയിരുന്ന കൊല്ലമ്പുഴ നിന്നും ഉദ്ദേശം 10 കി.മി. ചുറ്റളവിൽ വരുന്ന ചെറുന്നിയൂരും ഈ തായ്‌വഴിയുടെ ഭരണ നിയന്ത്രണത്തിൽപ്പെട്ട പ്രദേശമായിരുന്നു. ഈ പഞ്ചായത്ത് പ്രദേശത്തെ ഭൂമികളാകെ പണ്ടാരം വക എന്നും, പണ്ടാരപ്പാട്ടം എന്നും നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത് ശ്രദ്ധേയമാണ്.

ദേശിങ്ങനാടിൻെറ ആസ്ഥാനം കൊല്ലവും തിരുവിതാംകൂറിൻെറ ആസ്ഥാനം തിരുവിതാംകോടും ആയിരിക്കെ. വഴിപിരിഞ്ഞ സ്വരൂപങ്ങൾ തമ്മിൽ സമ്പർക്കത്തിലേർപ്പെടാൻ സൗകര്യപ്രദമായ ഗതാഗത സംവിധാനം അത്യാവശ്യമായി. ഈ ഗതാഗതത്തിൻെറ ചരിത്രത്തിലാണ് ചെറുന്നിയൂർ പ്രദേശം ശ്രദ്ധിക്കപ്പെടുന്നത്. 1877-ലും 1880-ലുമായി വർക്കല തോട്ടിൽ ഒന്നും രണ്ടും തുരങ്കങ്ങളുടെ പണി പൂർത്തിയായതോടെ തിരുവനന്തപുരം വരെ നീളുന്ന ഒരു ജലഗതാഗത മാർഗ്ഗം ഉണ്ടായി. എന്നാൽ ഈ തുരങ്കങ്ങൾ പൂർത്തിയാകും മുമ്പ്, കൊല്ലത്തുനിന്നും തോണിയിൽ ത്തന്നെ മുഴുവൻ ദൂരവും സഞ്ചരിക്കാൻ ആകുമായിരു ന്നില്ല. 'മയൂരസന്ദേശം 62, 63 പദ്യങ്ങളിൽ സൂചിപ്പിക്കും വിധം വർക്കല നിന്നും അടുത്ത ജലഗതാഗത കേന്ദ്രത്തിൽ ചെറിയൊരു ദൂരം കരമാർഗ്ഗം സഞ്ചരിച്ച് എത്തേണ്ടിയിരുന്നു.

*എല്ലാമീക്ഷിച്ചവിടെ വഴിയേ*
*തെല്ലുദൂരം പറന്നി-*
*ട്ടുല്ലാസത്തോടൊരു തരിനിയാൽ ചാടി-*
*നീ കൂടി എന്നാൽ*
*ഇല്ലായാസം ത്രിചതുര മണിക്കൂറിനു-*
*ള്ളിൽ സഖേലം*
*ചെല്ലാമെല്ലാവരുമറിയുമാ വേളിയാം*
*കായൽ തന്നിൽ.*

വർക്കലയുടെ പടിഞ്ഞാറുള്ള ചിലക്കൂർ ആയിരുന്നു ഇങ്ങനെ യാത്ര തുടരാൻ കഴിയുമായിരുന്ന ഒരു കേന്ദ്രം. രണ്ടാമതു കേന്ദ്രമാകട്ടെ ചെറുന്നിയൂർ പഞ്ചായത്തിൻെറ തെക്കുകിഴക്കായി സ്ഥിതി ചെയ്യുന്ന പുത്തൻകടവ് ആയിരുന്നു. കൊല്ലത്തുനിന്നും വർക്കലക്കുള്ള ജലഗതാഗതമാർഗ്ഗത്തിൽ സുപ്രധാനമായ ഒരു കേന്ദ്രമായിരുന്ന. നടയറ കടവിൽ നിന്നും, പുത്തൻകടവിലേക്ക് ഉദ്ദേശം 4 കി.മീ. നീളത്തിൽ അതിവിശാലമായ ഒരു റോഡ് നിലവിലുണ്ട്. വസ്തുതകൾ പരിശോധിച്ചാൽ ഈ റോഡിന് തീർച്ചയായും 1877നും പിറകോട്ട് 15-ാം ശതകത്തിൻെറ ആദ്യപകുതിയിലേയ്ക്ക് നീളുന്ന ഒരു ഭൂതകാലമുണ്ടായിരിക്കണം. കോഴിത്തോട്ടം കായലിൽ സ്ഥിതിചെയ്യുന്ന പുത്തൻകടവിൽ നിന്നും ജലമാർഗ്ഗം കഠിനംകുളം കായലിലേക്കും തുടർന്ന് തിരുവനന്തപുരം വരെയും സുഗമമായ ജലപാത അന്നുണ്ടായിരുന്നു.

രാജാക്കന്മാരുടെ യാത്രാവേളകളുമായി ബന്ധപ്പെടുത്തി ഈ പ്രദേശത്തിന് ചെറുന്നിയൂർ എന്ന് നാമം കൈവന്നു എന്ന് പരക്കെ പറയപ്പെടുന്നു. 'ചെറുനീർ' എന്നാൽ 'ഇളനീർ' എന്നും കേരസമൃദ്ധമായ ചെറുന്നിയൂരിൽ വച്ച് യാത്രാമദ്ധ്യേ തിരുമനസ് ഇളനീർ പാനം ചെയ്കയാൽ ചെറുനീരുള്ള ഊര് അഥവാ ചെറുന്നിയൂർ എന്ന പേര് ലഭിച്ചെന്നും വിശ്വസിക്കപ്പെടുന്നു. പാലച്ചിറമുതൽ പുത്തൻകടവു വരെ ചെറുന്നിയൂർ പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ഈ രാജപാതയിൽ തന്നെയാണ് 'ദളവാപുരം' എന്ന സ്ഥലവും നിലവിലുള്ളത്. 'മന്ത്രിയുടെ പട്ടണം' അഥവാ 'മന്ത്രി മന്ദിരം' എന്നർത്ഥം വരുന്ന ഈ സ്ഥലനാമം ഈ പഞ്ചായത്തിൻെറ ഗതകാല പ്രതാപങ്ങൾക്ക് സാക്ഷിയാണ്. സ്ഥലനാമത്തെ സംബന്ധിച്ച് ഭാഷാപരമായി വിശകലനം ചെയ്താൽ ചെറു, നീർ, ഊർ എന്നീ പദങ്ങളുടെ സമ്മേളനം കാണാൻ കഴിയും. നിരവധി ചെറുനീരുറവകളുടെ ഊരാണ് ഈ പ്രദേശം. കൊടും വേനലിൽപോലും വറ്റാത്ത നീരുറവകൾ ഇന്നും ഈ മണ്ണിൻെറ പ്രത്യേകതയാണ്. അങ്ങനെ ചെറു-നീർ-ഊർ എന്നത് കാലാന്തരത്തിൽ ചില ശബ്ദങ്ങൾ ലോപിച്ച് ഉച്ചാരണ ലാളിത്യം പ്രാപിച്ച് ചെറുനീരൂർ എന്നും ചെറുന്നിയൂർ എന്നും രൂപാന്തരീകരണം പ്രാപിച്ചതാണെന്നും വിശ്വസിക്കുന്നതിൽ ഭൗതികാടിത്തറയും ഭാഷാപരമായ ശാസ്ത്രീയതയും ഉണ്ട്.

പാശ്ചാത്യരുടെ മേൽക്കോയ്മ ഈ പ്രദേശത്തും വ്യാപരിച്ചിരുന്നു എന്നതിന് വെന്നികോടും പരിസര പ്രദേശവും സാക്ഷ്യപ്പെടുത്തുന്നു. അകത്തുമുറിക്കടവിൽ ഇപ്പോഴും 'Customs House' എന്ന് ശില്പചാരുതയോടെ മരത്തിൽ കൊത്തിവച്ച നാമഫലകവുമായി നിലകൊള്ളുന്ന വളരെ പഴക്കംചെന്ന ഓഫീസ് കെട്ടിടം നിലവിലുണ്ട്. അകത്തുമുറിക്കടവിൻെറ ഔദ്യോഗിക പ്രാധാന്യത്തിനു കൂടി ഇതു തെളിവാണ്. വെന്നികോട് നൂറു വർഷത്തിലധികം പഴക്കമുള്ള ഒരു ബംഗ്ലാവും കേടുപാടുകളോടെ ഇപ്പോഴും കാണപ്പെടുന്നു. ഈ കെട്ടിടത്തിൻെറ ഭിത്തികൾക്ക് രണ്ടര അടിയോളം ഘനം വരും. കേരളീയ വാസ്തുശില്പ മാതൃകയിൽ അതിവിശാലമായി തീർത്ത ഓലമേഞ്ഞ ഈ കെട്ടിടത്തിൽ ബെന്നി എന്ന ഒരു സായ്പ് താമസിച്ചിരുന്നുവെന്നും അദ്ദേഹത്തിന് ആധിപത്യം ഉണ്ടായിരുന്ന പ്രദേശം എന്ന അർത്ഥത്തിൽ ബെന്നിയുടെ കോട്, ബെന്നികോടെന്നും പില്ക്കാലത്ത് വെന്നികോട് എന്നും വിളിക്കപ്പെട്ടതാണെന്ന് കരുതപ്പെടുന്നു. (കോട് - കോട്ട, അഗ്രം, പാർശ്വം - അമര മലയാള നിഘണ്ടു).

ബ്രിട്ടീഷ് ആധിപത്യം നിലനിന്നിരുന്ന കാലത്ത് മിഷണറിമാരുടെ പ്രവർത്തന ഫലമായി ക്രിസ്തുമതം സ്വീകരിച്ച ജനവിഭാഗം മറ്റു കേരളീയ ഗ്രാമങ്ങളിലെ പോലെ ഈ പഞ്ചായത്തിലും കാണാൻ കഴിയും.

രാജഭരണകാലത്ത് ജന്മി-നാടുവാഴിത്തം ഈ ഗ്രാമത്തിലും നിലനിന്നിരുന്നതിന് തെളിവുകളായി പുതിയ തലമുറയുടെ ഓർമ്മയിൽ ചില തറവാടുകളുടെ പേരുകൾ ബാക്കിയുണ്ട്. ഗ്രാമനീതി നടപ്പിലാക്കിയിരുന്നത് അവിടങ്ങളിലെ കാരണവപ്രമാണിമാരുടെ പ്രജ്ഞയ്ക്ക് യോജിച്ച തരത്തിൽ മാത്രമായിരുന്നു എന്നത് പറഞ്ഞറിവുകളായി ഇന്നും അവശേഷിക്കുന്നു.

രാജഭരണവും പാശ്ചാത്യാധിപത്യവും മറ്റേതു കേരളീയ പഞ്ചായത്ത് പോലെ ചെറുന്നിയൂ രിൻെറയും ഭാഗധേയങ്ങൾ നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

## *പഞ്ചായത്താഫീസ് രൂപീകരണം*

1954-ൽ മുടിയക്കോട് മേക്കോണം അയന്തി, പാലച്ചിറ, വെന്നികോട്, അകത്തുമുറി, കാറാത്തല, ചെറുന്നിയൂർ എന്നീ പ്രദേശങ്ങൾ ഉൾപ്പെടുത്തി ചെറുന്നിയൂർ പഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. തുടർന്ന് ഒരു പഞ്ചായത്ത് ഭരണസമിതി നിലവിൽ വരികയും ശ്രീ. തൊടിയിൽ എൻ. നടരാജൻ ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. അന്നാളുകളിൽ പഞ്ചായത്ത് ഓഫീസർ എന്ന തസ്തിക നിലവിലില്ലായിരുന്നു. ഓഫീസറുടെ എക്സിക്യൂട്ടീവധികാരങ്ങൾ പ്രസിഡൻറിൽ നിക്ഷിപ്ത മായിരുന്നു. ഒരു പാർട്ട്ടൈം ക്ലാർക്കും ഒരു പാർട്ട്ടൈം ശിപായിയുമായിരുന്നു ഉദ്യോഗസ്ഥരായി ഉണ്ടായിരുന്നത്. ഏതാണ്ടൊരു വർഷം കഴിഞ്ഞപ്പോൾ ഓരോ മുഴുവൻ സമയ ക്ലാർക്കും ശിപായിയും നിയമിതരായി. 1956-ൽ ആണ് മുഴുവൻ സമയ പഞ്ചായത്ത് ഓഫീസർ എക്സിക്യൂട്ടീവ് അധികാരങ്ങളോടെ നിയമിതനാവുകയും മുഴുവൻ സമയ പഞ്ചായത്താഫീസ് പ്രവർത്തിച്ചു തുടങ്ങിയതും.

വാടകക്കെട്ടിടത്തിൽ നടന്നിരുന്ന പഞ്ചായത്തിന് സ്വന്തമായി മന്ദിരമുണ്ടായത് 1965-ലാണ്. 1956-ൽ നിന്നും 1996-ൽ എത്തിയപ്പോൾ പഞ്ചായത്തിൻെറ വാർഷിക വരുമാനം 4,000/-രൂപയിൽ നിന്നും 4,54000/- രൂപയിൽ എത്തുകയും പ്രതിവർഷ ശമ്പളചെലവ് (Establishment expence) 1200/-രൂപയിൽ നിന്നും 2,54345/- രൂപയായി തീരുകയും ചെയ്തു.

രണ്ട് പാർട്ട്ടൈം ജീവനക്കാരിൽ നിന്നും ഇന്ന് 7 ജീവനക്കാരുള്ള ഒരാഫീസാണ് പഞ്ചായത്തിനുള്ളത്. ചെറുന്നിയൂർ ജംഗ്ഷനിൽ ശ്രീ. ശ്രീധരൻ വക കെട്ടിടം, ചെമ്പകമന്ദിരത്തിൽ ശ്രീ. പുരുഷോത്തമൻ വക

കെട്ടിടം എന്നീ വാടകക്കെട്ടിടങ്ങളിലായാണ് പഞ്ചായ ത്താഫീസ് പ്രവർത്തിച്ചുപോന്നത്.

## ഗതാഗതം

മണികിലുക്കി 'കടപട' ശബ്ദത്തോടെ ചെമ്മൺ റോഡുകളിൽ കൂടി ഓടുന്ന കാളവണ്ടികളും, പ്രൗഡിയുടേയും ആഢ്യത്വത്തിൻേറയും പ്രതീകമായ വില്ലുവണ്ടിയുമായിരുന്നു ഉദ്ദേശം ഏഴു പതിറ്റാണ്ടു കൾക്കു മുമ്പ് ഈ പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങൾ. കായലിൻെറ സാന്നിദ്ധ്യംമൂലം വള്ളങ്ങൾ ഗതാഗതത്തിനുപയോഗിച്ചിരുന്നു എന്നത് പ്രത്യേകം പറയേണ്ടതില്ല.

വില്ലുവണ്ടി അഥവാ കാളവണ്ടി സ്വന്തമായുള്ള ഒന്നോ രണ്ടോ പൗരപ്രമുഖന്മാർ വണ്ടിക്കാരൻ എന്ന പേരിൽ അറിയപ്പെടുകപോലും ചെയ്തിരുന്നു. ഗ്രാമവാസികൾക്ക് രോഗാവസ്ഥയിൽ ആശുപത്രിയിൽ എത്താനും തുടങ്ങി ഒഴിച്ചുകൂടാനാവാത്ത അവസര ങ്ങളിലും മാത്രമേ ഈ വണ്ടികൾ ഉപയോഗിച്ചി രുന്നുള്ളു. അടിയിൽ വെളിച്ചത്തിനായി റാന്തലും കെട്ടി ത്തൂക്കി ഓടുന്ന കാളവണ്ടികൾ ഇന്ന് അപ്രത്യക്ഷമായി രിക്കുന്നു.

ഏറെക്കുറെ നാലു പതിറ്റാണ്ടു മാത്രമേ ആയിട്ടുള്ളു ലൈൻബസ്സ് ഈ പഞ്ചായത്ത് പ്രദേശത്തുകൂടെ ഓടി തുടങ്ങിയിട്ട്. റോളർ ലിവർ ഉപയോഗിച്ച് സ്റ്റാർട്ടുചെയ്ത് ഓടിതുടങ്ങുന്ന എസ്.കെ.വി. മോട്ടോഴ്സിൻെറ വർക്കല - ആറ്റിങ്ങൽ ലൈൻ ബസ്സാണ് ആദ്യമായി ഈ പഞ്ചായത്ത് പ്രദേശത്തുകൂടെ ഓടി തുടങ്ങിയ ബസ്സ്. ബസ്സുകൾ അകത്ത് തടിബഞ്ചുകൾ പിടിച്ചിട്ട് അതിന്മേ ൽ ഇരുന്നാണ് യാത്ര അക്കാലത്തെ യാത്ര. വെള്ളിയാഴ്ചക്കാവുപാലം 1958-ൽ പണിയുന്നതുവരെ പേരേറ്റിൽ വരെയായിരുന്നു സർവ്വീസ്. 1967 ലാണ് കെ.എസ്.ആർ.ടി.സിയുടെ ഒരു ബസ് ഈ പഞ്ചായത്തിൽ കൂടി ആദ്യമായി സർവ്വീസ് നടത്തയത്. പിൽക്കാലത്ത് ഇതുവഴിയുള്ള സർവ്വീസ് 5 എണ്ണമായി. ഇപ്പോൾ അതു രണ്ടുസർവ്വീസായി ചുരുങ്ങി.

സൈക്കിളുകൾ പഴയകാലത്ത് പ്രധാന വാഹനം ആയിരുന്നു. എന്നാൽ ജനത്തിൻെറ വാങ്ങൽശേഷി (Purchase capacity) വളരെ പരിമിതമായിരുന്നതിനാൽ വിരലിലെണ്ണാവുന്നവർക്ക് മാത്രമേ സൈക്കിൾ സ്വന്തമായി ഉണ്ടായിരുന്നുള്ളു. സൈക്കിൾ വാടകയ്ക്ക് കൊടുക്കൽ അക്കാലത്തെ ഒരു പ്രധാന ബിസിനസ്സ് ആയിരുന്നു. പിന്നീടാണ് പഞ്ചായത്തിൽ ഒന്നുരണ്ടു കാറുകൾ പ്രത്യക്ഷമായത്. ടാക്സി സർവ്വീസുകൾ നടത്തിയിരുന്ന കാറുകൾക്ക് അഞ്ചോ; ആറോ, പതിറ്റാണ്ടുകൾക്കകത്തുള്ള പ്രായമേ നമ്മുടെ പഞ്ചായത്തിനുള്ളൂ. കാറുകാരൻ പുരുഷനെന്നും, ശശി എന്നും, നാനൂറുമാമ എന്നും ഈ കാറുടമകളെ അറിയ പ്പെട്ടിരുന്നു. ടാക്സിക്കായല്ലാതെ സ്വന്തം ഉപയോഗത്തിന് കാർ ഉപയോഗിച്ചിരുന്ന പൗരപ്രമുഖർ വളരെ കുറവായിരുന്നു എന്നുതന്നെ പറയാം. പരേതനായ അഡ്വ: നീലകണ്ഠപിള്ളയുടെ വക Bug Type ഇറ്റാലിയൻ ഫീയറ്റ് മാത്രമായിരുന്നു അക്കാലത്തെ ഏക പ്രൈവറ്റ് കാർ എന്നു പറയാം. 40 കൊല്ലത്തിനു മുമ്പ് പുത്തൻകടവിൽ ശിവരാമൻ മുതലാളിയുടെ വക ലോറിയും ഇവിടെ ഉണ്ടായിരുന്നു.

ടൂവീലർ എന്നത് നാലുപതിറ്റാണ്ടുകൾക്കകത്തു മാത്രം അങ്ങിങ്ങു കണ്ടുതുടങ്ങിയ വാഹനമായിരുന്നു. ആട്ടോറിക്ഷയ്ക്ക് 15 വർഷത്തോളം പ്രായമേയുള്ളു. ഇതൊക്കെ പറയുമ്പോൾ ബ്രൂക്ക്ബോണ്ട് തേയിലയുടെ സെയിൽസ് വാഹനമായ കുതിരവണ്ടിയെപ്പറ്റി പറയാതിരിക്കാൻ കഴിയില്ല. അന്നത്തെ കുട്ടികൾക്ക് ഇതിൻെറ കാഴ്ച കൗതുകം പകർന്നിരുന്നു.

അറേബ്യൻ ഗൾഫ് നാടുകളിൽ തൊഴിൽ സാധ്യത കണ്ടതിനെ തുടർന്ന് ഏകദേശം മൂന്നു പതിറ്റാണ്ടുകൾ ക്കകത്ത് ഗതാഗതത്തിൽ ഒരു കുതിച്ചുകയറ്റം തന്നെയുണ്ടായി. ഇപ്പോഴും ആ വളർച്ചാനിരക്ക് പിന്നോട്ട് പോയിട്ടില്ല.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ ബസ്സുടമകളുണ്ട്, നിരവധി കാറുടമകളുണ്ട്, ലോറി, ടെമ്പോ, ഓട്ടോറിക്ഷകൾ, ടൂവീലറുകൾ എന്നിവ ധാരാളമായി ഉണ്ട്. കാളവണ്ടി കാണാനില്ല. സൈക്കിൾ എന്നത് കുട്ടികളുടെ വാഹനമായി തീർന്നിരിക്കുന്നു.

## റോഡ്.

അഞ്ചുപതിറ്റാണ്ടുകൾക്കപ്പുറം കല്ലമ്പലം വർക്കല റോഡിൻെറ ഭാഗമായി പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിലൂടെ കടന്നുപോയിരുന്ന ടാർ റോഡല്ലാതെ മറ്റൊന്ന് പഞ്ചായത്തിലില്ലായിരുന്നു. മണ്ണുറോഡുകളും നടപ്പാതകളായ ഇടവഴികളുമായിരുന്നു യാത്രാ വശ്യങ്ങൾ നിറവേറ്റിയിരുന്നത്. പാലച്ചിറ പുത്തൻകടവു റോഡും അതുമായിച്ചേർന്ന് ആറ്റിങ്ങൽ റോഡുമായി രുന്നു പഞ്ചായത്തിനകത്തുള്ള പ്രധാന റോഡുകൾ. ഈ മേഖലയിൽ 50 വർഷംകൊണ്ട് വളരെയേറെ വികസനങ്ങൾ നടന്നിട്ടുണ്ട്. ഇവയിൽ സിംഹഭാഗവും ജനപങ്കാളിത്തത്തോടെ നടന്നിട്ടുള്ള കൂട്ടായ്മയുടെ ഉദാഹരണങ്ങളാണ്.

*(a) ചെറുന്നിയൂർ കട്ടിംഗ് റോഡ്.*

1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കേരളത്തിൽ നിലവിൽ വന്നപ്പോൾ വർക്കല എം.എൽ.എയും പൊതുമരാമത്തു മന്ത്രിയുമായിരുന്ന

ശ്രീ. റ്റി.എ. മജീദ് കയർതൊഴിലാളി റിലീഫ് വർക്കിൽ പെടുത്തി തുഛമായ ഒരു തുക ലഭിച്ചത് ഈ റോഡു നിർമ്മാണത്തിന് ഉപയോഗിച്ചു. എന്നാൽ ഈ തുക അപര്യാപ്തമായതുകൊണ്ട് റോഡുനിർമ്മാണം 50ശതമാനം പോലും കഴിക്കാനാവാതെ വരികയും ഉത്പതിഷ്ണു ക്കളായ തദ്ദേശവാസികൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ സംഘടിച്ച് മനുഷ്യശേഷിയും പ്രാദേശിക പണപ്പിരിവുകളും നടത്തിയാണ് ഈ റോഡ് വെട്ടിയത്. ഈ പരിപാടിയിലേയ്ക്ക് ജാമ്യമോ, പലിശയോ കൂടാതെ പണം കടംകൊടുക്കാനും പരേതനായ ശ്രീ. കൊച്ചുരാഘവൻ പിള്ളയെപോലു ള്ളവർ തയ്യാറായി. എന്നിട്ടും പോരാതെ വന്നപ്പോൾ സന്മനസ്സുള്ള പലരും ബാക്കി തുക ത്യജിക്കുവാൻ പോലും തയ്യാറായിട്ടുള്ളതും ശ്രദ്ധേയമാണ്.

## (b) അമ്പിളിച്ചന്ത വെള്ളിയാഴ്ചക്കാവ് റോഡ്.

1968 കാലഘട്ടത്തിൽ ജനങ്ങളുടെ പൂർണ്ണ പിന്തുണ യോടെ, അന്നത്തെ ഇടതുപക്ഷഗവൺമെൻറിലെ പൊതുമരാമത്തു മന്ത്രി ടി.കെ. ദിവാകരൻ കയർ തൊഴിലാളി റിലീഫ് വർക്കിൽപെടുത്തി അനുവദിച്ച ചെറിയ തുക കൂടി ഈ റോഡിൻെറ നിർമ്മാണത്തിനുപയോഗിച്ചു.. നിർമ്മാണവേളയിൽ മണ്ണിടിഞ്ഞുവീണ് ഈ രണ്ടു തൊഴിലാളികൾ രാമനും, ലക്ഷ്മിയും മരണപ്പെട്ടത്, നാട്ടിലാകെ മ്ലാനത പരത്തിയെങ്കിലും ചെറുന്നിയൂരിലെ പ്രബുദ്ധരായ ജനത റോഡ് എന്ന സ്വപ്നം സഫലമാക്കി.

## (c) കട്ടിംഗ് - വെന്നിക്കോട് റോഡ്.

പൂർണ്ണമായും ജനപങ്കാളിത്തത്തോടെ സർക്കാർ സഹായമില്ലാതെ 1973-ൽ നിർമ്മിച്ചതാണ് ഈ റോഡ്. ഓരോ സാംസ്കാരിക സംഘടനയും അവരവരുടെ പങ്ക് വാഗ്ദാനങ്ങളെ അധികരിക്കും വിധം ഉറപ്പാക്കി യുദ്ധകാലാടിസ്ഥാനത്തിലെന്നപോലെയാണ് ഈ റോഡ് പൂർത്തീകരിച്ചത്. ബാപ്പുജി മെമ്മോറിയൽ ലൈബ്രറി - റെഡ്സ്റ്റാർ ലൈബ്രറി എന്നിവയുടെ ചുറുചുറുക്കുള്ള യുവാക്കൾ സ്വന്തം വീടുകളിൽ നിന്ന് മൺവെട്ടിയും കുന്താലിയും കുട്ടയുമായി എത്തിച്ചേർന്ന് ഈ റോഡിന് ജീവൻ നല്കിയത് അഭിമാനപൂർവ്വം സൂരിക്കാൻ ഇന്നാട്ടുകാർക്ക് അവകാശമുണ്ട്. ചെറുന്നിയൂർ - കാറാത്തല, വടശ്ശേരിക്കോണം - കാഞ്ഞിരംവിള, അമ്പിളിച്ചന്ത - എലിയൻ വിളാകം, കാറാത്തല, നെല്ലേറ്റിൽ, ദളവാപുരം - ചെറുന്നിയൂർ ഏലാ, ഡീസൻറുമുക്ക്, അമ്പിളിച്ചന്ത തുടങ്ങി നിരവധി റോഡുകൾ പ്രബുദ്ധരായ ചെറുന്നിയൂർ ജനതയുടെ കൂട്ടായ്മയ്ക്ക് ഉദാഹരണങ്ങളാണ്.

# വിദ്യാഭ്യാസം

ചെറുന്നിയൂർ ഗ്രാമവാസികൾ ഏഴ് പതിറ്റാണ്ടു കൾക്കു മുൻപ് നെടുങ്ങണ്ട സ്കൂൾ ശിവഗിരി സ്കൂൾ എന്നിവയാണ് പാഠശാലകൾ ആക്കിയിരുന്നത്. വിദ്യാഭ്യാസം വരേണ്യവർഗ്ഗത്തിൻേറത് മാത്രമായി ഉദ്ദേശിച്ചിരുന്ന അക്കാലങ്ങളിൽ നിന്ന് എല്ലാവർക്കും വിദ്യാഭ്യാസമെന്ന ഇന്നത്തെ അവസ്ഥയിൽ എത്തിച്ചേർ ന്നതിൻെറ നാഴികക്കല്ലുകൾ നമ്മുടെ പഞ്ചായത്തിലും ലഭ്യമാണ്.

## (a) ഗവഃ എൽ.പി.എസ്സ്. ചെറുന്നിയൂർ.

1927-ൽ ദീർഘദർശിയും ഉല്പതിഷ്ണുവുമായ പരേതനായ കടത്തൂർ നീലകണ്ഠപിള്ള ശങ്കരവിലാസം പ്രൈമറി സ്കൂൾ എന്ന ഒരു മാനേജ്മെൻറ് സ്കൂൾ ചെറുന്നിയൂർ ചാക്കപ്പൊയ്കയിൽ ആരംഭിച്ചു. ഗോവിന്ദപ്പിള്ള, ജാനകി, ഗൗരി അമ്മ എന്നീ മൂന്നദ്ധ്യാപകരും ഗോപാലപിള്ള എന്ന പ്രധാന അദ്ധ്യാ പകനും ഉൾപ്പെടെ നാലദ്ധ്യാപകർ മാത്രമാണ് അന്നുണ്ടായിരുന്നത്. ഇതാണ് പഞ്ചായത്തിലെ പ്രഥമ വിദ്യാഭ്യാസ കേന്ദ്രം. ഈ സ്കൂളിൻെറ സാന്നിദ്ധ്യം ചെറുന്നിയൂർ പഞ്ചായത്തിൻെറ മൊത്തത്തിലുള്ള സാമൂഹ്യപുരോഗതിയ്ക്ക് അടിസ്ഥാനമായി എന്നുപറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. അധഃസ്ഥിതരായ ജനവിഭാഗങ്ങൾ ഈ സ്കൂൾ ഉപയോഗപ്പെടുത്തിയതിനാൽ വളരെ അധികം പുരോഗതി കൈവരിയ്ക്കുകയുണ്ടായി. 1947-ൽ ഈ സ്കൂൾ സർക്കാരിലേയ്ക്ക് വിട്ടുകൊടുക്കുകയും ഗവഃ എൽ.പി.എസ് ചെറുന്നിയൂർ എന്നായിത്തീരുകയും ചെയ്തു.

## (b) ഗവഃ മുസ്ലീം എൽ.പി.എസ്സ്, പാലച്ചിറ.

പഞ്ചായത്തിൽ രണ്ടാമതുണ്ടായ വിദ്യാഭ്യാസ സ്ഥാപനം ആണ് എം.എൽ.പി.എസ്. പാലച്ചിറ. പാലച്ചിറ മുസ്ലീം പള്ളിയുടെ നേതൃത്വം ഉണ്ടായിരുന്ന പരേതരായ പ്ലാവിള മൈതീൻ പുത്തൻവിളയിൽ മീരാസായു തുടങ്ങിയവരുടെ നേതൃത്വത്തിൽ ആരംഭിച്ച ഒരു മാനേജ്മെൻറ് സ്കൂൾ ആയിരുന്നു ഇത്. ആദ്യത്തെ സ്കൂൾ മാനേജർ ശ്രീ. പി.എൻ. അലിയാരുകുഞ്ഞായിരുന്നു. ഔപചാരിക വിദ്യാഭ്യാ സത്തോട് മമത പുലർത്താൻ മടിക്കുന്ന മതവിശ്വാ സികൾക്ക് പ്രത്യേകിച്ചും സ്ത്രീകൾക്ക് ഈ സ്കൂൾ വിദ്യാഭ്യാസത്തിനോട് അഭിനിവേശം പുലർത്താൻ സഹായിച്ചിട്ടുണ്ട് എന്നു പറഞ്ഞാൽ അതിശയോ ക്തിയില്ല. ഈ സ്കൂളിൻെറ സാന്നിദ്ധ്യം ഈ

മേഖലയിലെ ജനങ്ങൾക്ക് ഉയർന്ന ബൗദ്ധിക നിലവാരവും സാമൂഹ്യ ബോധവും നല്കുവാൻ ഉപകരിച്ചു എന്നതിന്റെ തെളിവുകൾ നിരവധിയുണ്ട്. പിൽക്കാലത്ത് ഈ പള്ളിക്കൂടവും സർക്കാരിലേക്ക് വിട്ടുകൊടുത്തു.

## (c) സെന്റ് സെബാസ്റ്റ്യൻസ് യു.പി. എസ്സ്. മുടിയക്കോട്.

അപ്പർ പ്രൈമറി വിഭാഗത്തിലെ പഞ്ചായത്തിലെ ആദ്യത്തെ സ്കൂളാണ് ചർച്ച് ഓഫ് സൗത്ത് ഇന്ത്യയിലെ ദക്ഷിണകേരള ഇടവകയിലെ മാനേജ്മെന്റിൽ ആരംഭിച്ച എസ്.എസ്.യു.പി.എസ്, മുടിയക്കോട് പ്രൈമറി തലംകഴിഞ്ഞും തുടർ വിദ്യാഭ്യാസം നടത്താൻ പ്രേരക ഘടകമായി നിന്നത് ഈ സ്കൂളിന്റെ സാന്നിദ്ധ്യം ആണെന്നുള്ളത് നിർണ്ണായകമായ വസ്തുതയാണ്. ഈ സ്കൂളിൽ പഠനം പൂർത്തിയാക്കി വർക്കല, ശിവഗിരി ഹൈസ്കൂളുകളിൽ എത്തുന്ന കുട്ടുകളെ മുൻകാല ങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിരുന്നത് എടുത്തു പറയേണ്ടതാണ്.

## (d) ഹബീബ് തങ്ങൾ മെമ്മോറിയൽ എൽ.പി.യു.പി. എസ്സ് പാലച്ചിറ.

വിഖ്യാത മതപണ്ഡിതനും ദൈവജ്ഞനുമായിരുന്ന ഹബീബ് തങ്ങളുടെ മെമ്മോറിയലായി അദ്ദേഹത്തിന്റെ മകൻ ശ്രീ. എച്ച്.എസ്. തങ്ങൾ പാലച്ചിറയിലാരംഭിച്ച എൽ.പി.യു.പി.എസ് ആണ് പഞ്ചായത്തിൽ പിന്നീട് രൂപീകരിക്കപ്പെട്ട സ്കൂൾ. ഈ സ്കൂളും പിന്നീട് നമ്മുടെ വിദ്യാഭ്യാസ പുരോഗതിയ്ക്ക് കാരണമായി എന്ന് എടുത്തുപറയേണ്ടതുണ്ട്.

## (e) ഗവഃ എച്ച്.എസ്സ്. ചെറുന്നിയൂർ.

പഞ്ചായത്തിന്റെ മഹത് സ്വപ്നങ്ങളിൽ പ്രധാനമായ ചെറുന്നിയൂർ ഹൈസ്കൂൾ സ്ഥാപിതമായത് 1976- ജൂൺ ഒന്നാം തീയതിയാണ്. സ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ. ഇസ്മായിൽ പിള്ളയായിരുന്നു. ഈ സംരഭത്തിന്റെ പിന്നിലെ ആത്മാർത്ഥതയും അർപ്പണബോധവും അക്ഷീണപരിശ്രമവും ഓർത്താൽ ചെറുന്നിയൂരിലെ ഓരോ പൗരനും അഭിമാനിക്കാൻ വകയുണ്ട്. സർക്കാരിൽ നിന്ന് ഹൈസ്കൂൾ അനുവദിച്ച് കിട്ടുന്നതിനായി പരേതനായ ശ്രീ. സി.കെ. ബാലകൃഷ്ണന്റെ (എക്സ്. എം.എൽ.എ) നിതാന്ത പരിശ്രമം പ്രശംസനീയമാണ്. വ്യവസ്ഥ അനുസരിച്ച് രണ്ടേക്കർ 15 സെന്റ് ഭൂമിയും എൽ.പി.എസിനുവേണ്ടി സ്കൂൾ കെട്ടിടവും നിർമ്മിച്ച് നൽകേണ്ടത് സ്പോൺസ റിംഗ് കമ്മിറ്റിയുടെ ചുമതലയായിരുന്നു. എൽ.പി.എസ്. നടന്നിരുന്ന ഇരുനില സർക്കാർ കെട്ടിടം ഹൈസ്കൂളിന് വേണ്ടി വിട്ടുകിട്ടുവാനായിരുന്നു ഈ വ്യവസ്ഥ. രണ്ടേക്കർ ഭൂമി കളിസ്ഥലം എന്ന നിലയ്ക്കായിരുന്നു.

വ്യവസ്ഥകൾ ഫലപ്രദമായി പാലിക്കുവാൻ ഉദ്ദേശിച്ച് ബഹുജനങ്ങളുടേതായ ഒരു വിശാല ഐക്യവേദി രൂപീകരിച്ചു. അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. രഘുവരൻ ആയിരുന്നു. അദ്ദേഹം ഉൾപ്പെട്ട ഒരു സ്പോൺസറിംഗ് കമ്മിറ്റി രൂപീകരിക്കപ്പെട്ടു. കമ്മിറ്റിയുടെ കൺവീനറായി ശ്രീകണ്ഠൻ നായർ തെരഞ്ഞെടുക്കപ്പെട്ടു. നാടുനീളെ മുഴുവൻ ഗൃഹങ്ങളും സന്ദർശിച്ച് സാമ്പത്തിക സഹായം അഭ്യർത്ഥിച്ചു. വിദേശങ്ങളിൽ നിന്നുൾപ്പെടെ സാമ്പത്തിക സഹായം ഉണ്ടായി. ഗൾഫുകാരായ നാട്ടുകാരുടെ അകമഴിഞ്ഞ പിന്തുണയുണ്ടായി. ചാക്കും, ഏണിയും, തേങ്ങയിടീ ലുകാരനുമായി വീടുവീടാന്തരം കയറി ഉല്പന്നപ്പിരിവ് നടത്തി. യഥാശക്തി മഹാബലം എന്ന ആപ്തവാക്യം അന്വർത്ഥമാകും വിധം നാട്ടുകാരുടെ നിസ്സീമമായ സഹകരണമുണ്ടായി. ഒന്നര ലക്ഷത്തോളം രൂപയുടെ പിരിവ് ലഭിച്ചു. എൽ.പി.എസ്. കെട്ടിടം പണി പൂർത്തിയാക്കി ഫർണിച്ചറുമുണ്ടാക്കി. എന്നാൽ വാങ്ങി നല്കേണ്ട ഭൂമിയ്ക്കുള്ള വകയുണ്ടായില്ല. എന്നാൽ ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ വ്യവസ്ഥ പാലിച്ചുകൊള്ളാമെന്ന് ഒരു സത്യവാങ്മൂലം സ്പോൺസ റിംഗ് കമ്മിറ്റിക്കുവേണ്ടി സമർപ്പിക്കപ്പെട്ടു. ഈ സത്യവാങ്മൂലത്തിന്റെ ബലത്തിൽ ഇന്നും നടക്കുന്ന ഈ ഹൈസ്കൂളിന്റെ ഭൂമി എന്ന വെല്ലുവിളി ഇന്നത്തെ തലമുറ ഏറ്റെടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## (f) കെ.ജി.ജി.എൽ.പി.എസ്സ്. താന്നിമൂട്.

ഈ സ്കൂളിനുവേണ്ടി പരേതനായ ശ്രീ കല്ലുവിളയിൽ ഗോവിന്ദൻ മുതലാളി 100 സെന്റ് ഭൂമി സൗജന്യമായി നൽകി. പ്രൈമറി വിദ്യാഭ്യാസത്തിന് പോലും ഉദ്ദേശം രണ്ട് കി.മീ. അധികം നടക്കേ ണ്ടിയിരുന്ന താന്നിമൂട്ടിലും പരിസരപ്രദേശങ്ങളിലുമുള്ള കുട്ടികൾക്ക് ഈ സ്കൂൾ ഒരനുഗ്രഹമായി. ഭൂമിയുടെ ഉടമയാകുന്നതിനേക്കാൾ മഹനീയമാണ് ഒരു സരസ്വതീ ക്ഷേത്രത്തിന്റെ ദാതാവാകുന്നത് എന്ന മഹനീയ സത്യം എത്രയെത്ര മഹാരഥന്മാരാണ് സ്വജീവിതത്തിലൂടെ തെളിയിച്ചിരിക്കുന്നത്. വിദ്യാഭ്യാസ ത്തിന്റെ മേഖലയിൽ ഈ പഞ്ചായത്തിന്റെ ട്യൂട്ടോറിയൽ കോളേജുകളെക്കുറിച്ചും പള്ളിക്കൂടം അദ്ധ്യാപക രെക്കുറിച്ചും പരാമർശിക്കേണ്ടിയിരിക്കുന്നു. പള്ളിക്കുന്നിൽ പാച്ചൻപിള്ള സാറും, നിരാല ഹിന്ദി വിദ്യാലയവും, റെഡ്സ്റ്റാറിന്റെ സൗജന്യട്യൂഷൻ സെന്ററും, ദളവാപുരത്തെ പ്രിയദർശിനി ഹിന്ദി ഇൻസ്റ്റിറ്റ്യൂട്ടും, തരംഗവും, മഹാരാജാസും, ഫ്രണ്ട്സു മൊക്കെ കഴിഞ്ഞ

കാലങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ തെളിഞ്ഞ് കാണുന്ന വിഷയങ്ങളാണ്.

സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഈ ഗ്രാമപഞ്ചായത്തതിർത്തിയിൽ ഇല്ല എന്നത് ഒരു കുറവായി അവശേഷിക്കുന്നു.

# ഭരണം

പഞ്ചായത്തിൻെറ രൂപീകരണത്തിന് മുൻപ് വില്ലേജുകളുടെ ഭരണം നടത്തിയിരുന്നത് പ്രധാനമായും വില്ലേജധികാരികൾ ആയിരുന്നു. ഇപ്പോഴത്തെ വില്ലേജാഫീസർക്ക് തുല്യമാണ് എങ്കിലും മുൻകാലങ്ങളിൽ ഈ ഉദ്യോഗസ്ഥർക്ക് പ്രബലമായ സ്വാധീനം ഭരണകാര്യങ്ങളിൽ ഉണ്ടായിരുന്നു. അധികാരിയുടെ ആസ്ഥാനത്തിന് ചാവടി എന്നായിരുന്നു പേര്. ചെറുന്നിയൂരിൽ ചാവടി ആദ്യമായി ആരംഭിച്ചത് ഒരു സ്വകാര്യ വ്യക്തിയുടെ വീട്ടിലായിരുന്നു. ഈ വീട്ടിന് ചാവടി പുത്തൻവീട് എന്ന പേരും ലഭിക്കുകയുണ്ടായി. ആയതിനുശേഷം ചെറുന്നിയൂർ ജംഗ്ഷനിലുള്ള അഡ്വഃ നീലകണ്ഠപ്പിള്ള യുടെ കെട്ടിടത്തിലേക്ക് മാറ്റപ്പെട്ടു. ഏകദേശം നാലു പതിറ്റാണ്ടുകൾക്കുമുമ്പ് വരെ അവിടെ പ്രവർത്തനം തുടർന്നു എങ്കിലും ചെറുന്നിയൂരിന് ഒരു പ്രത്യേക വില്ലേ ജാഫീസിൻെറ ആവശ്യമില്ലെന്ന് അന്നത്തെ വില്ലേജധി കാരി റിപ്പോർട്ട് സമർപ്പിച്ചതിൻെറ അടിസ്ഥാനത്തിൽ നമ്മുടെ വില്ലേജ് ആഫീസ് വെട്ടൂർ വില്ലേജാഫീസുമായി കൂട്ടിയോജിപ്പിച്ച് വെട്ടൂർ - ചെറുന്നിയൂർ വില്ലേജ് എന്നാക്കി മാറ്റി.

കാലക്രമേണ വില്ലേജാഫീസിൻെറ പ്രമാണിത്തം നഷ്ടപ്പെടുകയും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ ഭരണ സാരഥ്യം ഏറ്റെടുക്കുകയും ചെയ്തു.

രൂപീകൃതമായ കാലംമുതൽ നാളിതുവരെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മാത്രമേ പഞ്ചായത്തിൽ ഭരണസാരഥ്യം വഹിച്ചിട്ടുള്ളു. എല്ലാക്കാലത്തും പ്രതിപക്ഷമായി കോൺഗ്രസ്സ് നയിക്കുന്ന മുന്നണികൾ ഉണ്ടായിട്ടുണ്ട്. അവിഭക്ത കമ്മ്യൂണിസ്റ്റുപാർട്ടിയും വലത് ഇടത് കമ്മ്യൂണിസ്റ്റു പാർട്ടികളുമാണ് ഭരണം നടത്തിയിട്ടുള്ളത്.

ഓരോ പ്രസിഡൻറുമാർക്കും ചുമതലയുണ്ടായിരുന്ന കാലഘട്ടം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊടിയിൽ നടരാജൻ<br>എൻ. വാമദേവൻ<br>അഡ്വഃ സത്യപാലൻ | } 1954 വരെയുള്ള ചുരുങ്ങിയ കാലയളവുകൾ |
| ആർ.കെ. നീലകണ്ഠൻ | -1954 - 63 |
| അഡ്വഃ ഗോപാലകൃഷ്ണൻ നായർ | - 1963-71 |
| കെ. രഘുവരൻ | - 1971-73 |
| ആർ.കെ. നീലകണ്ഠൻ | - 1973-78 |
| കെ.കെ. സഹദേവൻ | - 1979-95 |
| എസ്. ജൂലിയറ്റ് | - 1995- |

# സംസ്കാരം

സമ്പന്നമായ ഒരു സാംസ്കാരിക ചരിത്രം ചെറുന്നിയൂരിനുണ്ട്. ദേശീയ സമരപ്രസ്ഥാനത്തിൻെറ അലയൊലികളും കമ്മ്യൂണിസ്റ്റു പ്രസ്ഥാനങ്ങളുയർത്തിയ പുത്തൻ സംസ്കാരവും ജാതിമതാനാചാരങ്ങൾക്കെതിരെയുണ്ടായ ആശയവിപ്ലവങ്ങളും ട്രേഡ് യൂണിയനിസവും സംഘടിതശക്തിയുടെ ആവേശവും കാലാകാലങ്ങളിൽ ഈ ഗ്രാമത്തിൻെറ ജനജീവിതത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ട്.

ഖാദി സംസ്കാരവും ലളിത ജീവിത മൂല്യങ്ങളും രാജ്യമെമ്പാടും വളർന്നുവന്ന സ്വാതന്ത്ര്യകാലഘട്ടങ്ങളിൽ അത്തരം മാതൃകാ ജീവിതം തെരഞ്ഞെടുക്കുകയും മരിക്കുവോളം തുടരുകയും ചെയ്ത വൈരവൻ ചെട്ടിയാരെ ഇവിടത്തെ ജനം സ്നേഹപൂർവ്വം കോൺഗ്രസ്സ് ചെട്ടിയാർ എന്നു വിളിച്ചിരുന്നു. സിംഗപ്പൂരിലും മറ്റും വറുതിയുടെ കാലങ്ങളിൽ തൊഴിൽ തേടിപ്പോയ നിരവധി ചെറുന്നിയൂർ നിവാസികൾ സുഭാഷ് ചന്ദ്രബോസിൻെറ ഇന്ത്യൻ നാഷണൽ ആർമിയിലെ യോദ്ധാക്കളായിരുന്നിട്ടുണ്ട്.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൻെറ ആവിർഭാവത്തോടുകൂടി നിരവധി ചെറുപ്പക്കാർ അതിൽ ആകൃഷ്ടരായി. പാർട്ടി നിരോധിക്കപ്പെട്ടിരുന്ന കാലഘട്ടത്തിൽ ചിറയിൻകീഴ് താലൂക്കിലെ പതിനാറ് ആദ്യകാല പ്രവർത്തകരിൽ ഒരാളായിരുന്ന പരേതനായ ആർ.കെ. നീലകണ്ഠൻ പോലീസ് വേട്ടയാടലിൽ നിന്നും രക്ഷപ്പെടുവാൻ കോഴിത്തോട്ടം കായലിൽ മറുകര വരെ നീന്തിക്കടന്ന ആവേശംകൊള്ളിക്കുന്ന സമരാനുഭവങ്ങൾ ഇദ്ദേഹത്തിനുണ്ട്.

20-ാം നൂറ്റാണ്ടിൻെറ ആദ്യനാളുകൾ വരെ കേരള സമൂഹത്തിലാകെ മാറ്റത്തിൻെറ സന്ദേശം വിതറിയ ശ്രീനാരായണ ഗുരുവിൻെറ ആസ്ഥാനമായ വർക്കലയോടു ചേർന്നു കിടക്കുന്ന പ്രദേശമാണ് ചെറുന്നിയൂർ. അദ്ദേഹത്തിൻെറ വചനങ്ങളുടെ സ്വാധീനം ഈ ഗ്രാമത്തിലും ഉണ്ടായി.

കമ്മ്യൂണിസ്റ്റ് ആശയഗതി ശക്തി പ്രാപിച്ച നാളുകളിൽ പ്രവർത്തനങ്ങളുടെ ആസ്ഥാനമായി വായനശാലകളും ആർട്സ് ക്ലബ്ബുകളും രൂപാന്തരപ്പെട്ടു 1950 കാലഘട്ടത്തിൽ ചെറുന്നിയൂരിൽ ഈ തരത്തിൽ വൈ.എം.എ.സി. എന്ന ഒരു ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കപ്പെട്ടു. ഇതിനോടനുബന്ധിച്ച് ഒരു വായനശാലയും മഹിളാസമാജവും ബാലസംഘവും ആരംഭിച്ചു. ചെറുന്നിയൂരിൻെറ സാംസ്കാരിക മേഖലയിൽ നിരവധി സംഭവങ്ങൾക്ക് ഈ സംഘടന കാർമ്മികത്വം വഹിച്ചു. ഈ സംഘടനയുടെ ആഭിമുഖ്യത്തിൽ ചെറുന്നിയൂർ ജംഗ്ഷനിൽ സ്റ്റേജ് കെട്ടി വിവാഹമണ്ഡപം ഒരുക്കി മിശ്രവിവാഹം സംഘടിപ്പിച്ചു. വധുവിന് താലികെട്ടാൻ നാത്തൂൻ നിന്നത് മഹിളാസംഘം പ്രവർത്തകയായ 'കൊച്ചുവീട്ടിൽ ഭാരതിയായിരുന്നു.

നാൽപ്പതു വർഷത്തിനപ്പുറം പ്രൊഫഷണൽ നാടകവേദിയായി വൈ.എം.എ.സി. വികസിച്ചു. 'തൂവലും തൂമ്പയും' 'ഒരാൾകൂടി കള്ളനായി' എന്നീ നാടകങ്ങൾ നിരവധി സ്റ്റേജുകളിൽ അവതരിപ്പിക്കപ്പെട്ടു. നാടകാവതരണങ്ങളിൽ സഹായിക്കാൻ വിഖ്യാത നാടകകൃത്തായ സി.എൽ. ജോസ് ഈ ആർട്സ് ക്ലബ്ബിൽ നിരവധി ദിവസങ്ങൾ തങ്ങിയിട്ടു കൂടിയുണ്ട്. അഭിനേതാക്കളിൽ പലരും കഥാപാത്രങ്ങളുടെ പേരിൽ നാട്ടിലുടനീളം അറിയപ്പെടുന്നതിനുദാഹരണമാണ് 'പങ്കിവെളിച്ചപ്പാട്' എന്ന എൻ.സി. പിള്ള. വൈ.എം.എ.സി. യെത്തുടർന്ന് ബാപ്പുജി മെമ്മോറിയൽ ലൈബ്രറി വെന്നികോട്ടിലും കലാപോഷിണി, ദേശസേവിനി , നുറുർ ഇസ്ലാം എന്നീ സംഘടനകൾ പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിലും രൂപം കൊണ്ടു. നാളുകൾക്കുശേഷം വൈ.എം.എ.സി. യുടെ പുസ്തകശേഖരം പഞ്ചായത്തിന് സംഭാവന നൽകുകയുണ്ടായി. ഇപ്പോൾ പഞ്ചായത്തിൽ നിറഞ്ഞുനിന്നു പ്രവർത്തിക്കുന്ന റെഡ്സ്റ്റാർ ആർട്സ്, സ്പോർട്സ് ആൻറ് ലൈബ്രറി ഒരു തരത്തിൽ വൈ.എം.എ.സിയുടെ തുടർച്ചയാണെന്നു തന്നെ പറയാം.

ഭൂരഹിത കർഷകത്തൊഴിലാളികൾക്കു കൂടികിടപ്പവകാശം നേടിയെടുക്കുന്നതിനും കയർ മേഖലയിലെ മുതലാളിത്ത ചൂഷണം അവസാനിപ്പിക്കുവാനും തൊഴിലാളികൾക്കർഹമായ കൂലി നേടിയെടുക്കാനും നിരവധി വമ്പിച്ച സമരങ്ങൾ ഈ നാട്ടിൽ നടന്നിട്ടുണ്ട്. ഭൂ ഉടമാ കയർ വ്യവസായികളും കർഷക കയർ തൊഴിലാളികളും തമ്മിൽ നിരവധി സംഘർഷങ്ങൾക്ക് ഈ പ്രക്ഷോഭങ്ങൾ വഴി തെളിയിച്ചിട്ടുണ്ട്.

1954-ൽ പുത്തൻകടവ് - വെന്നികോട് കയർ മേഖലകളിൽ നടന്ന സമരങ്ങളിൽ ആർ.കെ. നീലകണ്ഠൻ, സി.ജി.ജിൽഡ്, കെ. വാസവൻ, , സി.കെ. ബാലകൃഷ്ണൻ, ടി.പി. ദിവാകരൻ, ബെനഡിക്ട്, ശ്രീധരൻ, വഹാബ്, റിച്ച്ബായ്, സൈനുദ്ദീൻ, കേശവൻ, ചിന്നൻകുട്ടി, ഭാനു, മാർത്തണ്ഡൻ, ലോഹിതൻ, എന്നിവരുടെ പേരുകൾ എടുത്തു പറയത്തക്കതാണ്. മുതലാളിക ളുടെ കൊടിയ മർദ്ദനമേറ്റ ഇവരിൽ പലരും നിത്യരോഗികളായി.

1953-ൽ ജന്മംകൊണ്ട ട്രാവൻകൂർ കയർ വർക്കേഴ്സ് യൂണിയൻെറ പ്രവർത്തന ഫലമായി തൊഴിലാളികൾക്ക് ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞു.

1924-ൽ ചെറുന്നിയൂരിൽ ആദ്യത്തെ സഹകരണ പ്രസ്ഥാനം കടത്തൂർ നീലകണ്ഠപ്പിള്ളയുടെ നേതൃത്വത്തിൽ പരസ്പരസഹായ സഹകരണസംഘം എന്ന പേരിൽ ആരംഭിച്ചു. പിന്നീട് നിലച്ചുപോയ ഈ സംഘത്തിനെ പുനരുജ്ജീവിപ്പിച്ച് ശക്തിപ്പെടുത്തുന്ന യജ്ഞം ഒറ്റയാൻ പട്ടാളമെന്ന നിലയിൽ ഏറ്റെടുത്ത് നടത്തിയത് എൻ. ആർ. പെരേരയായിരുന്നു. പിന്നീടുള്ള നാളുകളിൽ ഈ സംഘത്തിനെ കൈപിടിച്ചുയർത്തുന്നതിൽ ആർ.കെ., സി.കെ. എന്നിവരുടെ പരിശ്രമം എടുത്തു പറയത്തക്കതാണ്. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളിൽ കയർ സഹകരണ സംഘങ്ങളും ക്ഷീരവികസന സൊസൈറ്റിയും പഞ്ചായത്തിൽ നിലവിൽ വന്നു.

## ആരോഗ്യം

നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ ആയുർവ്വേദ പരമ്പരാഗത ചികിൽസാ സൗകര്യങ്ങളാണ് നമുക്കുണ്ടായിരുന്നത്. നിരവധി പ്രശസ്ത വൈദ്യന്മാർ ചെറുന്നിയൂരിലുണ്ടായിരുന്നു. കാക്കക്കുഴി പത്മനാഭൻ, ദളവാപുരം വേലായുധൻ, ഗോപാലൻ, കിടാവിത്തുവിള കുഞ്ഞുകൃഷ്ണൻ, അയന്തി വേലു, വെന്നികോട് കരുണാകരൻ, പുത്തൻകടവ് മമ്മേലി മാലാംവിളാകത്ത് വൈദ്യർ എന്നിവർ പൊതു ചികിൽസയിലും മേക്കോണം ഗോവിന്ദൻ, ദിവാകരൻ എന്നിവർ നേത്രചികിത്സയിലും മങ്കുഴി നാരായണൻ മർമ്മ ചികിത്സയിലും ലക്ഷ്മിമംഗലം നാരായണൻ വിഷചികിത്സയിലും പ്രസിദ്ധരായിരുന്നു. വൈദ്യചികിത്സ പരമ്പരാഗതമായി തുടരുന്ന സമ്പ്രദായമായിരുന്നു അന്നൊക്കെ നിലനിന്നിരുന്നത്.

ഏതാണ്ട് 40 വർഷത്തിനകം പഞ്ചായത്തിൽ ഒരു സർക്കാർ ആരോഗ്യകേന്ദ്രമുണ്ടായി. ചെറുന്നിയൂർ ജംഗ്ഷനു സമീപമുള്ള ഒരു സ്വകാര്യ കെട്ടിടത്തിൽ ഒരു പഞ്ചായത്തു പതിച്ചിയുടെ സേവനം നാട്ടുകാർക്കു ലഭ്യമായി.

ചരിത്രം പരിശോധിക്കപ്പെട്ടപ്പോൾ ഏതൊരു പൗരനും

ആവേശംകൊള്ളും വിധമാണെന്ന് കാണാൻ കഴിയുന്നു. കൂട്ടായ്മയുടേയും ഉൽക്കർഷേഛയുടെയും പൗരബോധത്തിന്റേയും നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയുന്നു. ത്യാഗസന്നദ്ധതയുടെയും വിട്ടു വീഴ്ചയുടെയും നല്ല പാഠങ്ങൾ ചരിത്രം നമ്മെ പഠിപ്പിക്കുന്നു ഇനിയും നിരവധി അനിവാര്യമായ സംഗതികൾ നമുക്ക് നേരിടേണ്ടതുണ്ട്. ഉപഭോക്തൃസംസ്കാരം നമ്മെ പിറകോട്ട് വലിക്കുന്നു. ഭക്ഷ്യസ്വയം പര്യാപ്തമല്ല നാം; തൊഴിലില്ലായ്മ രൂക്ഷമാകുന്നു; വ്യാവസായിക പുരോഗതി നമുക്കു കൈവന്നില്ല. ആരോഗ്യമേഖല സമ്പൂർണ്ണമല്ല; സ്ത്രീകളോടുള്ള അവഗണനയും, സ്ത്രീയെ ഉപഭോഗവസ്തുവായി കാണുന്ന സംസ്കാരവും വേരുറപ്പിക്കുന്നു. ഈ വിധം വെല്ലുവിളികൾ ഏറ്റെടുക്കാനും പരിഹാരം കണ്ടെത്താനും ചരിത്രം നമുക്കു ശക്തി തരുന്നു.

പഞ്ചായത്തിൽ ഒരു അലോപ്പതി ഡോക്ടറുടെ സേവനം സർക്കാർ തലത്തിൽ ആരംഭിക്കുന്നതിനു മുമ്പ് ആയുർവ്വേദ ഡോക്ടറുടെയും ഹോമിയോ ഡോക്ടറുടെയും സേവനങ്ങൾ സ്വകാര്യമേഖലയിൽ ഡോ. ജനമേജയന്റെയും ഡോ. രമണിയുടെയും നേതൃത്വത്തിൽ സിഗ്മാ ആശുപത്രിയിലൂടെയും ഡോ. മീനാക്ഷിയും തുടർന്ന് ഡോ. അരവിന്ദദാസും നടത്തിയ എം.എം ക്ലിനിക്കിലൂടെയും യഥാക്രമം ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള സർക്കാർ ആശുപത്രി ഇന്നും മുഴുനീളം പ്രവർത്തിക്കുന്ന ഒരാശുപത്രിയായി ഇതുവരെ വികസിച്ചിട്ടില്ല. ഇൻപേഷ്യന്റ് ചികിത്സയും എക്സ്റേ ലബോറട്ടറി, ഇ.സി.ജി. തുടങ്ങിയ സംവിധാനങ്ങളും കാഷ്വാലിറ്റി വിഭാഗവുമുള്ള ഒരാശുപത്രിയായി ഇതിനെ വികസിപ്പിക്കുവാൻ ഇന്നാട്ടുകാർ മനസ്സുവച്ചാൽ അസാദ്ധ്യമല്ലെന്നു മുൻകാല ചരിത്രം ഉറക്കെ പറയുന്നു.

ഇനിയും നിരവധി അനിവാര്യമായ സംഗതികൾ നമുക്കു നേടേണ്ടതുണ്ട്. ഈ വിധം വെല്ലുവിളികൾ ഏറ്റെടുക്കാനും പരിഹാരം കണ്ടെത്താനും ചരിത്രം നമുക്കു ശക്തിതരുന്നു.

# ഭൂപ്രകൃതിയും, വിഭവങ്ങളും

## 1. ഭൂപ്രകൃതി

വടക്ക് പാലച്ചിറ, വടശ്ശേരിക്കോണം തുടങ്ങിയ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് തെക്കുകിഴക്കും, തെക്കുപടിഞ്ഞാറും കോഴിത്തോട്ടം കായലിലേയ്ക്ക് ചരിഞ്ഞ് കിടക്കുന്ന ഒരു ഭൂവിഭാഗമാണ് ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്. ഏകദേശം ഒരു ഉപദ്വീപിൻെറ ആകൃതിയിലാണെന്ന് പറയാം. വടക്കുപടിഞ്ഞാറൻ പ്രദേശമായ അയന്തി, കിഴക്കൻ പ്രദേശമായ വെള്ളിയാഴ്ചക്കാവ്, കമ്പിക്കകം എന്നിവ താഴ്ന്ന പ്രദേശങ്ങളാണ്. മരക്കടമുക്കുവരെ വ്യാപിച്ചുകിടക്കുന്ന കുന്നും, പള്ളിക്കുന്നും, പടിഞ്ഞാറ് കല്ലുമലക്കുന്നും, വടക്കുപാലച്ചിറയുമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ. വിസ്തൃതിയിൽ ഏറ്റവും വലുത് കല്ലുമലക്കുന്നും ചെറുത് പള്ളിക്കുന്നുമാണ്. ഇവിടെ നിന്നും നോക്കിയാൽ മനോഹരമായ നമ്മുടെ പഞ്ചായത്തിൻെറ ഒരു ദൃശ്യം ലഭിക്കും.

ക്രമമായി ചരിഞ്ഞുള്ള ഒരു ഭൂപ്രകൃതിയല്ല ഈ പഞ്ചായത്തിൻേറത്. മറിച്ച് ഉയർന്ന പ്രദേശങ്ങളും വയലേലകളും ഇടയ്ക്കും മുറയ്ക്കും കൂടിക്കലർന്ന് കായലോരങ്ങളിൽ അവസാനിക്കുന്ന ഭൂപ്രകൃതിയാണ് ഉള്ളത്. കേരളത്തിൻെറ ഭൗമഘടന ഇനം തിരിച്ച് പരിശോധിച്ചാൽ കുന്നിൻ പ്രദേശവും തീരപ്രദേശ വും ഉൾപ്പെടുന്നതാണ് ഈ പഞ്ചായത്ത്. സമുദ്രനിരപ്പിൽ നിന്നും നൂറ് മീറ്റർ വരെ ഉയര പരിധിയിൽ ഇത് സ്ഥിതി ചെയ്യുന്നു. ഉച്ചാവചങ്ങളുടെ തോത് വച്ച് തീരസമതലങ്ങളും താഴ്‌വാരങ്ങളും ഇതിൽ ഉൾപ്പെടുന്നു. കുന്നും കുത്തനെയുള്ള ചരിവുകളും ചെറിയ ചരിവുകളും പാടശേഖരങ്ങളും ആവർത്തിച്ചു വരുന്ന ഭൗമപ്രകൃതിയാണ് മിക്ക വാർഡുകളിലും കാണുന്നത്.

ചെറുന്നിയൂർ, പാലച്ചിറ, മുടിയക്കോട്, കാറാത്തല, വെന്നികോട്, അയന്തി എന്നീ അഞ്ച് ഏലാകൾ ഈ പഞ്ചായത്തിലുണ്ട്. ഇതിൽ ചെറുന്നിയൂർ ഏലാ അയന്തി ഏലായുമായും, പാലച്ചിറ, മുടിയക്കോട് ഏലാകൾ കാറാത്തല ഏലായുമായും യോജിച്ചു കിടക്കുന്നു. ഇരുപ്പൂ കൃഷിയാണ് ഇവിടെ നടന്നുവരുന്നത്. പാടം നികത്തൽ ഒരു പാരിസ്ഥിതിക പ്രശ്നത്തിൻെറ തീഷ്ണത കൈവരിച്ചിട്ടുണ്ട്. ഇനി ബാക്കിയുള്ള അയന്തി ഏലാ പൂന്തൽക്കണ്ടമാണ്.

## 2. കാലാവസ്ഥ

കാർഷിക കാലാവസ്ഥാ മേഖലയിൽ തെക്കൻ ഇടനാടിൽപ്പെടുന്ന തിരുവനന്തപുരം മുതൽ കടുത്തുരുത്തിവരെ വ്യാപിച്ചുകിടക്കുന്ന സതേൺ മിഡ്‌ലാൻറ് സോണിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നു. ജൂൺ മുതൽ ആഗസ്റ്റ് വരെ തെക്കുപടിഞ്ഞാറൻ മൺസൂൺ ഇടവപ്പാതി ഒക്ടോബർ മുതൽ ഡിസംബർ വരെ വടക്കുകിഴക്കൻ മൺസൂണും തുലാവർഷം, വല്ലപ്പോഴും വേനൽ മഴയും ലഭിക്കാറുണ്ട്. ഇടവപ്പാതി 150 സെ. മീറ്ററും തുലാവർഷം 60 സെ. മീറ്ററും ലഭിക്കും. (പുറം 204, സർവ്വവിജ്ഞാന കോശം). വാർഷിക വർഷപാതം 210 സെ. മീറ്റർ ആണ്. തുലാവർഷത്തിലെ ശരാശരി മഴ ദിനങ്ങൾ ഒക്ടോബറിൽ 12 ഉം നവംബറിൽ 10 ഉം ഡിസംബറിൽ 5 ഉം ആണ്. (കേരള വിജ്ഞാനകോശം പേജ് 214)മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്നു.

## 3. ജലലഭ്യത

പേരു സൂചിപ്പിക്കുന്നതു പോലെ ചെറുനീർ ഉറവകളുടെ നാടായ ചെറുന്നിയൂരിൽ പാടങ്ങൾക്കിരുവശവും ഒരിക്കലും വറ്റാത്ത തോടുകളുണ്ടായിരുന്നു. കഴിഞ്ഞുപോയ സുവർണ്ണനാളുകൾ പഴയകർഷകർ ഇന്നുമോർക്കുന്നു. മഴക്കാലത്ത് പലയിടങ്ങളിലും കരയിൽ ഉറവകൾ കണ്ടിരുന്നു. എന്നാലിപ്പോൾ മഴവെള്ളം കുത്തൊഴുക്കിൽപ്പെട്ടു കായലിൽ പതിക്കുന്നതിനാൽ ഇത്തരം ഉറവകൾ കാണാനില്ല. പാടം നികഴ്ത്തലും അശാസ്ത്രീയമായ സൈഡ് വാൾ നിർമ്മാണവും തോട് കൈയ്യേറ്റവും സ്വാഭാവിക സസ്യജാലങ്ങളുടെ നാശവും വരുത്തിവച്ച വിനകൾ മൂലം ഇപ്പോൾ വേനൽക്കാലങ്ങളിൽ പാടങ്ങളിൽ വെള്ളം കിട്ടുന്നില്ല. പഞ്ചായത്തിൽ പ്രധാനമായി 7 തോടുകളും 9 കുളങ്ങളുമുണ്ട്.

### *തോടുകൾ*

1. കാറാത്തല - വെള്ളിയാഴ്ചക്കാവ്
2. പാലച്ചിറ - വെള്ളിയാഴ്ചക്കാവ്

3. പാലച്ചിറ - വെള്ളിയാഴ്ചക്കാവ് - പുത്തൻകടവ്
4. ശിവൻനട - മുട്ടയ്ക്കാട് - പുത്തൻകടവ്
5. ശിവൻനട - ഏറത്തുകാവ് - പുത്തൻകടവ്
6. അയന്തി - ശാസ്താം കോവിൽ - പുത്തൻകടവ്
7. ചാക്കപ്പൊയ്ക - മംഗ്ലാവിൽ - പുത്തൻകടവ്

ഒന്നും രണ്ടും തോടുകൾ കാവടിയിൽ വാതുക്കൽ വച്ച് ഒന്നായി ചേർന്നു മൂങ്ങോട്ടേയ്ക്ക് ഒഴുകി കായലിൽ പതിക്കുന്നു.

*കുളങ്ങൾ*

1. പാലച്ചിറ ഓവിൻകര വറ്റാത്ത 2 കുളങ്ങൾ
2. മുടിയക്കോട് ശ്രീമാൻ ദാമോദരൻെറ സ്വകാര്യ കുളം
3. ശിവൻനട വലിയകുളം
4. ശിവൻനട ചെറിയകുളം
5. ശ്രീമാൻ പത്മനാഭൻ കുട്ടിയുടെ വാതുക്കലുള്ള കുളം
6. വലിയവിളാകം കുളം
7. ശാസ്താംകോവിൽ കുളം
8. മംഗ്ലാവിൽ
9. വയലിൽക്കട
10. അടവിനകം കുളം
11. മുട്ടത്തുകോണം ഏലാകുളം.
12. കൊച്ചുതെങ്ങുവിള വാതുക്കൽ കുളം
13. അയന്തി കുളം.

എല്ലാ കുളങ്ങളിലും എല്ലാക്കാലത്തും ജലം ഉണ്ട്. ശാസ്ത്രീയമായി പരിരക്ഷിക്കപ്പെട്ടിട്ടില്ല. വലിയവിളാകത്ത് കുളമോ ചതുപ്പോ എന്ന് തിരിച്ചരിയാൻ വയ്യാത്തവിധത്തിലാണ് സ്വകാര്യ വസ്തുവിൽ കുളം കാണുന്നത്. ഒരിക്കലും വറ്റാത്ത സ്രോതസ്സ് ഈ കുളത്തിൽ ഉള്ളതായി പഴമക്കാർ പറയുന്നു.

*തോടുകളിലെ ജലലഭ്യത ഒരോന്നിൻേറതും പരിശോധിക്കാം :-*

## 1. കാറാത്തല - വെള്ളിയാഴ്ചക്കാവ് തോട്

ഈ തോടിൻെറ ഉത്ഭവം കാറാത്തല ഏലായുടെ തുടക്കത്തിനും ഏകദേശം ഒരു ഫർലാംങ് വടക്കു കിഴക്കുനിന്നുമാണ്. കാവടിയിൽ വാതുക്കൽ ഏകദേശം ഒരു കിലോമീറ്റർ ഒഴുകിക്കഴിഞ്ഞ് പാലച്ചിറ വെള്ളിയാഴ്ചക്കാവ് തോടുമായി ഒത്തുചേർന്ന് മൂങ്ങോട്ടേയ്ക്ക് വീണ്ടും 1.5 കി. മീ ഒഴുകുന്നു. മുമ്പ് തെറ്റിക്കുളം തോട് ഇതിൽ ഒഴുകിച്ചേർന്നിരുന്നു.എന്നാൽ ഈ തോട് കയ്യേറ്റം മൂലം പൂർണ്ണമായി നശിച്ച മട്ടാണ്. വേനലിൽ പോലും ഈ തോട് നിശ്ശേഷം വറ്റി വരളാറില്ല. എന്നാൽ അമിതമായി കുഴിച്ചുതാഴ്ത്തിയതിനാൽ വയലിലേക്ക് വെള്ള മൊഴുകാൻ ബുദ്ധിമുട്ടുണ്ട്. മൂങ്ങോട്ട് വച്ച് കോഴിത്തോട്ടം കായലിൽ പതിക്കുന്ന ഈ തോട്ടിൽ ഇപ്പോൾ രണ്ടു ചീർപ്പുകൾ നിലവിലുണ്ട്. അവ വെള്ളിയാഴ്ചക്കാവ് പ്രദേശത്ത് ഏകദേശം 300 മീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു. കാറാത്തല ഏലായിലും മുടിയക്കോട് ഏലാലയിലും ജലം ഇതിൽ നിന്നും കിട്ടുന്നു.

## 2. പാലച്ചിറ - വെള്ളിയാഴ്ചക്കാവ് തോട്

പാലച്ചിറക്കുന്നിൻെറ താഴ്‌വാരത്തിൽ നിന്നും ഉത്ഭവിച് പാലച്ചിറ ഏലായുടെ വടക്കുകിഴക്കു വഴി ഉദ്ദേശം 1.5 കി. മീ. ഒഴുകി കാറാത്തല വെള്ളിയാഴ്ചക്കാവ് തോട്ടിൽ ചേർന്ന് മൂങ്ങോട്ടേയ്ക്ക് ഒഴുകുന്നു. കാറാത്തല തോടിനേക്കാൾ ജല ലഭ്യത കൂടുതലാണ്. ഇതിലിപ്പോൾ ചീർപ്പുകളോ തടയണകളോ ഇല്ല.

## 3 പാലച്ചിറ - പുത്തൻകടവ് തോട്

പാലച്ചിറ ഓവിൻ കരയിൽ നിന്നും ഉത്ഭവിച്ച് പാലച്ചിറ മുടിയക്കോട് ഏലയുടെ തെക്കുപടിഞ്ഞാറ് ഭാഗത്ത് കൂടി ഒഴുകി പുത്തൻ കടവിൽ കായലിൽ പതിക്കുന്നു. ഇതിൽ വേനലിൽ ജലം ലഭ്യമല്ല. ഉത്ഭവസ്ഥാനം മുതൽ ദാമോദരൻ മുതലാളിയുടെ കുളം വരെയുള്ള ഭാഗങ്ങളിൽ തോടുകയ്യേറ്റവും വയൽനികത്തലും മൂലം ഏതാണ്ട് നശിച്ച മട്ടാണ്. കുളത്തിൽ നിന്നുമാണ് . ഉത്ഭവം എന്ന് ഇപ്പോൾ തോന്നും വിധത്തിലായി അവഗണിക്കപ്പെട്ടിരിക്കുന്ന തോടാണിത്.

## 4. ശിവൻനട - മുട്ടയ്ക്കാട് - പുത്തൻകടവ് തോട്

ശിവൻനട കുളങ്ങളിൽ നിന്നു പുറത്തേക്കൊഴുകുന്ന വെള്ളമായിരുന്നു ഇതിൻെറ ഉറവിടം എന്നാൽ ദീർഘ വീക്ഷണമില്ലാതെ കുളങ്ങളിൽ നടത്തിയ നിർമ്മാണപ്രവർത്തനം മൂലം ഇപ്പോൾ കുളങ്ങളിൽ നിന്നും വെള്ളം പുറത്തേക്കൊഴുകുന്നില്ല. ശിവൻ നടയിൽ നിന്നും പത്മനാഭൻകുട്ടിയുടെ വാതുക്കലുള്ള കുളം വരെയും ഈ തോട്ടിലേയ്ക്ക് വിവിധ ഉറവകൾ മുൻപ് ചെന്നു ചേർന്നിരിന്നു. ഇപ്പോൾ ഈ കുളത്തിൽ നിന്നും ആരംഭിച്ചപോലെയാണ് തോട്. ഉദ്ദേശം 2 കി.മീ. നീളമുള്ള ഈ തോട് ചെറുന്നിയൂർ ഏലായുടെ വടക്കുകിഴക്ക് ഭാഗത്തു കൂടി ഒഴുകി പുത്തൻകടവിൽ കായലിൽ പതിക്കുന്നു. നല്ലവീതിയിൽ ഒരിക്കലും വറ്റാതൊഴുകി ചെറുന്നിയൂർ ഏലയ്ക്ക് സുഭിക്ഷമായി വെള്ളം നൽകിയിരുന്ന ഈ തോട് അതിഭീഷണമായി കൈയ്യേറ്റം നേരിട്ട്. ഇപ്പോൾ ചുരുങ്ങി ചുരുങ്ങി ഒരു വര പോലെ ആയിരിക്കുന്നു. യാതൊരു വിധത്തിലുള്ള നിർമ്മാണ പ്രവർത്തനവും ഈ തോട്ടിൽ കാര്യമായി നടത്തിയിട്ടില്ല. തടയണകളോ, ചീർപ്പുകളോ ഇല്ല. വയൽ നികഴ്ത്തി തോട്ടുവരമ്പിൽ തെങ്ങും കവുങ്ങും നട്ടു

പിടിപ്പിച്ച് തോട് കൈയ്യേറിയിരിക്കുന്നത് തുടക്കം മുതൽ ഒടുക്കം വരെ വ്യക്തമായി കാണാം.

### 5. ശിവൻനട – ഏറത്തുകാവ് – പുത്തൻകടവ് തോട്

ശിവൻ നടയിൽ ഉത്ഭവിച്ച് ചെറുന്നിയൂർ ഏലായുടെ വടക്കു പടിഞ്ഞാറുകൂടി ഒരു കി.മീ. ഒഴുകിയശേഷം ഏലയുടെ മധ്യത്തുകൂടി വീണ്ടും ഒരു കി. മീ. ഒഴുകി പുത്തൻകടവ് കായലിൽ പതിക്കുന്നു. വിശാലമായ ചെറുന്നിയൂർ ഏലയുടെ ജല സ്രോതസ്സായ ഈ തോട് നാലാമതായി പറഞ്ഞ തോടിൻെറ കാര്യത്തിലെന്ന പോലെ വികസനം മുട്ടി നിൽക്കുന്നതും ഭീഷണി നേരിടുന്നതുമാണ്.

### 6. അയന്തി – ശാസ്താം കോവിൽ – പുത്തൻ കടവ് തോട്

അയന്തി ഏലായുടെ തെക്കു പടിഞ്ഞാറ് കൂടി ഒഴുകി ശാസ്താംകോവിൽ - കടത്തൂർ - ചെറുന്നിയൂർ - ഏലായുടെ തെക്കു പടിഞ്ഞാറ് വഴി പള്ളികുന്നിൻെറ താഴ്വരയിലൂടെ പുത്തൻ കടവിൽ കായലിൽ പതിക്കുന്ന സാമാന്യം നീളമുള്ള തോടാണിത്. ഒരിക്കലും വറ്റാറില്ല. എന്നാൽ ഉത്ഭവസ്ഥാനമായ അയന്തിയിൽ അതിഭീഷണമായി വയൽ നികഴ്ത്തൽ ഉള്ളതിനാൽ ഇതിൻെറ ഉറവതന്നെ വറ്റിപ്പോകുമോ എന്ന് ഭയപ്പെടേണ്ടിയിരിക്കുന്നു. ഈ തോട്ടിൻെറ വശത്താ യിട്ടാണ് അയന്തി ഏലയിലെ ഏകദേശം 5 ഹെക്ടറോളം കൃഷിയോഗ്യമല്ലാത്ത പൂന്തൽക്കണ്ടം നിലവിലുള്ളത്.

### 7. ചാക്കപ്പൊയ്ക – മംഗ്ലാവിൽ – പുത്തൻകടവ് തോട്

പേരു സൂചിപ്പിക്കും പോലെ ചാക്കപ്പൊയ്ക ഒരു പൊയ്ക ആയിരുന്നു. സ്വകാര്യ വ്യക്തികളുടെ വസ്തുവിൽ നിലനിന്നിരുന്ന ഈ തോടിൻെറ ഉത്ഭവം 5-ാം വാർഡിലെ ചാക്കപ്പൊയ്കയിൽ നിന്നുമായിരുന്നു. ഒരിക്കലും വറ്റാത്ത ഉറവയായിരുന്നു ഉദ്ദേശം 20 വർഷം മുമ്പ്. ഇപ്പോൾ ഇവിടെ തോടുണ്ടായിരുന്നോ എന്നറിയാൻ കഴിയാത്ത വിധത്തിലായിരിക്കുന്നു. നിലവിലുള്ള തോട് മംഗളോദയം വസ്തുവിലൂടെ മംഗ്ലാവിൽ കുളത്തിൽ നിന്നു കൂടി ജലം ഉൾക്കൊണ്ടു കായലിലേക്ക് ഒഴുകുന്നു.

## 4. മണ്ണ്

ലാറ്ററൈറ്റ് മണ്ണാണ് ഏറ്റവും അധികമായി പഞ്ചായത്തിൽ കണ്ടു വരുന്നത്. ഇത് 80% വരും. വയലേലകളിൽ നദീതട അലൂവിയൽ മണ്ണും എക്കൽ മണ്ണും, കായലോരങ്ങളിൽ മണൽ കലർന്ന എക്കൽ മണ്ണും അപൂർവ്വമായി ചിലയിടങ്ങളിൽ അടങ്ങിയ പൂട്ടു മണ്ണും കാണപ്പെടുന്നു.

## 5. ഭൂവിനിയോഗം

ചരിവുകളും കുന്നും താഴ്വരയും ഇടകലർന്നുള്ളതായിരിക്കുന്നതിനാൽ മണ്ണൊലിപ്പ് അതിരൂക്ഷമായി പലയിടങ്ങളിലും അനുഭവപ്പെടുന്നു. പഞ്ചായത്തുടനീളം ഫലഭൂയിഷ്ഠതയുടെ കാര്യത്തിൽ ശരാശരി നിലവാരം പുലർത്തുന്നു. കായൽ പാടുകളിൽ നേരിയ വിളവർദ്ധനയുണ്ട്. തെങ്ങും, കമുകും, നെല്ലും തന്നെയാണ് പ്രധാനകൃഷികൾ. മറ്റുള്ളവ നേരിയ തോതിൽ അങ്ങിങ്ങുണ്ട്. ഇടവിളകൃഷികളായി മരച്ചീനി, വാഴ, ചേന, ചേമ്പ്, കാച്ചിൽ മുതലായവയുണ്ട്. മാവ്, പ്ലാവ്, പുളി, കശുമാവ് എന്നീവൃക്ഷങ്ങൾ സാർവ്വത്രികമായികാണാം. ഔഷധ വൃക്ഷമായ പിണർ പുളി. വെന്നികോട് ഭാഗത്തുണ്ട്. അകത്തിച്ചെടി വടശ്ശേരിക്കോണം പ്രദേശത്തും ആടലോടകം, കൊടങ്ങൽ തുടങ്ങിയ ഔഷധ സസ്യങ്ങൾ എല്ലാഭാഗത്തുമുള്ള വീടുകളിലും കണ്ടുവരുന്നു. തരിശുഭൂമി. കാര്യമായി ഈ പഞ്ചായത്തിൽ ഇല്ലെന്നു പറയാം. എന്നാൽ ഇടവിളക്കൃഷി സാദ്ധ്യമായ വളരെ ഭൂഭാഗങ്ങൾ ശ്രദ്ധിക്കപ്പെടാതെ എല്ലാ വാർഡു കളിലുമുണ്ട്.

കെട്ടിട നിർമ്മാണത്തിനു ഭൂമി ഉയർന്ന തോതിൽ ഉപയോഗിക്കുന്നു. കളി സ്ഥലങ്ങൾക്കായി ഭൂമി മൂന്നിടത്തുമാത്രമേ ഉപയോഗിച്ചിട്ടുള്ളു. മുടിയക്കോട് സ്കൂൾ ഗ്രൗണ്ടും അകത്തുമുറി ഗ്രൗണ്ടും പഞ്ചായത്തു സ്റ്റേഡിയവും.

## 6. ജൈവസമ്പത്ത്

ഈ പഞ്ചായത്തിൽ ഏകദേശം 17-ൽപ്പരം കാവുകളുണ്ട്. അവ താഴെപ്പറയുന്നു.

1. വടശ്ശേരിക്കോണം കോളനിക്ക് സമീപം
2. ദളവാപുരം
3. ആമ്പല്ലൂർക്കാവ്
4. പിള്ള വീട്ടിൽക്കാവ്
5. എലിയൻവിളാകം കാവ്
6. മാണിയ്ക്കലഴികം
7. താന്നിമൂട് കാവ്
8. ചെറുന്നിയൂർ ചരുവിള നാഗർ കാവ്
9. മാടൻ കാവ്
10. പേക്കാവ്
11. വലിയമേലതിൽകാവ്
12. ചെറിമേലതിൽ കാവ്

13. ആറ്റുവിളാകം കീഴേക്കാവ്
14. ആറ്റുവിളാകം മേലേക്കാവ്
15. അഞ്ചുമൂർത്തി നട
16. മേലൂട്ട് കാവ്
17. മാടൻകാവ്

ഇവയിൽ ഏകദേശം 5 ഏക്കറോളം ജൈവ വൈവിദ്ധ്യമുള്ള ഭൂമിയുണ്ട്.

പഞ്ചായത്തിൽ മൃഗസമ്പത്ത് വളരെയില്ലെങ്കിലും നാടൻ പശുക്കൾ, ആടുകൾ, കോഴികൾ എന്നിവയ്ക്കു പുറമേ സങ്കരയിനം പശുക്കളും ആടുകളും കോഴികളും ഉണ്ട്. സങ്കരയിനങ്ങളാണ് എണ്ണത്തിൽകൂടുതൽ.

പക്ഷികൾ എല്ലായിനങ്ങളും കാവുകൾ ഉള്ള പ്രദേശത്തും മരക്കൂട്ടങ്ങളുള്ള പ്രദേശത്തും ധാരാളമുണ്ട്. കാക്ക, കരിയിലക്കിളി, ചിത്തിരക്കിളി, പ്രാവ്, തത്ത, പരുന്ത്, കുയിൽ, ഉപ്പൻ തുടങ്ങിയ പക്ഷികളുടെ കൂജനം എല്ലാ സമയങ്ങളിലും പ്രത്യേകിച്ച് ഇരു സന്ധ്യാ വേളകളിൽ ശാന്ത സുന്ദരമായ ഇവിടുത്തെ അന്തരീക്ഷത്തിൽ മാറ്റൊലിക്കൊള്ളുന്നു.

## 5. മനുഷ്യവിഭവം

ഈ പഞ്ചായത്തിലെ മനുഷ്യവിഭവശേഷി പരിശോധി ച്ചാൽ അയൽ പഞ്ചായത്തുകളിൽ നിന്നു വ്യത്യസ്തമല്ലെന്നു കാണാം. ഇവിടത്തെ ജനനമരണ നിരക്ക് സംസ്ഥാന ശരാശരിയിൽ നിന്നും പിന്നോട്ട് പോകുന്നില്ല. സമ്പൂർണ്ണസാക്ഷരമായി പ്രഖ്യാപിക്കപ്പെട്ട പഞ്ചായത്താണ് ചെറുന്നിയൂർ. എല്ലാ വിഭാഗത്തിലുംപെട്ട ഇളംതലമുറ വിദ്യാഭ്യാസം ചെയ്യുന്നുണ്ട്. ഗൾഫ് പണം നല്ല ഒരു വരുമാന മാർഗ്ഗമായിരിക്കുന്നതുകൊണ്ട് തൊഴിൽ ശേഷിയുടെ ഒരു ഭാഗം ആ മേഖലയിലേക്ക് തിരിഞ്ഞ് പോയിരിക്കുന്നു.

കയർത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, സർക്കാർ ജീവനക്കാർ, കച്ചവടക്കാർ, നിർമ്മാണത്തൊഴിലാളികൾ, എൻജിനീയർമാർ, ഭിഷഗ്വരൻമാർ തുടങ്ങി എല്ലാ മേഖലയിലേയും മനുഷ്യവിഭവം ഇവിടെ ലഭ്യമാണ്.

വിദ്യാഭ്യാസപരമായി സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് ഒരു ചെറിയ മേൽക്കൈ ഈ പഞ്ചായത്തിനു മുമ്പുണ്ടായിരുന്നു. അത് നിലനിർത്താൻ ജനങ്ങൾ താൽപ്പര്യം കാണിക്കേണ്ടിയിരിക്കുന്നു.

തൊഴിലില്ലായ്മ ഈ പഞ്ചായത്തിൻെറ മാത്രം പ്രത്യേകതയല്ല. ഗൾഫ് നാടുകൾ ഈ പ്രദേശത്തിന് ഒരു അത്താണി തന്നെയെന്നുള്ളത് ഒരു വസ്തുതയാണ്. കയർ, കാർഷികം, നിർമ്മാണം, മരപ്പണി തുടങ്ങിയ തൊഴിൽ മേഖലയിൽ മനുഷ്യശേഷിയുടെ ദൗർലഭ്യം അടുത്തകാലത്തായി അനുഭവപ്പെടുന്നുണ്ട്. ഉപഭോക്തൃ സംസ്ക്കാരത്തിൻെറ ഭാഗമായി നേരിടേണ്ട ആവശ്യങ്ങൾക്ക് സാങ്കേതികത്തികവുള്ളവരുടെ സേവനം ലഭ്യമല്ലെന്നു തന്നെ പറയാം.
ഭൂപ്രകൃതിയിലും വിഭവലഭ്യതയിലും മനുഷ്യ വിഭവത്തിലും ഒരു ഇടനാടൻ പഞ്ചായത്തിൻെറ ഐഡിയൽ രൂപം കായലോരവുമായി സംയോജിപ്പിച്ചാൽ ചെറുന്നിയൂർ പഞ്ചായത്തായി എന്നു പറയാം.

S / N / E / W

## പഠന പര്യടന ഗ്രാഫ് 1

കുഴിവിള — ദളവാപുരം പാർക്ക്

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചെറിയ ചരിവ് | വയൽ | കുത്തനെയുള്ള ചരിവ് | കുന്നിൻമുകൾ നിരന്ന ഭൂമി | കുത്തനെയുള്ള ചരിവ് | വയൽ (പാലച്ചിറ ഏലാ) | ചെറിയ ചരിവ് | ചെറിയ ചരിവ് | ചെറിയ ചരിവ് | സമതലം | ചെറിയ ചരിവ് | ചെറിയ ചരിവ് | സമതലം |
| മൺതരം | ചെങ്കൽ മണ്ണ് | | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | നദീതട അലൂവിയൽ | ചെങ്കൽ മണ്ണ്, ചെമ്മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെങ്കൽ മണ്ണ് | ചെമ്മണ്ണ് |
| സസ്യാവരണം | തെങ്ങ്, മരച്ചീനി മാവ് | നെല്ല് ഉഴുന്ന്, പയർ | മരച്ചീനി | മരച്ചീനി | തെങ്ങ്, മരച്ചീനി | നെല്ല് മരച്ചീനി വാഴ | തെങ്ങ്, മരച്ചീനി | തെങ്ങ് | മരച്ചീനി | തെങ്ങ് | തെങ്ങ് | തെങ്ങ് ചേമ്പ് | തെങ്ങ്, കമുക്, മാവ്, പ്ലാവ് |
| പരിസ്ഥിതി പ്രശ്നങ്ങൾ | | വയൽ നികഴ്ത്തൽ | മണ്ണൊലിപ്പ് | | മണ്ണൊലിപ്പ് | വയൽ നികഴ്ത്തൽ | | | | | | | |

## പഠന പര്യടന ഗ്രാഫ് 2

S, E, W, N

N പുത്തൻകടവ് — വയൽ നികഴ്ത്തൽ — കട്ടിംഗിനും ശാസ്താംകോവിലിനും മദ്ധ്യേ

| | മണ്‍തരം | സസ്യാവരണം | പരിസ്ഥിതി പ്രശ്നങ്ങൾ |
|---|---|---|---|
| കായൽ തീരം (നിരന്ന പ്രദേശം) | എക്കൽ മണ്ണ് ചെങ്കൽ മണ്ണ് | തെങ്ങ് | |
| ചെറിയ ചരിവ് | ചെങ്കൽ മണ്ണ് | തെങ്ങ്, കശുമാവ്, പ്ലാവ് | |
| കുത്തനെയുള്ള ചരിവ് | ചെങ്കൽ മണ്ണ് | തെങ്ങ്, കശുമാവ് | മണ്ണൊലിപ്പ് |
| കുന്നിൻ മുകൾ നിരപ്പ് | ചെങ്കൽ മണ്ണ് | തെങ്ങ് | |
| ചെറിയ ചരിവ് | ചെങ്കൽ മണ്ണ് | തെങ്ങ് | |
| ചെറിയ ചരിവ് | ചെങ്കൽ മണ്ണ് | തെങ്ങ് മരച്ചീനി | |
| സമതലം (വയൽ നികഴ്ത്തിയത്) | ചെങ്കൽ മണ്ണ് | തെങ്ങ് | |
| വയൽ (ചെറുന്നിയൂർ ഏലാ) | നദീതട അലൂവിയൽ | നെല്ല് | വയൽ നികഴ്ത്തൽ |
| തെങ്ങിൻ പണ (വയൽ നികഴ്ത്തിയത്) | മണൽമണ്ണ് | തെങ്ങ് | |
| വയൽ (ചെറുന്നിയൂർ ഏലാ) | നദീതട അലൂവിയൽ | നെല്ല് | വയൽ നികഴ്ത്തൽ |
| സമതലം | ചെങ്കൽ മണ്ണ് | | |
| ചെറിയ ചരിവ് | ചെങ്കൽ മണ്ണ് | തെങ്ങ്, കമുക് | |
| കുത്തനെ ചരിവ് | ചെങ്കൽ മണ്ണ് | തെങ്ങ്, കശുമാവ് | മണ്ണൊലിപ്പ് |

## പഠന പര്യടന ഗ്രാഫ് 3




| പരിസ്ഥിതി പ്രശ്നങ്ങൾ | സസ്യാവരണം | മൺതരം | |
|---|---|---|---|
| മണ്ണൊലിപ്പ് | തെങ്ങ് | ചെങ്കൽ മണ്ണ് | കുത്തനെ ചരിവ് |
| | തെങ്ങ് കശുമാവ് | ചെമ്മണ്ണ് | ചെറിയ ചരിവ് |
| | തെങ്ങ് കമുക്, പ്ലാവ് | ചെമ്മണ്ണ് | ചെറിയ ചരിവ് |
| വയൽ നികത്തൽ | നെല്ല് | ചെങ്കൽ മണ്ണ് | സമതലം (വയൽ) |
| | തെങ്ങ്, കമുക് | ചരൽ മണ്ണ് | ചരിവ് |
| | തെങ്ങ് | ചരൽ മണ്ണ് | സമതലം |
| | തെങ്ങ്. | ചരൽ മണ്ണ് | ചരിവ് |
| വയൽ നികത്തൽ | നെല്ല് | നദീതട അലൂവിയൽ | സമതലം (വയൽ) |
| | തെങ്ങ് | ചെങ്കൽ മണ്ണ് | ചരിവ് |
| | തെങ്ങ്, കശുമാവ് | ചെമ്മണ്ണ് | സമതലം |
| മണ്ണൊലിപ്പ് | ചെങ്ങ് | ചെങ്കൽ മണ്ണ് | കുത്തനെ ചരിവ് |
| | തെങ്ങ് | ചരൽ മണ്ണ് | സമതലം |
| മണ്ണൊലിപ്പ് | തെങ്ങ് | ചെങ്കൽ മണ്ണ് | കുത്തനെ ചരിവ് |
| വയൽ നികത്തൽ | നെല്ല് | നദീതട അലൂവിയൽ | സമതലം (വയൽ) |
| മണ്ണൊലിപ്പ് | തെങ്ങ് | ചെങ്കൽ മണ്ണ് | കുത്തനെ ചരിവ് |
| | തെങ്ങ്, പ്ലാവ് കശുമാവ് | ചരൽ മണ്ണ് | സമതലം |
| മണ്ണൊലിപ്പ് | തെങ്ങ് | ചരൽ മണ്ണ് | കുത്തനെ ചരിവ് |
| | തെങ്ങ്, പ്ലാവ് കുരുമുളക് | ചെമ്മണ്ണ് | സമതലം |
| | തെങ്ങ്, പ്ലാവ് കുരുമുളക് | ചെമ്മണ്ണ് എക്കൽ മണ്ണ് | ചരിവ് |

# കൃഷിയും ജലസേചനവും.



## കാർഷിക ചരിത്രം

കാർഷികഗ്രാമമായിരുന്ന ചെറുന്നിയൂരിൻെറ കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്തെ കാർഷികചരിത്രം പരിശോധിച്ചാൽ തികച്ചും വ്യത്യസ്ഥങ്ങളായ രണ്ട് കാലഘട്ടങ്ങളാണ് ദർശിക്കുവാൻ കഴിയുക. ഒന്ന് ഈ നാട്ടിലെ ജനങ്ങൾക്ക് അവശ്യംവേണ്ട കാർഷികോല്പന്നങ്ങളുടെ ഏറെക്കുറെ സ്വയം പര്യാപ്തത പുലർത്തിയിരുന്ന ഒരു കാലഘട്ടം. മറ്റൊന്ന് ഇതിന് നേരേഘടകവിരുദ്ധമായ ഒരു കാലഘട്ടം. ഇതിൽ രണ്ടാമതു പറയുന്ന അവസ്ഥയിലൂടെയാണ് കഴിഞ്ഞ 3,4 ദശകങ്ങളായി നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ചെറുന്നിയൂർ എന്ന പേരിനെ അന്വർത്ഥമാക്കുമാറ് ചെറുനീരൊഴുക്കുകളും അതിനോട് ചേർന്നുള്ള നെൽപാടങ്ങളും ഫലഭൂയിഷ്ടമായ കരഭൂമിയും ചേർന്നതാണ് നമ്മുടെ പഞ്ചായത്ത്. നെല്ല്, നാളികേരം, അടയ്ക്ക, മരച്ചീനി, വാഴ മറ്റ് കരവിളകൾ എന്നിവയെല്ലാമായിരുന്നു പ്രധാന കാർഷിക വിളകൾ..

## നെൽകൃഷി

പാലച്ചിറ, കരിഗാത്തല, ചെറുന്നിയൂർ, അയന്തി, വെന്നികോട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന ഏലാകൾ. എല്ലാകാലത്തും സുഭിക്ഷമായി വെള്ളം ലഭ്യമായിരുന്നതിനാൽ ഇവിടുത്തെ പാടങ്ങൾക്ക് മറ്റുള്ള സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതൽ വിലയും കിട്ടുമായിരുന്നു. പ്രകൃതിക്ഷോഭങ്ങൾ മൂലമുള്ള വരൾച്ചയും, വെള്ളപ്പൊക്കവും മറ്റ് പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവിടെ കുറവായിരുന്നതിനാൽ കൃഷിനാശവും കുറവായിരുന്നു. മാത്രവുമല്ല കാർഷികവൃത്തിയിൽ വിദ്യാർത്ഥികൾ ഉൾപ്പെടെ കൂട്ടുകുടുംബാംഗങ്ങൾ എല്ലാവരും സജീവമായി ഭാഗഭാക്കുകളാവുകയും മറ്റ് രംഗങ്ങളിൽ ദർശിക്കുവാൻ കഴിയാത്ത കൂട്ടായ്മയിലൂടെ കാർഷിക മേഖലയിൽ ഉണർവും ഉൻമേഷവും പ്രദാനം ചെയ്തിരുന്നു. രോഗപ്രതിരോധശക്തി കൂടിയതും പ്രായേണ വിളവ് മേനി കുറഞ്ഞതും പോഷകസമൃദ്ധവുമായ ചുട്ടി ആര്യൻ, ചേറാടി, മുണ്ടകൻ തുടങ്ങിയ വിത്തിനങ്ങളായിരുന്നു ആദ്യകാലഘട്ടങ്ങളിൽ ഇവിടെ ഉപയോഗിച്ചിരുന്നത്. തോലും ചാണകവും ചാമ്പലും ആയിരുന്നു ഉപയോഗിച്ചിരുന്ന വളങ്ങൾ. കീടബാധയ്ക്ക് മീൻ വെള്ളവും.

നെല്ലുല്പാദനത്തിലും, പാടശേഖരങ്ങളുടെ വിസ്തീർണ്ണത്തിലും പഴയകാലത്തിൽ നിന്നും വളരെ പുറകിലാണ് ഈ പഞ്ചായത്തിൻെറ ഇന്നത്തെ നില. നെൽകൃഷിയിലുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടവും കൂലി കൂടുതലും, ഉൽപ്പാദനചെലവിലെ വർദ്ധനയും കാരണം ഏലകളുടെ നല്ലൊരു ഭാഗം തെങ്ങിന് വഴിമാറിക്കൊടുത്തിരിക്കുകയാണ്. കാൽ നൂറ്റാണ്ടിനു മുൻപുവരെ മൂപ്പുകുറഞ്ഞ വിത്തുകളുപയോഗിച്ച് മൂന്ന് പൂവു കൃഷി ചെയ്തിരുന്ന സ്ഥലങ്ങളെല്ലാം ജല ദൗർലഭ്യം മൂലം ഇന്ന് കൃഷിക്ക് അന്യമായി തീർന്നു.

കൃഷിരീതിയിലും പ്രകടമായ മാറ്റങ്ങൾ വന്നു. വിതയും വിത്തിടീലും എല്ലാം മാറി. ഞാറ് പാകിയുള്ള നടീൽ മാത്രമായി. എൻ.ഇ.എസ്. ബ്ലോക്കുകളുടെ ആവിർഭാവത്തോടുകൂടി സബ്സിഡി നല്കിക്കൊണ്ട് കൃഷിക്കാരുടെ ഇടയിൽ പ്രചാരത്തിൽ വരുത്തിയ രാസവള പ്രയോഗം സർവ്വസാധാരണമാവുകയും, തന്മൂലം ജൈവവള പ്രയോഗം അപ്രത്യക്ഷമാവുകയും ചെയ്തു. ഇത് മണ്ണിൻെറ ഉല്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുവാനും, രോഗപ്രതിരോധശക്തി നഷ്ടപ്പെടുത്തുവാനും ഇടയാക്കി..

എല്ലാറ്റിലുമുപരി കർഷകനും കർഷകത്തൊഴിലാളികളും തമ്മിലുണ്ടായിരുന്ന ബന്ധത്തിന് രൂപമാറ്റം വന്നു. തൊഴിലുടമ തൊഴിലാളി ബന്ധത്തിനുപരിയായുള്ള അവർ തമ്മിലുണ്ടായിരുന്ന കാർഷിക ബന്ധത്തിന് സാമൂഹികമാറ്റങ്ങൾ മൂലം വർഗ്ഗങ്ങളുടെ രൂപമാറ്റം സംഭവിച്ചപ്പോൾ കാർഷികമേഘലയിൽ അതിൻെറ പ്രത്യാഘാതം വലുതായിരുന്നു.

ജലസേചന സൗകര്യങ്ങളുടെ കാര്യം പരിശോധിച്ചാൽ മൂന്ന് പൂവ് നെൽകൃഷി നടത്തുവാൻ വേണ്ടത്ര വെള്ളം കിട്ടുമായിരുന്ന കാലം കഴിഞ്ഞിരിക്കുന്നു. നിലത്തിൻെറ വിസ്തീർണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചിട്ടും തലക്കുളങ്ങളും ബണ്ടുകളും ഒക്കെ ഉണ്ടായിട്ടും ഇന്ന് കൃഷിക്ക് ജലദൗർലഭ്യത അനുഭവപ്പെടുകയാണ്. ഭൂമിയിലെ ജല സന്തുലിതാവസ്ഥയെ നിലനിർത്തുന്നതിന് ഏറെക്കുറെ സഹായകരമാണ് ചതുപ്പുകളും കണ്ടലുകളുമെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിലെ എല്ലാ ഏലകളിലുമുണ്ടായിരുന്ന ചതുപ്പുകൾ തെങ്ങിൻ തോപ്പുകളായി രൂപാന്തരപ്പെട്ടതുവഴി ജലസമ്പത്ത് കുറയുവാൻ ഇടയായി. നീരൊഴുക്കുകളുണ്ടായിരുന്ന ഒലിപ്പുകൾ നികത്തി പുരയിടമാക്കപ്പെട്ടു. തോടിൻെറ ഇരുവശങ്ങളിലും ധാരാളം കൈതകളും, കലമ്പട്ടി മുതലായ കണ്ടൽ ചെടികളും ഉണ്ടായിരുന്നത് തോട് വികസനത്തിൻെറ പേരിൽ നശിപ്പിക്കപ്പെട്ടതിൻെറ ഫലമായി മണ്ണിൽ കൂടിയുള്ള നീരൊഴുക്കിനേയും, മണ്ണൊലിപ്പ് തടയുന്നതിനേയും പ്രതികൂലമായി ബാധിക്കുകയും, ജലസമ്പത്തും ജലസേചന സൗകര്യങ്ങളും കുറയുവാനും കാരണമായി.

## കരകൃഷി

നമ്മുടെ പഞ്ചായത്തിലെ കരകൃഷികളിൽ ഏറ്റവും പ്രധാനം തെങ്ങാണ്. കരഭൂമിയും തുണ്ടവൽക്കരിക്കപ്പെട്ടിരിക്കുന്നു. പാരമ്പര്യരീതിയിലുള്ള തെങ്ങുകൃഷിയാണ് ഭൂരിപക്ഷം പേരും അനുവർത്തിച്ചു വരുന്നത്. ജൈവവളപ്രയോഗം രാസവളപ്രയോഗത്തിന് വഴിമാറി. മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമാണോ എന്നു നോക്കാതെ അശാസ്ത്രീയമായ രീതിയിലുള്ള വളപ്രയോഗവും, ജലസേചന സൗകര്യങ്ങളുടെ അഭാവവും മൂലം ഉൽപ്പാദന ക്ഷമത ഗണ്യമായി കുറഞ്ഞു. അടുത്തകാലം വരെയും

നാളികേരകർഷകൻ വൃശ്ചിക കിളയിൽ നടത്തിയും, തടമൊരുക്കിയും,· ചാണകം, ചാമ്പൽ, ഉപ്പ്, കുമ്മായം, പച്ചില തുടങ്ങിയ ജൈവവളപ്രയോഗം നടത്തിയുമാണ് തെങ്ങിനെ സംരക്ഷിച്ചിരുന്നത്. ഇന്ന് അധികം കർഷകരും ഫാക്ടംഫോസ്, മഗ്നീഷ്യം സൾഫേറ്റ്, കോക്കനാട്ട് മിക്സ്ച്ചർ, പൊട്ടാഷ് എന്നീ രാസവളങ്ങളെയാണ് ആശ്രയിക്കുന്നത്. നാളികേരമിടാൻ മുപ്പെത്തുന്നതും (ഒഴി) കാത്തിരുന്ന കർഷകൻെറ കാലം കഴിഞ്ഞു. ഈ മേഖലയിൽ തെങ്ങ് കയറ്റ തൊഴിലാളികളുടെ ദൗർലഭ്യം മറ്റ് മേഖലകളിലേതു പോലെ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മണ്ണിൻെറ ജൈവ സ്വഭാവം നഷ്ടമായതും രാസവളത്തിൻെറ അഭൂതപൂർവ്വമായ വില വർദ്ധനവും ഈ രംഗത്ത് മറ്റൊരു പ്രതിസന്ധി തീർത്തിട്ടുണ്ട്. ഇതിനിടയിലാണ് തെങ്ങിനെ ബാധിക്കുന്ന കാറ്റ്‌വിഴ്ച, മണ്ടയടപ്പ്, ചെന്നിനീരൊലിപ്പ് തുടങ്ങിയ രോഗങ്ങളും ചെല്ലി, എലി തുടങ്ങിയ പ്രാണികളുടെ ആക്രമണങ്ങളും വരുത്തിവയ്ക്കുന്ന ഭീമമായ നഷ്ടങ്ങൾ. ഈ പ്രതിസന്ധികളെ അതിജീവിച്ച് കിട്ടുന്ന നാളികേരം കൂടുതൽ ഉണ്ടാകുന്ന കാലയളവിൽ വിലയിടിവ് സംഭവിക്കുകയും, ഉല്പാദനം കുറഞ്ഞ് വരുന്ന കാലയളവിൽ താരതമ്യേന വില മെച്ചപ്പെടുകയും ചെയ്യുന്ന പ്രതിഭാസമാണ് ഇന്ന് കാണുവാൻ കഴിയുന്നത്.

### ഇടവിള കൃഷി

ഒരു കാലഘട്ടത്തിൽ ഈ ഗ്രാമത്തിലെ ആളുകൾക്ക് നിത്യോപയോഗത്തിനാവശ്യമുള്ള പച്ചക്കറികളും, പയറ് വർഗ്ഗങ്ങളും ഇവിടെത്തന്നെ ഉത്പാദിപ്പിച്ചിരുന്നുവെന്ന് പറഞ്ഞാൽ അതിൽ തെല്ലും അതിശയോക്തിയുണ്ടാവില്ല. ഉദ്ദേശം 40 വർഷം മുൻപ് വരെ വെന്നികോട് രാവിലെ ഒരു ചന്തയും, ദളവാപുരത്ത് ഒരു അന്തിച്ചന്തയുമാണ് ഉണ്ടായിരുന്നത്. അവിടുത്തെ പ്രധാന വ്യാപാരം മത്സ്യവുമായിരുന്നു. 40 വർഷത്തിനപ്പുറമായിരുന്നു മലക്കറിക്കടകൾ ഈ പഞ്ചായത്തിൽ ആരംഭിച്ചത്. അതിനുമുമ്പ് ഓണം മുതലായ വിശേഷാവസരങ്ങളിൽ പച്ചക്കറി വാങ്ങുവാൻ നാട്ടിലെ ആളുകൾ കൂടുതലായും പോയിരുന്നത് സമീപപ്രദേശത്തുള്ള രഘുനാഥപുരം ചന്തയിലായിരുന്നു. അതിനർത്ഥം അന്ന് ഇവിടുള്ളവർ അവർക്കാവശ്യമായ പച്ചക്കറികൾ അവരവരുടെ വീട്ടു വളപ്പിൽത്തന്നെ ഉൽപ്പാദിപ്പിച്ചിരുന്നു എന്നാണ്. ഒരു വർഷത്തേക്കാവശ്യമുള്ളത്ര ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, ഇഞ്ചി, വെള്ളരി, മത്തൻ, കുമ്പളങ്ങ മുതലായവ ഉത്പാദിപ്പിച്ച് സൂക്ഷിച്ചിരുന്നു. വീട്ടാവശ്യത്തിന് വേണ്ട മുളക്, വെണ്ട, കത്തിരി, ചീര, അമര, പയർ, വാളരി മുതലായവ വീടുകളിൽ സുലഭവുമായിരുന്നു. മാങ്ങയുടേയും, ചക്കയുടേയും കശുവണ്ടിയുടേയും കാലങ്ങളിൽ ആയത് സുലഭമായി ലഭിച്ചിരുന്നു. പ്ലാവും മാവും മറ്റും യഥേഷ്ടം വെട്ടി നശിപ്പിച്ചത് കാരണം സസ്യശ്യാമള കോമളമായിരുന്ന നമ്മുടെ നാട്ടിൻപുറത്തിൻെറ ഹരിതാഭ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഇന്ന് പച്ചക്കറിയെ അന്യസംസ്ഥാ നത്തെ നാം ആശ്രയിക്കുന്നതുപോലെ, മാമ്പഴത്തിനും മറ്റ് പഴവർഗ്ഗങ്ങൾക്കും ഭാരിച്ച വിലനല്കി വാങ്ങി ഉപയോഗിക്കുകയും അന്യരെ ആശ്രയിക്കേണ്ടിയും വരുന്ന ദുരവസ്ഥയിൽ നാം എത്തി നിൽക്കുന്നു.

### കൃഷിഭൂമിയെ സംബന്ധിക്കുന്ന വിവരണം

| | വിസ്തീർണ്ണം |
|---|---|
| നിലം | 108 ഹെക്ടർ |
| പുരടിയം | 979 ഹെക്ടർ |
| ആകെ വിസ്തീർണ്ണം | 1087 ഹെക്ടർ |

| | |
|---|---|
| 1 ഹെക്ടറിൽ താഴെ നാമമാത്ര കർഷകർ | 1801 |
| 1 ഹെക്ടർ മുതൽ 2 വരെ ചെറുകിടകർഷകർ | 15 |
| 2 ഹെക്ടറിനുമുകളിൽ | 3 |
| സ്വയം പണിയെടുക്കുന്ന കൃഷിക്കാർ | 100 |

### വിളവിവരവും ഉല്പാദനക്ഷമതയും

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉല്പാദനം | ഉൽപ്പാദന ക്ഷമത |
|---|---|---|---|
| നെല്ല് | 108 | 245 ടൺ | 2270 കി.ഗ്രാം |
| പയർ | 12 | 9.6 | 800 കി.ഗ്രാം |
| തെങ്ങ് | 1562 | 183178 എണ്ണം | 7000 തേങ്ങ (ഹെക്ടറിന്) |
| വാഴ | 17 | 136 ടൺ | 8000 കി.ഗ്രാം (ഹെക്ടറിന്) |
| മരച്ചീനി | 205 | 4100 ടൺ | 20 ടൺ ഹെക്ടറിന് |
| കുരുമുളക് | 20 | 4 ടൺ | 20 കി.ഗ്രാം ഹെക്ടറിന് |
| കശുമാവ് | 5 | 4 ടൺ | 80 കി.ഗ്രാം ഹെക്ടറിന് |
| റബ്ബർ | 1 | 1 ടൺ | 1000 കി.ഗ്രാം ഹെക്ടറിന് |
| കമുക് | 3 | 6 ലക്ഷം പാക്ക് | 200,000 ഹെക്ടറിന് |

പുരയിട കൃഷിയുടെ വിളസാദ്ധ്യതകൾ തൃപ്തികരമല്ലെന്ന് മേൽ സൂചിപ്പിച്ച കണക്കുകൾ വ്യക്തമാക്കുന്നു. തെങ്ങുകളുടെ സാന്ദ്രത ഹെക്ടറിന് 117 ആണ്. തെങ്ങിനെ സംബന്ധിച്ച വൃക്ഷസാന്ദ്രത കുറവാണ്. പുതിയ തെങ്ങിൻ തൈകളുടെ വിതരണം ആവശ്യമായി വരുന്നു.

## തെങ്ങ് കൃഷിയെ സംബന്ധിക്കുന്ന വിവരങ്ങൾ

| | | തെങ്ങ് | | | രോഗം ബാധിച്ച തെങ്ങുകൾ | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് | വിസ്തീർണ്ണം | കായ്ക്കാൻ ഉള്ളത് | കായ്ക്കുന്നത് | ആകെ | വേരു ചീയൽ | കൂമ്പു ചീയൽ | ബഡ്റൂട്ട് | ചെന്നീര് ഒലിപ്പ് | മറ്റുള്ളവ | ആകെ |
| 1 | 128 | 710 | 8134 | 8844 | 653 | 35 | 15 | 20 | 80 | 803 |
| 2 | 263 | 8132 | 15042 | 23174 | 3689 | 23 | 11 | 7 | 380 | 4110 |
| 3 | 140 | 8681 | 5333 | 14014 | 162 | 10 | 8 | 8 | 262 | 450 |
| 4 | 148 | 5186 | 11665 | 16851 | 1458 | 40 | 50 | 51 | 310 | 1909 |
| 5 | 133 | 9709 | 23957 | 33696 | 2998 | 43 | 31 | 31 | 412 | 3575 |
| 6 | 108 | 4198 | 8993 | 13191 | 614 | 20 | 26 | 12 | 218 | 890 |
| 7 | 185 | 5579 | 9753 | 15332 | 718 | 9 | 12 | 14 | 360 | 1113 |
| 8 | 118 | 6764 | 16093 | 22857 | 2899 | 17 | 15 | 22 | 236 | 3189 |
| 9 | 339 | 12199 | 22820 | 35019 | 849 | 17 | 13 | 11 | 152 | 942 |
| ആകെ | 1562 | 61158 | 119790 | 183978 | 14042 | 214 | 181 | 176 | 2410 | 17021 |

അവലംബം : കൃഷിഭവൻ രേഖ

## ജലസേചന സൗകര്യങ്ങൾ

ഈ പഞ്ചായത്തിൽ പ്രധാനമായും 7 തോടുകളും 9 കുളങ്ങളുമാണ് ഉള്ളത്.

### തോടുകൾ

1. കാറാത്തല-വെള്ളിയാഴ്ചക്കാവ് തോട്
2. പാലച്ചിറ-വെള്ളിയാഴ്ചക്കാവ് തോട്
3. പാലച്ചിറ-വെള്ളിയാഴ്ചക്കാവ്-പുത്തൻകടവ്തോട്
4. ശിവൻനട-മുട്ടയ്ക്കാട്-പുത്തൻകടവ്തോട്
5. ശിവൻനട-ഏറത്തുകാവ്-പുത്തൻകടവ്തോട്
6. അയന്തി-ശാസ്താംകോവിൽ-പുത്തൻകടവ്തോട്
7. ചാക്കപ്പൊയ്ക-മംഗ്ലാവിൽ-പുത്തൻകടവ്തോട്

*(കൂടുതൽ വിവരങ്ങൾ ഭാഗം 3-ൽ ഭൂപ്രകൃതിയും വിഭവങ്ങളും നോക്കുക )*

### കുളങ്ങൾ

1. പാലച്ചിറ രണ്ടുവറ്റാത്ത കുളങ്ങൾ
2. മുടിയക്കോട് ദാമോദരൻ മുതലാളി വക ഒരു വറ്റാത്ത കുളം
3. ശിവൻനട വലിയകുളം
4. ശിവൻനട ചെറിയകുളം
5. പത്മനാഭൻകുട്ടിയുടെ വാതുക്കലെ കുളം
6. വലിയ വിളാകംകുളം
7. ശാസ്താംകോവിൽ കുളം
8. മംഗ്ലാവിൽ കുളം
9. വയലിൽക്കട കുളം
10. വെന്നികോട് പഞ്ചായത്തുകുളം
11. കൊച്ചുതെങ്ങുവിള വാതുക്കൽ കുളം
12. അയന്തി വലിയമേലേതിൽ കുളം
13. അയന്തി കൊച്ചുമേലേതിൽ കുളം

## ഉല്പന്നങ്ങളുടെ വിലയും വിപണനവും.

മാർക്കറ്റിംഗ് സഹകരണസംഘം നിലവിലില്ല - ചെറുവിപണികളിൽനിന്നും കർഷകരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ :-

നെല്ല് ഒരു പറയ്ക്ക് 40 രൂപ. മരച്ചീനി 1 കി.ഗ്രാം 5 രൂപ കുരുമുളക് 1 കി. 20 രൂപ. നാളികേരം 100ന്നു 300 രൂപ. അടയ്ക്ക 100നു 40 രൂപ. കർഷകതൊഴിലാളികളുടെ എണ്ണം ഉദ്ദേശം 2000.

## കൂലി നിരക്ക്

| കർഷകതൊഴിലാളി | ആൺ | പെൺ |
|---|---|---|
| ഉഴവ് 14 സെൻറിനു | 150രൂപ | |
| കിള (5മണിക്കൂർ) | 70രൂപ | |
| ഞാറുനടീൽ (5മണിക്കൂർ) | | 40രൂപ |
| കളപറിയ്ക്കൽ (5 മണിക്കൂർ) | | 40രൂപ |
| കൊയ്ത്ത് | | 7ന് 1 |
| മെതി (രണ്ടുപറകണ്ടത്തിന്) | | ഒരു പതനെല്ല് |
| തേങ്ങയിടീൽ (തെങ്ങ് ഒന്നിന് ഒരു തേങ്ങ) | | |
| റബർവെട്ട് ഒരു മരത്തിന് 15 പൈസ | | |
| ഷീറ്റ് അടിക്കുന്നതിന് (ഒരു ഷീറ്റിന്) 50 സ. | | |
| മരുന്നുതളി | 75രൂപ | |

## രാസവളം കീടനാശിനി ഉപഭോഗം

| വർഷം | രാസവളം സഹകരണസംഘം | രാസവളം സ്വകാര്യമേഖല | കീടനാശിനി സഹകരണം | കീടനാശിനി സ്വകാര്യമേഖല |
|---|---|---|---|---|
| | ടൺ | | ദ്രവം - ഖരം | ദ്രവം - ഖരം |
| 1993-94 | 105 ടൺ | 25 ടൺ | 30മീ. 62കി. | 60മീ 184കി. |
| 1994-95 | 145 ടൺ | 32 ടൺ | 42മീ. 74കി. | 62മീ 202കി. |
| 1995-96 | 180 ടൺ | | 56മീ 83കി. | |

രാസവളങ്ങൾ, കീടനാശിനി എന്നിവയുടെ ഉപഭോഗം കൂടികൂടി വരുന്നതായാണ് മേൽ കാണുന്ന പട്ടിക സൂചിപ്പിക്കുന്നത്.

### *പൊതുമേഖലാ വായ്പകൾ*

വാണിജ്യ ബേങ്കുകൾ -

| | | |
|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | - | 2,40000 |
| ഇന്ത്യൻ ഓവർസീസ് ബാങ്ക് | - | 2,00000 |
| ഹ്രസ്വകാല വായ്പപ | - | 1,29389 |

### *കൃഷിഭവൻെറപ്രവർത്തനങ്ങൾ*

കാർഷികോപകരണങ്ങളായി രണ്ടു ടില്ലറും 15 നാടൽ കലപ്പയും 12 റോക്സ്പ്പെയറുകളും 22 അപ്സ്റ്റാക്ക് സ്പെയറുകളും മൂന്ന് തെങ്ങു കയറ്റ യന്ത്രങ്ങളും അഞ്ച് ഷോർട്ട്വിൽ പമ്പ്സെറ്റുകളും നൽകിയതായി കൃഷിഭവൻെറ കണക്കിൽ കാണുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി 2138 തെങ്ങിൻ തൈകൾ വിതരണം ചെയ്തതായി രേഖകളിൽ കാണുന്നു. ജലസേചന സംവിധാനത്തെ പറ്റിയുള്ള കണക്കു തരാൻ കൃഷിഭവനു കഴിഞ്ഞില്ല. ചുരുക്കത്തിൽ ആവശ്യവും സമയോചിതവുമായ സേവനങ്ങൾ കർഷകന് ലഭിച്ചതായി കണ്ടില്ല.

### *കർഷകസംരംഭങ്ങൾ*

ഏലാവികസന സമിതികളും, കേരസംരക്ഷണ സമിതികളും വാർഡുതോറും രൂപീകരിച്ച് ആരംഭിച്ച പ്രവർത്തനങ്ങൾ സർക്കാരിൻെറ നയവ്യതിയാനം മൂലം മുടങ്ങുകയും ചിലതെല്ലാം നാമമാത്രമായി തുടരുകയും ചെയ്യുന്നു. പകരം കൃഷി ഓഫീസ് കേന്ദ്രീകരിച്ച് കേരസംരക്ഷണ സമിതികൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയത് ബഹുഭൂരിപക്ഷം കർഷകർക്കും അപ്രാപ്യ

മായി. വാർഡ് തോറും കേരകർഷക സമിതികളും ഏലാവികസന സമിതികളും ഊർജ്ജസ്വലമായി പ്രവർത്തിക്കേണ്ടതാണ്.

### *നടപ്പിലാക്കിയ പദ്ധതികളുടെ അവലോകനം*

കൃഷിവകുപ്പിലൂടെ കഴിഞ്ഞ പദ്ധതിയിൽപ്പെടുത്തി നിരവധി സ്കീമുകൾ നടപ്പിലാക്കിയിട്ടുണ്ട്. നെല്ല്, തെങ്ങ്, കുരുമുളക്, പച്ചക്കറി, പയർ, കശുമാവ്, വെറ്റില, മഞ്ഞൾ, ഇഞ്ചി, മരച്ചീനി എന്നീ കൃഷികൾക്കും ബയോഗ്യാസ് വികസനം, പ്രകൃതിക്ഷോഭ ദുരിതാശ്വാസ സെമിനാറുകൾ, തൊഴിൽദാന പദ്ധതികൾ എന്നിവ യ്ക്കുവേണ്ടിയാണ് പദ്ധതി വിഹിതം ചെലവിട്ടത്.

കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ചെലവഴിച്ച തുക വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1992 - 93.97 ലക്ഷം | |
| 93 - 94 | 1.69 ലക്ഷം |
| 94 - 95 | 4.13 ലക്ഷം |
| 95 - 96 | 4.27 ലക്ഷം |
| 96 - 97 | .95 ലക്ഷം |
| നാളിതുവരെ ആകെ - | 12.01 ലക്ഷം |

ഒരോ വർഷത്തെ ചെലവും പരിശോധിച്ചാൽ ഒരു അനുക്രമബന്ധവും കാണുന്നില്ല. പദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം അറിയാനാകുന്നില്ല. ഒരാൾക്ക് തന്നെ ആവർത്തിച്ച് ഗുണം ലഭിച്ചിട്ടുണ്ടോ എന്നും അറിഞ്ഞുകൂടാ. പദ്ധതികളെ കുറിച്ച് ജനങ്ങൾക്ക് എത്രമാത്രം അറിവുണ്ടായിരുന്നു എന്നതും അവ്യക്തം. പദ്ധതി നടത്തിപ്പിലൂടെ കാർഷിക മേഖലയിൽ ഉണ്ടായ ഗുണവർദ്ധനവു വിലയിരുത്തപ്പെട്ടിട്ടില്ല. ചെലവിനങ്ങൾ ഒരോ കാർഷിക മേഖലക്കും ആനുപാതികമായി ലഭിച്ചത് ചുവടെ പറയുന്ന ഗ്രാഫിൽ നിന്നും വ്യക്തമാകുന്നു.



ഇരുപത്തിമൂന്നു തലവാചകങ്ങളിലായി അറുപത്തി നാലു വകകളിലായാണ് ഒരോ വർഷവും തുക ചെലവാക്കി യിരിക്കുന്നത്. ഇവയിൽ വെറ്റില, മഞ്ഞൾ, ഇഞ്ചി തുടങ്ങി പച്ചക്കറി എന്നിവയുടെ കൃഷികളും, കീടനാശിനി വിതരണം, കിണർ കുഴിക്കുക, പമ്പുസെറ്റ് സ്ഥാപിക്കുക എന്നിവയോടൊപ്പം മാതൃകാ തോട്ടനിർമ്മാണവും കമ്പോസ്റ്റു നിർമ്മാണവും കാർഷികപരിശീലന പരിപാടികളും കൂടി ഉൾപ്പെടുന്നു.

ഒരോ സാമ്പത്തിക വർഷവും അനുവദിച്ച തുക ഇനംതിരിച്ച് ചെലവഴിച്ച് തീർക്കണം എന്ന കേവലധാരണക്കുപരി കാർഷിക മേഖലയുടെ ഉന്നമനം ഭൗതികമായി ലഭിക്കണം എന്ന ക്രിയാത്മകമായ സമീപനം പദ്ധതികളുടെ നടത്തിപ്പിൽ ഉണ്ടായിരുന്നോ എന്ന് സംശയിക്കണം. രൂപകല്പനയിലെ ധാരണ പിശകാണ് ഇതിൽ കാരണം എന്ന് പറഞ്ഞുകൂടാ. മറിച്ച് പ്രാദേശികമായി സാദ്ധ്യമായവ ഏതെന്ന് വേർതിരിച്ചെടുക്കാതിരിക്കുക, പദ്ധതികളെ കുറിച്ചുള്ള വ്യക്തമായ അറിവ് കർഷകന് ലഭ്യമാക്കാതിരിക്കുക, ശരിയായ കർഷകരെ കണ്ടെത്തി പദ്ധതി ആനുകൂല്യം ലഭ്യമാക്കാതിരിക്കുക, കൃഷി വിദഗ്ദരായ ഉദ്യോഗസ്ഥർ കൃഷിയിടങ്ങളിൽ എത്താതെ ഫയൽ വർക്കുകളിൽ മാത്രം ജോലി ഒതുക്കുക, പദ്ധതികളിൽ സുതാര്യയതയുടെ അഭാവം, കൂട്ടായ്മയുടെ സങ്കല്പം പ്രായോഗികതലത്തിൽ എത്തിക്കുന്നതിൽ പരാജയപ്പെടുക എന്നിവയാണ് കഴിഞ്ഞകാല പദ്ധതികളുടെ ഫലം ലഭിക്കാതെയിരുന്നതിനുള്ള പ്രധാന കാരണം.

പദ്ധതികളുടെ സുതാര്യതയില്ലായ്മയും സാമൂഹിക ആഡിറ്റിംഗിന്റെ അഭാവവും പ്രധാന പ്രശ്നങ്ങൾ ആയിരുന്നു. സജീവവും സത്യസന്ധവുമായ കാർഷിക വികസന സമിതികളിലൂടെ പഞ്ചായത്തിന്റെ നിരന്തരമായ മോണിറ്ററിംഗും, കൃഷി ഉദ്യോഗസ്ഥൻമാരുടെ ക്രിയാത്മക പങ്കാളിത്തവും കൂട്ടിയിണക്കി പദ്ധതികൾ നടപ്പിലാക്കിയാൽ ഏറെ ഗുണകരമായിരിക്കും. സ്കീമുകൾ കൂട്ടിയിണക്കിയുള്ള ഒരു സമഗ്രവീക്ഷണമാണ് ഏറെ അഭികാമ്യം.

കഴിഞ്ഞ പദ്ധതിക്കാലത്തു നെൽകൃഷിയിലുള്ള ശ്രദ്ധ ക്രമേണകുറഞ്ഞു വന്ന് 96-97 എത്തിയപ്പോഴേക്കും ഏതാണ്ടു ശൂന്യമായ നിലയിലാണ്. പച്ചക്കറി കൃഷിക്കു നാമമാത്രമായി മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇടവിളയായോ, അല്ലാതെയോ സമൃദ്ധമായി നമ്മുടെ നാട്ടിൽ കൃഷി ചെയ്യാവുന്ന മരച്ചീനി, വാഴ എന്നിവയ്ക്ക് അർഹമായ പ്രാധാന്യം കൊടുത്തിട്ടില്ല. ചേന, ചേമ്പ്,നനകിഴങ്ങ്, ചെറുവള്ളി തുടങ്ങിയ കിഴങ്ങിനങ്ങളിലും, പയർ, ഉഴുന്ന് തുടങ്ങിയ പയർ ഇനങ്ങളും നമ്മുടെ പ്രദേശത്ത് സുലഭമായിരുന്നതും അന്യംനിന്നതു പോലെയാണ് മഞ്ഞൾ പോലെ സംസ്കരിച്ചെടുക്കുന്നതിൽ അല്പം സാങ്കേതികത്വം ആവശ്യമുണ്ടെന്നിരിക്കെ അവയ്ക്കു വേണ്ടി ചെലവഴിച്ച തുക വ്യർത്ഥാവിലായി. ഇതിനു പ്രാദേശികമായി മാർക്കറ്റ് കണ്ടെത്തുവാനും പ്രയാസമാണ്.

8-ാം പദ്ധതിക്കാലത്ത് പഞ്ചായത്തിലെ കാർഷിക മേഖലയിൽ ജലസേചന സൗകര്യത്തിനായി താഴെ പറയുന്നവ സ്ഥാപിച്ചു.

| | | |
|---|---|---|
| പമ്പുസെറ്റുകൾ | - | 93 |
| ട്രിപ്പ്ഇറിഗേഷൻ | - | 4 |
| കമ്മ്യൂണിറ്റി ജലസേചനം | - | 1 |
| കിണർ കുഴിക്കൽ | - | 105 |
| കിണർ നന്നാക്കൽ | - | 3 |

ഇതിൽ 70 പമ്പുസെറ്റുകളും 2 ട്രിപ്പുകളും 67 കിണറുകളും സ്ഥാപിച്ചത് കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുള്ളിലാണ്.

കൃഷി ഉദ്യോഗസ്ഥൻമാരുടെ വിലയിരുത്തലിൽ നിലവിലുള്ള എല്ലാ പദ്ധതികളും തുടരണമെന്നാണ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇപ്പോഴുള്ള നിരക്കുകൾ വർദ്ധിപ്പിക്കേണ്ടതാണെന്നു പ്രത്യേകം പറഞ്ഞിട്ടുണ്ട്.

ജലസേചനത്തിനായി സാമൂഹിക വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

| വാർഡ് | കിണറുകൾ | കുളങ്ങൾ |
|---|---|---|
| 1 | 3 - എണ്ണം | 1 - എണ്ണം |
| 2 | 1 - എണ്ണം | 3 - എണ്ണം |
| 3 | 2 - എണ്ണം | ------------ |
| 4 | 4 - എണ്ണം | 1 - എണ്ണം |
| 5 | 1 - എണ്ണം | 3 - എണ്ണം |
| 6 | ----------- | 2 - എണ്ണം |
| 7 | 1 - എണ്ണം | 3 - എണ്ണം |
| 8 | 2 - എണ്ണം | ------------ |
| 9 | ------------ | ------------ |
| ആകെ | 14 എണ്ണം | 13 എണ്ണം |

## *ഗ്രാമസഭാ നിർദ്ദേശങ്ങൾ*

മണ്ണുപരിശോധന നടത്തണമെന്ന് 1, 9 വാർഡുകളിലെ ഗ്രാമസഭാ യോഗങ്ങൾ നിർദ്ദേശിച്ചു. മണ്ണൊലിപ്പ് തടയണമെന്നാണ് 1, 6, 9 ഗ്രാമസഭകൾ ആവശ്യപ്പെട്ടത്. സബ്സിഡി നിരക്കിൽ രാസവളം ലഭ്യമാക്കണമെന്ന് 1, 4, 6 ഗ്രാമസഭകളും, വളം വില്പന കേന്ദ്രം സ്ഥാപിക്ക

ണമെന്ന് 2-ാം വാർഡിലെ ഗ്രാമസഭയും നിർദ്ദേശിച്ചു. കാർഷികമേഖലയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തണമെന്നും, ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങൾ അവലംബിക്കണമെന്നുമാണ് 1, 2, 7 വാർഡുകളിലെ ഗ്രാമസഭകൾ ഉന്നയിച്ചത്. ഗ്രൂപ്പ് ഫാമിംഗ് ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന ശക്തമായ അഭിപ്രായം 1, 2, 5 വാർഡുകളിലെ ഗ്രാമസഭകളിൽ പൊന്തി വന്നു. മാതൃക കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കണമെന്നും, കാർഷിക വികസനത്തിന് EEC പോലുള്ള അന്താരാഷ്ട്ര സംഘടന യുടെ സഹായം തേടണമെന്നും 2, 7 വാർഡ് ഗ്രാമസഭകളും ആവശ്യപ്പെട്ടു. വാർഡ് തലത്തിൽ കാർഷിക വിദഗ്ദസമിതി രൂപീകരിക്കണമെന്ന് 5-ാം വാർഡ് ഗ്രാമസഭ നിർദ്ദേശിച്ചു. അഗ്രോസർവ്വീസ് സെൻററുകളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാണ് 1, 8 വാർഡുകളിലെ ഗ്രാമസഭകൾ മുന്നോട്ട് വച്ച നിർദ്ദേശം. ഗ്രാമസഭകളിൽ പൊന്തിവന്ന ഇതര നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും ലഭ്യമാക്കുക. കാർഷിക സെമിനാറുകളും, ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക. കൂലിനിരക്ക് ഏകീകരിക്കണം, ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കണം. ജൈവവളനിർമ്മാണം പ്രോത്സാഹിപ്പിക്കണം. ഇടവിളകൃഷി യൂണിറ്റുകൾ രൂപീകരിക്കുക. തെങ്ങിനും, വാഴക്കും ബാധിക്കുന്ന രോഗത്തെ ഫലപ്രദമായി ചെറുക്കുക.വാർഡുകൾ തോറും കേരസംരക്ഷണ സമിതികൾ പുനരുജ്ജീവിപ്പിക്കുക.പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും, വീടുകൾ തോറും യൂണിറ്റുകൾ ആരംഭിക്കുകയും വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കുകയും ചെയ്യുക. പുഷ്പകൃഷിക്ക് വായ്പ ലഭ്യമാക്കുക, വയൽ നികത്തൽ ഫലപ്രദമായി തടയുക, കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന പാടങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുക.

## പ്രശ്നങ്ങൾ

മണ്ണിന്റെ ഫലഭൂയിഷ്ടി നഷ്ടപ്പെടുകയും, ഉല്പാദന ക്ഷമത കുറയുകയും ചെയ്യുന്നു. മണ്ണൊലിപ്പ് കാരണം മണ്ണിന്റെ ജൈവാംശം നഷ്ടപ്പെടുന്നു. ജൈവവള പ്രയോഗം കുറയുകയും, രാസവളങ്ങളുടെ അത്ഭുതപൂർവ്വമായ വില വർദ്ധനയും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. ഭൂമിയുടെ മേലുള്ള ഉടമസ്ഥാവകാശം നഷ്ടപ്പെടുമോ എന്ന [illegible] ഒരു പ്രശ്നമായി അവശേഷിക്കുന്നു. ഇടവിളകൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. രോഗ നിവാരണ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. നെൽ കൃഷിക്ക് വേണ്ടത്ര സഹായം ലഭ്യമാകുന്നില്ല. മേൽത്തരം നടീൽ വസ്തുക്കളുടെ ദൗർലഭ്യം. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. അന്തർദേശീയ വിപണിയിൽ ഒട്ടേറെ സാദ്ധ്യതയുള്ള ഓർക്കിഡുകൾ, ആന്തൂറിയം തുടങ്ങിയ പലതരം പൂക്കളുടെ കൃഷികൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

## സാദ്ധ്യതകൾ

1. കൃഷിഭവൻ കേന്ദ്രമാക്കി മണ്ണ് പരിശോധനായൂണിറ്റ് ആരംഭിക്കണം.

2. രാസവളവും, കീടനാശിനിയും സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യണം. സബ്ബ് വളം ഡിപ്പോകൾ അനുവദിക്കണം.

3. ശാസ്ത്രീയ കൃഷിരീതിയും, യന്ത്രവൽക്കരണവും ഏർപ്പെടുത്തുക.

4. ഭൂവുടമകളും, കർഷകതൊഴിലാളികളും കൂടിചേർന്ന പാടശേഖര കാർഷികസംഘം രൂപീകരിച്ച് പരസ്പര ധാരണാപത്രം തയ്യാറാക്കി കൂട്ടുകൃഷി സമ്പ്രദായം ശാസ്ത്രീയമായി നടപ്പിലാക്കുക.

5. നെൽകൃഷി ആദായകരമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

6. രോഗബാധിതമായ തെങ്ങുകൾ മുറിച്ചുമാറ്റാൻ വേണ്ട ധനസഹായം നൽകുകയും മേത്തരം തെങ്ങിൻ തൈകൾ ലഭ്യമാക്കുകയും ചെയ്യുക.

7. ഇടവിള കൃഷികളായ മരച്ചീനി, കൂവ, ഇഞ്ചി, ചേന, ചേമ്പ്, കുരുമുളക് തുടങ്ങിയവയുടെ വികസനത്തിന് സമഗ്ര പദ്ധതി തയ്യാറാക്കുക.

8. പച്ചക്കറി കൃഷി പഞ്ചായത്തിലെ എല്ലാവീടുകളിലും വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി രൂപപ്പെടുത്തുകയും, മേത്തരം വിത്തും, നടീൽ വസ്തുക്കളും ലഭ്യമാക്കുകയും ചെയ്യുക.

9. നെൽവിത്ത്, പച്ചക്കറിവിത്തുകൾ, തെങ്ങിൻ തൈകൾ, മാവ്, പ്ലാവ്, വാഴക്കന്ന് മുതലായ നടീൽ വസ്തുക്കൾ ശാസ്ത്രീയമായി ഉല്പാദിപ്പിക്കുവാനും വേണ്ട പദ്ധതി തയ്യാറാക്കുക.

10. ഓർക്കിഡുകൾ, ആന്തൂറിയം മുതലായ പൂക്കളുടെ കൃഷിയ്ക്കുവേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും നല്കുക.

11. കൂൺ കൃഷിയ്ക്കുവേണ്ട സാങ്കേതിക സാമ്പത്തിക സഹായം നല്കുക.

12. മൾബറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പട്ടു നൂൽപ്പുഴു വളർത്തലിനും വേണ്ട ധനസഹായം നല്കുക.

13. പച്ചിലവളം വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി തരിശുഭൂമി, തോട്ടുവരമ്പ്, പുറമ്പോക്ക്, എന്നീ സ്ഥലങ്ങളിൽ കൃഷി നടത്തുന്നതിനുവേണ്ട സാധ്യതകൾ പ്രയോജനപ്പെടുത്തുക.

14. കൃഷിഭവന് സ്വന്തമായി കെട്ടിടം പണിയുക.

## ജലസേചനം

### *ഗ്രാമസഭാ നിർദ്ദേശങ്ങൾ.*

തോടുകളിലെ ചെളിമണ്ണ് നീക്കം ചെയ്ത് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് 1,2,4,5,8 വാർഡുകളിലെ ഗ്രാമസഭകൾ നിർദ്ദേശിച്ചു. തോടുകൾക്ക് സൈഡുവാൾ കെട്ടണമെന്ന് 1,2,4 വാർഡുകളിലെ ഗ്രാമസഭകൾ ആവശ്യപ്പെട്ടു. അതോടൊപ്പം തടയണകൾ കെട്ടണമെന്ന ആവശ്യം 2,3,4 വാർഡു ഗ്രാമസഭകൾ ഉന്നയിച്ചു. തോട്ടിലെ ചീർപ്പുകൾ പുതുക്കി പണിയണമെന്ന ആവശ്യം 1,5 വാർഡുഗ്രാമസഭകൾ ആവശ്യപ്പെട്ടു. പുതിയ കുളങ്ങൾ നിർമ്മിക്കണമെന്നും പമ്പുസെററുകൾ സ്ഥാപിക്കണമെന്നും 6,7,9 വാർഡു ഗ്രാമസഭകൾ ആവശ്യപ്പെട്ടു.

### പ്രശ്നങ്ങൾ.

1. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.
2. മണ്ണൊലിപ്പ് സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ
3. ജലദൗർലഭ്യം പരിഹരിക്കുന്നതിനാവശ്യമായ പൊതുകുളങ്ങളുടേയും കിണറുകളുടെയും അഭാവം.
4. ശാസ്ത്രീയമായ മണ്ണ് - ജലസംരക്ഷണത്തിൻെറ അഭാവം.
5. ജലസേചന പരിപാടികൾ നടപ്പാക്കുന്നതിലുളള ഫണ്ടിൻെറ അപര്യാപ്തത.

### സാദ്ധ്യതകൾ

1. തോടുകൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുകയും സൈഡുവാൾകെട്ടി മണ്ണൊലിപ്പ് തടയുകയും ചെയ്യുക.
2. ജലസേചന സൗകര്യങ്ങൾക്കായി കിണറുകൾ, കുളങ്ങൾ, തോടുകൾ എന്നിവ നിർമ്മിക്കാനുള്ള പരിപാടി.
3. നിലവിലുള്ള കുളങ്ങൾ, കിണറുകൾ എന്നിവ മെച്ചപ്പെടുത്തുകയും പമ്പുസെറ്റുകൾ സ്ഥാപിച്ച് ജലസേചന സൗകര്യം കാര്യക്ഷമമാക്കാനുമുള്ള പരിപാടികൾ നടപ്പിലാക്കുക.
4. തോടുകളിൽ തടയണകൾ കെട്ടി ജലലഭ്യത വർദ്ധിപ്പിക്കുക.
5. വാട്ടർഷെഡ്ഡു പദ്ധതി (നീർത്തട വികസന പദ്ധതി) യിൽ ചെറുന്നിയൂർ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുക.
6. ജനങ്ങളിൽ ജലസംരക്ഷണ ബോധം വളർത്തുന്നതിനുവേണ്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

ണമെന്ന് 2-ാം വാർഡിലെ ഗ്രാമസഭയും നിർദ്ദേശിച്ചു. കാർഷികമേഖലയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തണമെന്നും, ശാസ്ത്രീയ കൃഷി സമ്പ്രദായങ്ങൾ അവലംബിക്കണമെന്നുമാണ് 1, 2, 7 വാർഡുകളിലെ ഗ്രാമസഭകൾ ഉന്നയിച്ചത്. ഗ്രൂപ്പ് ഫാമിംഗ് ഫലപ്രദമായി നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന ശക്തമായ അഭിപ്രായം1, 2, 5 വാർഡുകളിലെ ഗ്രാമസഭകളിൽ പൊന്തി വന്നു. മാതൃക കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കണമെന്നും, കാർഷിക വികസനത്തിന് EEC പോലുള്ള അന്താരാഷ്ട്ര സംഘടന യുടെ സഹായം തേടണമെന്നും 2, 7 വാർഡ് ഗ്രാമസഭകളും ആവശ്യപ്പെട്ടു. വാർഡ് തലത്തിൽ കാർഷിക വിദഗ്ദസമിതി രൂപീകരിക്കണമെന്ന് 5-ാം വാർഡ് ഗ്രാമസഭ നിർദ്ദേശിച്ചു. അഗ്രോസർവ്വീസ് സെൻററുകളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാണ് 1, 8 വാർഡുകളിലെ ഗ്രാമസഭകൾ മുന്നോട്ട് വച്ച നിർദ്ദേശം. ഗ്രാമസഭകളിൽ പൊന്തിവന്ന ഇതര നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും ലഭ്യമാക്കുക. കാർഷിക സെമിനാറുകളും, ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക, കൂലിനിരക്ക് ഏകീകരിക്കണം, ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കണം. ജൈവവളനിർമ്മാണം പ്രോത്സാഹിപ്പിക്കണം, ഇടവിളകൃഷി യൂണിറ്റുകൾ രൂപീകരിക്കുക, തെങ്ങിനും, വാഴക്കും ബാധിക്കുന്ന രോഗത്തെ ഫലപ്രദമായി ചെറുക്കുക,വാർഡുകൾ തോറും കേരസംരക്ഷണ സമിതികൾ പുനരുത്ജീവിപ്പിക്കുക.പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും, വീടുകൾ തോറും യൂണിറ്റുകൾ ആരംഭിക്കുകയും വിത്തും നടീൽ വസ്തുക്കളും ലഭ്യമാക്കുകയും ചെയ്യുക, പുഷ്പകൃഷിക്ക് വായ്പ ലഭ്യമാക്കുക, വയൽ നികത്തൽ ഫലപ്രദമായി തടയുക, കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന പാടങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുക.

## പ്രശ്നങ്ങൾ

മണ്ണിൻെറ ഫലഭൂയിഷ്ടി നഷ്ടപ്പെടുകയും, ഉല്പാദന ക്ഷമത കുറയുകയും ചെയ്യുന്നു. മണ്ണൊലിപ്പ് കാരണം മണ്ണിൻെറ ജൈവാംശം നഷ്ടപ്പെടുന്നു. ജൈവവള പ്രയോഗം കുറയുകയും, രാസവളങ്ങളുടെ അത്ഭുതപൂർവ്വമായ വില വർദ്ധനയും കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കുന്നു. ഭൂമിയുടെ മേലുള്ള ഉടമസ്ഥാവകാശം നഷ്ടപ്പെടുമോ എന്ന [illegible] കൂട്ടുകൃഷി [illegible] ഒരു പ്രശ്നമായി അവശേഷിക്കുന്നു. ഇടവിളകൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. രോഗ നിവാരണ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. നെൽ കൃഷിക്ക് വേണ്ടത്ര സഹായം ലഭ്യമാകുന്നില്ല. മേൽത്തരം നടീൽ വസ്തുക്കളുടെ ദൗർലഭ്യം. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. അന്തർദേശീയ വിപണിയിൽ ഒട്ടേറെ സാദ്ധ്യതയുള്ള ഓർക്കിഡുകൾ, ആന്തൂറിയം തുടങ്ങിയ പലതരം പൂക്കളുടെ കൃഷികൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

## സാദ്ധ്യതകൾ

1. കൃഷിഭവൻ കേന്ദ്രമാക്കി മണ്ണ് പരിശോധനായൂണിറ്റ് ആരംഭിക്കണം.

2. രാസവളവും, കീടനാശിനിയും സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യണം. സബ്ബ് വളം ഡിപ്പോകൾ അനുവദിക്കണം.

3. ശാസ്ത്രീയ കൃഷിരീതിയും, യന്ത്രവൽക്കരണവും ഏർപ്പെടുത്തുക.

4. ഭൂവുടമകളും, കർഷകതൊഴിലാളികളും കൂടിചേർന്ന പാടശേഖര കാർഷികസംഘം രൂപീകരിച്ച് പരസ്പര ധാരണാപത്രം തയ്യാറാക്കി കൂട്ടുകൃഷി സമ്പ്രദായം ശാസ്ത്രീയമായി നടപ്പിലാക്കുക.

5. നെൽകൃഷി ആദായകരമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

6. രോഗബാധിതമായ തെങ്ങുകൾ മുറിച്ചുമാറ്റാൻ വേണ്ട ധനസഹായം നൽകുകയും മേത്തരം തെങ്ങിൻ തൈകൾ ലഭ്യമാക്കുകയും ചെയ്യുക.

7. ഇടവിള കൃഷികളായ മരച്ചീനി, കൂവ, ഇഞ്ചി, ചേന, ചേമ്പ്, കുരുമുളക് തുടങ്ങിയവയുടെ വികസനത്തിന് സമഗ്ര പദ്ധതി തയ്യാറാക്കുക.

8. പച്ചക്കറി കൃഷി പഞ്ചായത്തിലെ എല്ലാവീടുകളിലും വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി രൂപപ്പെടുത്തുകയും, മേത്തരം വിത്തും, നടീൽ വസ്തുക്കളും ലഭ്യമാക്കുകയും ചെയ്യുക.

9. നെൽവിത്ത്, പച്ചക്കറിവിത്തുകൾ, തെങ്ങിൻ തൈകൾ, മാവ്, പ്ലാവ്, വാഴക്കന്ന് മുതലായ നടീൽ വസ്തുക്കൾ ശാസ്ത്രീ യമായി ഉല്പാദിപ്പിക്കുവാൻ വേണ്ട പദ്ധതി തയ്യാറാക്കുക.

10. ഓർക്കിഡുകൾ, ആന്തൂറിയം മുതലായ പൂക്കളുടെ കൃഷിയ്ക്കുവേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും നല്കുക.

11. കുൺ കൃഷിയ്ക്കുവേണ്ട സാങ്കേതിക സാമ്പത്തിക സഹായം നല്കുക.

12. മൾബറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പട്ടു നൂൽപ്പുഴു വളർത്തലിനും വേണ്ട ധനസഹായം നല്കുക.

13. പച്ചിലവളം വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി തരിശുഭൂമി, തോട്ടുവരമ്പ്, പുറമ്പോക്ക്, എന്നീ സ്ഥലങ്ങളിൽ കൃഷി നടത്തുന്നതിനുവേണ്ട സാധ്യതകൾ പ്രയോജനപ്പെടുത്തുക.

14. കൃഷിഭവന് സ്വന്തമായി കെട്ടിടം പണിയുക.

## ജലസേചനം

### *ഗ്രാമസഭാ നിർദ്ദേശങ്ങൾ.*

തോടുകളിലെ ചെളിമണ്ണ് നീക്കം ചെയ്ത് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് 1,2,4,5,8 വാർഡുകളിലെ ഗ്രാമസഭകൾ നിർദ്ദേശിച്ചു. തോടുകൾക്ക് സൈഡുവാൾ കെട്ടണമെന്ന് 1,2,4 വാർഡുകളിലെ ഗ്രാമസഭകൾ ആവശ്യപ്പെട്ടു. അതോടൊപ്പം തടയണകൾ കെട്ടണമെന്ന ആവശ്യം 2,3,4 വാർഡു ഗ്രാമസഭകൾ ഉന്നയിച്ചു. തോട്ടിലെ ചീർപ്പുകൾ പുതുക്കി പണിയണമെന്ന ആവശ്യം 1,5 വാർഡുഗ്രാമസഭകൾ ആവശ്യപ്പെട്ടു. പുതിയ കുളങ്ങൾ നിർമ്മിക്കണമെന്നും പമ്പുസെററുകൾ സ്ഥാപിക്കണമെന്നും 6,7,9 വാർഡു ഗ്രാമസഭകൾ ആവശ്യപ്പെട്ടു.

### പ്രശ്നങ്ങൾ.

1. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.
2. മണ്ണൊലിപ്പ് സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ
3. ജലദൗർലഭ്യം പരിഹരിക്കുന്നതിനാവശ്യമായ പൊതുകുളങ്ങളുടേയും കിണറുകളുടെയും അഭാവം.
4. ശാസ്ത്രീയമായ മണ്ണ് - ജലസംരക്ഷണത്തിൻെറ അഭാവം.
5. ജലസേചന പരിപാടികൾ നടപ്പാക്കുന്നതിലുള്ള ഫണ്ടിൻെറ അപര്യാപ്തത.

### സാദ്ധ്യതകൾ

1. തോടുകൾ അറ്റകുറ്റപ്പണി നടത്തി സംരക്ഷിക്കുകയും സൈഡുവാൾകെട്ടി മണ്ണൊലിപ്പ് തടയുകയും ചെയ്യുക.
2. ജലസേചന സൗകര്യങ്ങൾക്കായി കിണറുകൾ, കുളങ്ങൾ, തോടുകൾ എന്നിവ നിർമ്മിക്കാനുള്ള പരിപാടി.
3. നിലവിലുള്ള കുളങ്ങൾ, കിണറുകൾ എന്നിവ മെച്ചപ്പെടുത്തുകയും പമ്പുസെറ്റുകൾ സ്ഥാപിച്ച് ജലസേചന സൗകര്യം കാര്യക്ഷമമാക്കാനുമുള്ള പരിപാടികൾ നടപ്പിലാക്കുക.
4. തോടുകളിൽ തടയണകൾ കെട്ടി ജലലഭ്യത വർദ്ധിപ്പിക്കുക.
5. വാട്ടർഷെഡ്ഡു പദ്ധതി (നീർത്തട വികസന പദ്ധതി) യിൽ ചെറുന്നിയൂർ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുക.
6. ജനങ്ങളിൽ ജലസംരക്ഷണ ബോധം വളർത്തുന്നതിനുവേണ്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

മാതൃകാ ഡയറി യൂണിറ്റിന് 7000 രൂപയും മാതൃകാ തൊഴുത്തിന് 1250 രൂപയും കർഷക സമ്പർക്ക പരിപാടിക്ക് 200 രൂപയും പാലുല്പന്ന പ്രദർശനത്തിന് 100 രൂപയും സബ്സിഡിയായി നൽകിവരുന്നു.

2. ഡയറി സഹകരണസംഘങ്ങളുടെ ആധുനിക വൽക്കരണം

ഇതിന് സബ്സിഡിയായി വിവിധ ഇനങ്ങളിൽ 61400 രൂപയും ഒരു സഹകരണസംഘത്തിന് ലഭ്യമാക്കാൻ നിലവിലുള്ള സ്കീമുകൾക്ക് കഴിയും.

3. കാലിത്തീറ്റ പദ്ധതി

വാണിജ്യാടിസ്ഥാനത്തിൽ തീറ്റ ഉൽപ്പാദിപ്പിക്കാൻ ഹെക്ടർ ഒന്നിന് 15000രൂപയും വയ്ക്കോൽ സംപുഷ്ട മാക്കുന്നതിന് ആളൊന്നിക്ക് 500 രൂപയും വളം സബ്സിഡിയായി മൂന്നിനം പുല്ലുകൾക്കായി ഹെക്ടർ ഒന്നിന് 1500 രൂപയും ചോളം, കാലൻപയർ, റൂട്ട് സ്ലീപ്സ് എന്നിവയ്ക്ക് യഥാക്രമം 700, 300,1000 രൂപാവീതം സബ്സിഡി നൽകിവരുന്നു.

4. പ്രത്യേക ഘടക പദ്ധതി

ഈ പദ്ധതിയിൽപ്പെടുത്തി കറവപശു ഒന്നിന് 7000 രൂപയും ഗർഭിണികളായ പശു ഒന്നിന് തീറ്റിയിനത്തിൽ 1650 രൂപയും സബ്സിഡികളായി ലഭിക്കും.

മേൽപറഞ്ഞ പദ്ധതികൾ കർഷകർക്ക് വളരെ ആശ്വാസദായകവും, കാലിവളർത്തൽ ഒരു മാന്യമായ തൊഴിലാണെന്ന സങ്കല്പത്തിന് ഏറെ അനുഗുണവും ആണ്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ മേൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരം യഥാർത്ഥ കർഷകന് വേണ്ടത്ര ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്നാണ് കാണാൻ കഴിയുന്നത്.

## മത്സ്യബന്ധനം



നമ്മുടെ പഞ്ചായത്തിൻെറ തെക്കുകിഴക്കു അതിർത്തിയിൽ ഏകദേശം അഞ്ചുകിലോമീറ്ററോളം വ്യാപിച്ചു കിടക്കുന്നതും സമീപപ്രദേശങ്ങളായ മണമ്പൂർ, ഒറ്റൂർ, വക്കം എന്നീ പഞ്ചായത്തുകളുമായി അതിർത്തി പങ്കിടുന്ന കോഴിത്തോട്ടം കായൽ ചരിത്രപരമായിത്തന്നെ വളരെ പ്രാധാന്യം അർഹിക്കുന്നു. രാജവാഴ്ചയുടെ ഗതകാല സ്മരണകളെ നമ്മുടെ സ്മൃതിപഥത്തിൽ എത്തിക്കുന്ന വിശാലമായ കായൽപ്പരപ്പ് ജലഗതാഗത രംഗത്തും, ടൂറിസം മേഖലയിലും വളരെ സാദ്ധ്യതകൾ നല്കുന്നു.

## *നമ്മുടെ മത്സ്യ സമ്പത്ത്.*

ഉൾനാടൻ മത്സ്യബന്ധനത്തിന് വളരെയേറെ സാധ്യതകൾ നല്കുന്നതാണ് നമ്മുടെ കായൽപ്പരപ്പ്. മത്സ്യ കയറ്റുമതി രംഗത്ത് നിർണ്ണായക സ്ഥാനം അവകാശപ്പെടാവുന്ന ചെമ്മീൻ (Prawn) ഞണ്ട് (Crab) തുടങ്ങി കരിമീൻ, കണമ്പ്, കക്ക എന്നിവകളാൽ ഫലഭൂയിഷ്ടമാണ്. കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം ഉല്പാദനത്തെ ഗണ്യമായി സ്വാധീനിക്കുന്നുണ്ടെങ്കിലും നാമമാത്രമാണ്. പാരമ്പര്യമായി മത്സ്യബന്ധനത്തിലേർപ്പെട്ടു കുടുംബം പുലർത്തുന്ന ഏകദേശം അൻപതു (50) കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലെ 3, 4, 9 എന്നീ വാർഡുകളിൽ സ്ഥിരമായി താമസിച്ചു വരുന്നു കൂടാതെ അയൽ ജില്ലയായ കൊല്ലത്തെ കുമ്പളം, കുണ്ടറ, പടപ്പാക്കര എന്നീ പ്രദേശങ്ങളിൽ നിന്നും ഉപകരണസാമഗ്രികളുമായി ധാരാളം തൊഴിലാളികൾ നമ്മുടെ കായൽപ്പരപ്പുകളിൽ സീസൺ അനുസരിച്ച് സ്ഥിരമായി എത്താറുണ്ട് എന്നു പറയുമ്പോൾത്തന്നെ നമ്മുടെ മത്സ്യബന്ധനത്തിൻെറ ചിത്രം വ്യക്തമാകുന്നു. ഇവിടെ നിന്നും ലഭിക്കുന്ന മത്സ്യസമ്പത്തിൻെറ എഴുപത്തിയഞ്ചു ശതമാനവും സമീപജില്ലകളിൽ നിന്നും വ്യാപാരികൾ എത്തി മൊത്തമായി സംഭരിച്ച് (കയറ്റുമതി ഇനങ്ങളായ ചെമ്മീൻ, ഞണ്ട് തുടങ്ങിയവ) കൊല്ലത്ത് കൊണ്ടുപോയി ശീതീകരിച്ച് കയറ്റുമതി ചെയ്യപ്പെടുകയും, മറ്റിനങ്ങൾ കുണ്ടറ, കൊട്ടാരക്കര തുടങ്ങിയ വൻകിട മാർക്കറ്റുകളിൽ കൊണ്ടുപോയി വിപണനം ചെയ്യപ്പെടുന്നു.

നമ്മുടെ പഞ്ചായത്തിലെ മത്സ്യസമ്പത്തിനെ പരമാവധി ചൂഷണം ചെയ്യാൻ നമുക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല എന്ന സത്യം നിലനിൽക്കുന്നു. ഇതിൻെറ അടിസ്ഥാനകാരണങ്ങൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് നൂതന ശാസ്ത്രസാങ്കേതിക വിദ്യയുടെ കടന്നുകയറ്റം മത്സ്യബന്ധനമേഖലയിലും വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചപ്പോൾ അതിനു അനുരൂപമായി നവീന മത്സ്യബന്ധനോപകരണങ്ങൾ സ്വന്തമാക്കാനുള്ള സാമ്പത്തിക അടിത്തറയോ, പുതിയ ഉപകരണങ്ങൾ ഉപയോഗിക്കാനുള്ള പ്രാവീണ്യമോ നമ്മുടെ മത്സ്യത്തൊഴിലാളികൾക്ക് ഇല്ലാതെപോയി. നമ്മുടെ മത്സ്യത്തൊഴിലാളികൾക്ക് പാരമ്പര്യമായി കിട്ടിയ അനുഭവസമ്പത്തും, നവീന ശാസ്ത്രസാങ്കേതിക വിദ്യകളുംകൂടി സമന്വയിപ്പിച്ചാൽ നമുക്ക് പുതിയൊരു മത്സ്യബന്ധനവിപണനസംസ്കാരം പടിത്തുയർത്താൻ കഴിയുകയും, അതിലൂടെ നമ്മുടെ പഞ്ചായത്തിൻെറ വിഭവസമാഹരണ രംഗത്ത് വിലയേറിയ സംഭാവനകൾ നല്കാനും കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

### ഗ്രാമസഭാനിർദ്ദേശങ്ങൾ

1. കായൽ നികഴ്ത്തൽ തടയണം.
2. മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കണം.
3. കായലിൽ ബണ്ടുകൾ നിർമ്മിച്ചും, കുളങ്ങൾ കുഴിച്ചും മത്സ്യകൃഷി പ്രോത്സാഹിപ്പിക്കണം.
4. കായലോരങ്ങളിൽ മത്സ്യഉല്പാദകരുടെ യൂണിറ്റുകൾ രൂപീകരിക്കണം.
5. മത്സ്യസഹകരണസംഘങ്ങൾ സ്ഥാപിക്കണം.

### പ്രശ്നങ്ങൾ

1. വിശാലമായ നമ്മുടെ കായൽപ്പരപ്പ് അനധികൃതമായി നികഴ്ത്തപ്പെടുന്ന പ്രവണത.
2. കയർ ഉല്പാദനം ഗണ്യമായി വർദ്ധിക്കുകയും അതിന് ആനുപാതികമായി തൊണ്ട് അഴുക്കാനുള്ള ആവശ്യകത വർദ്ധിക്കുന്നതിൻെറ ഫലമായി പുംകായലിൽ തൊണ്ട് താഴ്ത്തപ്പെടുന്ന സാഹചര്യം പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതിനാൽ പുറംകായലിലെ തൊണ്ട് അഴുക്കൽ നിരോധിക്കണം.
3. നീർവാളം (നഞ്ച്) ഉപയോഗിച്ചുള്ള മത്സ്യവേട്ട ജലമലിനീകരണം ഉണ്ടാക്കുകയും മത്സ്യങ്ങളുടെ പ്രജനനകാലത്തെ ദോഷകരമായി ബാധിക്കുകയും. ചെയ്യുന്നു.
4. പരമ്പരാഗത ഉൾനാടൻ മത്സ്യബന്ധനോപകരണങ്ങൾ മാത്രം ഉപയോഗിക്കുന്നതുകൊണ്ട് ഉല്പാദനരംഗത്ത് മാന്ദ്യം അനുഭവപ്പെടുന്നു.
5. മത്സ്യസംഭരണ വിപണന സഹകരണസംഘങ്ങളുടെ അഭാവം.

### സാദ്ധ്യതകൾ

1. നമ്മുടെ പഞ്ചായത്തിൻെറ കായൽ അതിർത്തി വ്യക്തമായി നിർണ്ണയിച്ചു കിട്ടുകയും, അനധികൃത കയ്യേറ്റം കർശനമായി തടയാൻ വേണ്ട നിയമ നടപടികൾ ഊർജ്ജിതപ്പെടുത്തുക.

2. പുറം കായലിൽ തൊണ്ട് അഴുക്കുന്ന പ്രവണത തടയുവാനും, എല്ലാത്തരത്തിലുമുള്ള ജലമലിനീകരണം ഒഴിവാക്കാനും വേണ്ടി കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും വേണം.

3. മത്സ്യതൊഴിലാളികൾക്ക് നിലവിലുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും, നടപടിക്രമങ്ങൾ ലഘൂകരിച്ച് അവ നടപ്പിലാക്കുകയും വേണം.

4. പരമ്പരാഗത മത്സ്യതൊഴിലാളികൾ ആധുനിക മത്സ്യബന്ധനോപകരണങ്ങൾ ലഭ്യമാക്കുക.

5. പഞ്ചായത്ത് അടിസ്ഥാനത്തിൽ മത്സ്യസംഭരണ വിതരണ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

6. കായലിൽ ബണ്ടുകൾ നിർമ്മിച്ച് കുളങ്ങൾ കുഴിച്ചും ചെമ്മീൻ, ഞണ്ട് മറ്റ് മത്സ്യങ്ങൾ തുടങ്ങിയവ കൃഷിചെയ്യുന്നതിന് വ്യക്തികൾക്കോ, സംഘടനകൾക്കോ സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കുക.

7. കുളങ്ങളിലും മറ്റ് ജലാശയങ്ങളിലും ശുദ്ധജല മത്സ്യകൃഷിക്കും, ചതുപ്പുനിലങ്ങളിലും മറ്റും ഓരു ജല മത്സ്യകൃഷിക്കും വേണ്ട സാമ്പത്തിക, സാങ്കേതിക സഹായം ഏർപ്പെടുത്തുക.

8. അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ വ്യക്തികൾക്കോ, യൂണിറ്റ് അടിസ്ഥാനത്തിലോ മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും അതിനുവേണ്ട സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

9. കായലോരങ്ങളിൽ മത്സ്യുല്പാദകരുടെ യൂണിറ്റുകൾ രൂപീകരിക്കുക.

10. മത്സ്യതൊഴിലാളി പെൻഷൻ കാലോചിതമായി പരിഷ്കരിക്കുക.



# വിദ്യാഭ്യാസം

ചെറുന്നിയൂർ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം ശ്രീ കടത്തൂർ നീലകണ്ഠപ്പിള്ള എന്ന അദ്ധ്യാപകൻെറ ഉടമസ്ഥതയിൽ ചെറുന്നിയൂർ ചാക്കകപ്പൊയ്കയിൽ 1927-ൽ സ്ഥാപിതമായ ശങ്കരവിലാസം പ്രൈമറി സ്കൂൾ ആയിരുന്നു. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ തന്നെ ശ്രീപ്ലാവിള മൈതീൻ പുത്തൻപുരയിൽ മീരാസായു എന്നിവരുടെ നേതൃത്വത്തിൽ മാനേജ്മെൻറിൽ ചെറുന്നിയൂരിന് സമീപം മുസ്ലീം എൽ.പി.എസ്. സ്ഥാപിക്കപ്പെട്ടു. പിൽക്കാലത്ത് ഈ രണ്ടു വിദ്യാലയങ്ങളും സർക്കാരിലേക്ക് വിട്ടുകൊടുക്കപ്പെടുകയും നിലവിൽ ഈ സ്കൂളുകൾ യഥാക്രമം ഗവഃ എൽ.പി.എസ്. ചെറുന്നിയൂർ എന്നും ഗവഃ മുസ്ലീം എൽ.പി.എസ് എന്നുമുള്ള നാമധേയത്തിൽ അറിയപ്പെടുകയും ചെയ്യുന്നു. 1951-ൽ കോർപ്പറേറ്റ് മാനേജ്മെൻറിൻെറ കീഴിൽ ഫാദർ ജോസഫിൻെറ നേതൃത്വത്തിൽ മുടിയക്കോട് സെൻറ് സെബാസ്റ്റ്യൻസ് യു.പി.എസ്. സ്ഥാപിച്ചു. ഇതേ കാലഘട്ടത്തിൽത്തന്നെ ശ്രീ. എച്ച്.എസ്. തങ്ങളുടെ സ്വകാര്യമാനേജ്മെൻറിൽ പാലച്ചിറയിൽ ഹബീബ് ഹാജി തങ്ങൾ മെമ്മോറിയൽ എൽ.പി. ആൻറ് യൂ.പി. സ്കൂൾ സ്ഥാപിതമായി. ഈ സ്കൂളുകൾ നിലവിൽ വന്നതോട്കൂടി വിദ്യാഭ്യാസ രംഗത്ത് വൻപിച്ച പുരോഗതിക്ക് വഴിമരുന്നിട്ടു.

അറുപതുകളിലും, എഴുപതുകളുടെ തുടക്കത്തിലും ഒരു ഹൈസ്കൂളിൻെറ ആവശ്യകത ഈ നാട്ടിലെ പൊതുകാര്യപ്രസക്തരെ അലട്ടിയിരുന്ന ഒരു പ്രശ്നമാണ്. 1976 ജൂൺ 1ന് ഒരു ചിരകാലാഭിലാഷം സാക്ഷാത്കരിക്കപ്പെട്ടുകൊണ്ട് ചെറുന്നിയൂർ ഗവഃഹൈസ്കൂൾ സ്ഥാപിതമായി. ശ്രീ. വി. ഇസ്മായിൽ പിള്ളയായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. ഹൈസ്കൂൾ സ്ഥാപനത്തിന് പിന്നിൽ 25 പേരുള്ള ഒരു ഹൈസ്കൂൾ കമ്മിറ്റിയും 5 പേരുള്ള ഒരു സ്പോൺസറിംഗ് കമ്മിറ്റിയുമായിരുന്നു പ്രവർത്തിച്ചിരുന്നത്. സ്പോൺസറിംഗ് കമ്മിറ്റിയിൽ ഉണ്ടായിരുന്നത് സർവ്വശ്രീ. സി.കെ. ബാലകൃഷ്ണൻ, എൻ. ശ്രീകണ്ഠൻനായർ, എൻ. മാധവൻ മാസ്റ്റർ, കെ. രഘുവരൻ, കെ. രവീന്ദ്രൻ എന്നവരായിരുന്നു. ഉൽപ്പന്നപ്പിരിവും, പണപ്പിരിവും നടത്തിയാണ് ഇതിനുവേണ്ട വിഭവങ്ങൾ സമാഹരിച്ചത്. 1978-ൽ പത്താംക്ലാസ് നിലവിൽ വന്നതോടുകൂടി ഇതൊരു സമ്പൂർണ്ണ ഹൈസ്കൂളായി മാറിയെങ്കിലും നിഷ്കർഷിക്കപ്പെട്ട രണ്ടേക്കർ ഭൂമി ലഭ്യമാക്കുവാൻ ഇന്നുവരേയും കഴിഞ്ഞിട്ടില്ല. എൽ.പി.എസ്സിൻെറ പ്രവർത്തനം 160 അടി നീളത്തിൽ ഉണ്ടാക്കിയ ഒരു ഷെഡിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടാണ് എൽ.പി.എസ്സിൻെറ സ്ഥലത്ത് ഹൈസ്കൂൾ പ്രവർത്തനം തുടങ്ങിയത്.

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ലയിലെ എസ്.എസ്.എൽ.സിക്ക് മികച്ച വിജയം തുടർച്ചയായി ഈ സ്കൂൾ നേടിയിട്ടുണ്ട്. ഇതിനുവേണ്ടി അർപ്പണമനോഭാവത്തോട് കൂടി അദ്ധ്യാപകസമൂഹവും രക്ഷാകർതൃസംഘടനയും പ്രവർത്തിച്ചു. കാലക്രമേണ വിദ്യാഭ്യാനിലവാരത്തിൽ ഈ സ്കൂളിന് പിറകോട്ടടി സംഭവിച്ചു. മുടിയക്കോട് എസ്.എസ്.യു. പി.എസ്ൻെറ പ്രവർത്തനവും ചിട്ടയായ മാനേജ്മെൻറും, അദ്ധ്യാപകരുടെ സേവനവും വിദ്യാഭ്യാസമേഖലയ്ക്ക് ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ട്.

ഇന്നത്തെ പൊതു അവസ്ഥ.

കഴിഞ്ഞ 10 വർഷത്തിനിടയിൽ ഈ പഞ്ചായത്തിൽ സ്കൂളുകൾ കൂടുകയോ കുറയുകയോ ചെയ്തിട്ടില്ല. എന്നാൽ പലസ്കൂളുകളിലും ഡിവിഷനുകൾ കുറഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നു എന്നർത്ഥം. രക്ഷാകർത്താക്കൾ കുട്ടികളെ സമീപത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ അയച്ചു പഠിപ്പിക്കുന്നതും ജനനനിരക്കു കുറഞ്ഞതും ഇതിനു കാരണങ്ങളാണ്.

എല്ലാസ്കൂളുകളിലും അദ്ധ്യാപക രക്ഷാകർത്തൃസമിതികൾ സജീവം. ഇത്തരം സാമൂഹിക ഇടപെടൽ വിദ്യാഭ്യാസ നിലവാരം നിലനിർത്തുന്നതിനും സ്കൂൾ നടത്തിപ്പ് സുഗമമാക്കുന്നതിനും സഹായിക്കുന്നു. ചുറ്റുമതിൽ നിർമ്മിക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, കുടിവെള്ള സംവിധാനങ്ങൾ ഉണ്ടാക്കുക, തുടങ്ങിയ പ്രവർത്തനങ്ങൾ ഉത്തരവാദിത്വത്തോടെ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. മാതൃസംഗമം ചെറുന്നിയൂർ എച്ച്.എസ്സിലും താന്നിമൂട് കെ.ജി.ജി.എൽ.പി.എസ്ലും പാലച്ചിറ യു.പി.എസ്ലും സജീവമായി നടന്നുവരുന്നു.

## നിലവിലുള്ള സ്കൂളുകൾ.

ഈ പഞ്ചായത്തിൽ മൂന്നു പ്രൈമറി സ്കൂളുകളും രണ്ടു യൂ.പി. സ്കൂളും ഒരു ഹൈസ്കൂളുമാണുള്ളത്. അവയുടെ പേരുകളും വിശദാംശങ്ങളും താഴെ കൊടുക്കുന്നു.

# വിദ്യാഭ്യാസം

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് സ്കൂളിൻെറ പൊതുവിവരം

| സ്കൂളിൻെറ പേര് | ഹൈ സ്കൂൾ യു.പി./ എൽ.പി. പ്രീ. പ്രൈമറി | സ്കൂളിൻെറ ഉടമസ്ഥത | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | സ്കൂൾ ക്യാമ്പസ്സിൻെറ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിൻെറ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | | |
| 1. ഗവഃ HS ചെറുന്നിയൂർ | HS | ✓ | – | 278 | 325 | 603 | 22+1 | 22+1 | 1 ഏക്കർ (സ്വന്തമല്ല) | * |
| 2. HHTMUPLPS പാലച്ചിറ | UP&LP | – | ✓ | 372 | 333 | 705 | 21 | 21 | 1 ഏക്കർ 25 സെൻറ് | 750 $m^2$ |
| 3. SSUPS മുടിയക്കോട് | UP | – | ✓ | 251 | 241 | 492 | 15 | 15 | 1 ഏക്കർ | 1/2 ഏക്കർ |
| 4. ഗവഃ LPS ചെറുന്നിയൂർ | LP | ✓ | – | 143 | 162 | 305 | 9 | 9 | 1 ഏക്കർ | 20 സെൻറ് |
| 5. KGGLPS താന്നിമൂട് | LP | ✓ | – | 46 | 56 | 102 | 4 | 4 | 1/2 ഏക്കർ | 30 സെൻറ് |
| 6. ഗവഃ MLPS പാലച്ചിറ | LP | ✓ | – | 64 | 52 | 116 | 6 | 6 | 1 ഏക്കർ | 30 സെൻറ് |

അവലംബം : സ്കൂൾ രേഖകൾ

പഠിത്തം നിറുതതിയ വിദ്യാർത്ഥികളെ സംബന്ധിച്ച് അതിനുള്ള കാരണം അന്വേഷിച്ച് വിലയിരുത്തപ്പെട്ടതായി കാണുന്നില്ല. 21 പട്ടികജാതിക്കാർ കൊഴിഞ്ഞു പോയപ്പോൾ മറ്റുള്ളവർ 51 പേരും പോയി. സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്.

### *എസ്.എസ്.എൽ.സി വിജയശതമാനം.*

| | |
|---|---|
| 92-93 | 62% |
| 93-94 | 58% |
| 94-95 | 50% |
| 95-96 | 40% |

മേൽപറഞ്ഞ വിജയശതമാനം വിദ്യാഭ്യാസത്തിൻെറ അധഃപതനത്തിലേക്ക് വിരൽ ചൂണ്ടുന്നു. ഒരുപക്ഷേ സ്വകാര്യ മേഖലയിൽനിന്നു ലഭിക്കുന്ന അധ്യാപന വൈദഗ്ധ്യവും അച്ചടക്കവും സർക്കാർസ്ഥാപനങ്ങളിൽ ലഭിക്കുന്നില്ല എന്ന വസ്തുതയും നിലനിൽക്കുന്നു.

വിദ്യാർത്ഥികൾക്കു ലഭിച്ചുവരുന്ന സർക്കാർ ആനുകൂല്യങ്ങൾ.

ഈ പഞ്ചായത്തിൻെറ ആറു സ്കൂളുകളിലായി 1995 -96 സ്കൂൾ വർഷത്തിൽ 17 പേർക്ക് മെരിറ്റ് സ്കോളർഷിപ്പും 343 പേർക്ക് ലംപ്സം ഗ്രാൻറും 18 പേർക്ക് മുസ്ലീം ഗേൾസ് സ്കോളർഷിപ്പും 3 പേർക്ക് മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പും 3 പേർക്ക് ജവാൻമാരുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പും ലഭിച്ചു.

### ആനൗപചാരിക വിദ്യാഭ്യാസ മേഖല.

ഈ മേഖല താരതമ്യേന ദുർബലമാണ്. സമാന്തര വിദ്യാഭ്യാസ രംഗത്ത് 3 ട്യൂട്ടോറിയൽ കോളേജും സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് 2 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഉണ്ട്. ഏകദേശം ആറ് വർ[illegible]ുമുമ്പ് വിദ്യാഭ്യാസ നിലവാരം ഉയർത്തു[illegible] സമാന്തര വിദ്യാലയങ്ങളിലെ അർപ്പണ ബോധമുള്ള ആധ്യാപകരുടെ സേവനങ്ങൾ വിലപ്പെട്ടതായിരുന്നു. അവിടങ്ങളിൽ മുൻകാലങ്ങളിലെ നിലവാരം ഇന്നില്ല. വാദ്യാർത്ഥികളുലെ പട്ടണങ്ങളിൽ പോയി പഠിക്കാനുള്ള താല്പര്യവും ഈ വ്യതിയാനത്തിന് കാരണമാണ്.

### സാക്ഷരതാ പ്രവർത്തനം.

സാക്ഷരതാ പ്രവർത്തനങ്ങലളുടെ ആദ്യഘട്ടങ്ങളിൽ നടത്തിയ ഊർജ്ജ്വസ്വല ആത്മാർത്ഥവുമായ പ്രവർത്തനം പഠിതാക്കളെ കണ്ടെത്തലിലും അക്ഷരം പഠിപ്പിക്കുന്നതിലും ഒതുങ്ങി. ഇപ്പോൾ തുടർ സാക്ഷരതാ പ്രവർത്തനം അവതാളത്തിലായരിക്കുകയാണ്. പഞ്ചായത്ത് സാക്ഷരതാ സമിതിയുടെ നേതൃത്വത്തിലും ഉത്തരവാദിത്വത്തിലും ഇത് തുടർന്ന് നടത്തേണ്ടിയിരുക്കുന്നു. സാക്ഷരതാ സമിതി രൂപീതകരിച്ച് ഈ പഞ്ചായത്തിൽ തുടർ വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തുകയും ജനവിദ്യാകേന്ദ്രറങ്ങൾ തുടങ്ങേണ്ടതുമാണ്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പ്രീപ്രൈമറി സ്കൂൾ സ്ഥാപിക്കുക. (2,3,9,5)
2. നിലവിലുള്ള യു.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഗേൾസ് ഹൈസ്കൂളാര്കു (2)
3 അധ്യയന വർഷാരംഭത്തിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കുക, പാരലൽ കോളേജിലേ ഫീസ് ഏകീകരിക്കുക, പ്രൈമറി തലത്തിൽ കായികാദ്ധ്യാപകരെ നിയമിക്കുക, നിലവിലുള്ള സ്കൂളുകൾക്ക് കളിസ്ഥസം ലഭ്യമാക്കുക. (3)
4. സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുക, ചുറ്റുമതിൽ നിർബന്ധമാക്കുക, കഞ്ഞിപ്പുര നിർമ്മിക്കു, പമ്പുസെറ്റ് ലഭ്യമാക്കുക. (3,4,5)
5. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുക. പഠനത്തിന് സ്ഥലസൗകര്യം ലഭ്യമാക്കുക, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിക്കുക. 5()
6. സാങ്കേതിക വിദ്യാലയങ്ങൾ സ്ഥാപിക്കുക, സാക്ഷരതാ കേന്ദ്രന്ദ്രങ്ങൾ പുനരുജ്ജീവിപ്പിച്ച് തുടർ വിദ്യാഭ്യാസ പരിപാടി സാധ്യമാക്കുക. (1,2,7,8)
7. ചെറുന്നിയൂർ ഗവഃഹൈസ്കൂളിന് വേണ്ട രണ്ടു ഏക്കർ പതിനഞ്ചുസെൻറ് സ്ഥലം അടിയന്തിരമായി അക്വയർ ചെയ്യണം. (എല്ലാ ഗ്രാമസഭകേളും)

### പ്രശ്നങ്ങൾ

1. കളിസ്ഥലത്തിൻെറ അഭാവം മൂലം ക്ലാസ് മുറികളിൽ ഒതുങ്ങുന്ന വിദ്യാഭ്യസം മാത്രമേ ഇപ്പോൾ നടക്കുന്നുള്ളു,. ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ച കുട്ടികൾക്ക് അത്യന്താപേക്ഷിതമാണ്.

2. ഒരേ കോഴ്സിനുതന്നെ പാരലൽ കോളേജുകൾ വ്യത്യസ്ഥ ഫീസ് ഈടാക്കുന്നു. ഈ സ്ഥാപനങ്ങൾക്ക് ലൈസൻസിങ്ങ് ഏർപ്പെടുത്തണം

3. പ്രൈ[illegible] തന്നെ വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസം നല്കുവാൻ കഴിയുന്നില്ല.

4. സ്കൂളുകളിൽ പഠന സൗകര്യം വേണ്ടത്രയില്ല.

5. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കേന്ദ്രങ്ങൾ നിലവിലില്ല.

6. കൊഴിഞ്ഞുപോക്ക് താരതമ്യേന വർദ്ധിക്കുന്നു.

7. സാക്ഷരതാ കേന്ദ്രങ്ങൾ നിർജ്ജീവമായി

## സാദ്ധ്യതകൾ

1. ചെറുന്നിയൂർ ഗവഃ ഹൈസ്കൂളിന് വേണ്ട 2 ഏക്കർ സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട് നടപ്പിലാക്കുക.

2. ഗവഃതലത്തിൽ പ്രീപ്രൈമറി സ്കൂളും അപ്പർ പ്രൈമറി സ്കൂളും അനുവദിക്കുക.

3. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

4. സാക്ഷരതാ കേന്ദ്രങ്ങൾ പുനഃസ്ഥാപിക്കുക.

5. വിദ്യാലയങ്ങളുടെ വാർഷിക അറ്റകുറ്റപണികൾ സമയബന്ധിതമായി നടപ്പിലാക്കുക.

6. നിർദ്ധന വിദ്യാർത്ഥികൾ പഠന ഉപകരണങ്ങളും യൂണിഫോറവും സൗജന്യമായി നല്കുന്ന പദ്ധതി നടപ്പിലാക്കുക.

7. സ്കൂളിലെ ഉച്ചഭക്ഷണ പരിപാടി ശാസ്ത്രീയമായി നടപ്പിലാക്കുക.

8. അക്കാമഡേഷൻ ഇല്ലാത്ത സ്കൂളുകൾക്ക് ആവശ്യമായ ക്ലാസ് റൂമുകൾ നിർമ്മിച്ച് നല്കുക.

9. കംപ്യൂട്ടർ എഡ്യൂക്കേഷൻ, ഇലക്ട്രോണിക്സ് ആൻറ് ഇലക്ട്രിക്കൽ ഗൃഹോപകരണങ്ങളുടെ റിപ്പയിംഗിൽ സാങ്കേതിക വിദ്യ ലഭ്യമാക്കത്തക്ക സാധ്യതകൾ പ്രയോജനപ്പെടുത്തുക.

10. വിദ്യാജ്യോതി സമഗ്രവിദ്യാഭ്യാസ പരിപാടിയും ഡി.പി.ഇ.പി. യും ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുക.



# ആരോഗ്യവും കുടിവെള്ളവും

## ആരോഗ്യം :-

*പൊതു അവസ്ഥ*

എടുത്തു പറയത്തക്ക തരത്തിൽ ആരോഗ്യപ്രശ്നങ്ങൾ ഈ പ്രദേശത്ത് ഉണ്ടാകുന്നില്ലെന്ന് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. താഴെ പറയുന്ന വസ്തുതകൾ അതിന് ഉപോൽബലകങ്ങളാണ്.

| | പഞ്ചായത്തിൽ | കേരളത്തിൽ |
|---|---|---|
| പൊതുമരണനിരക്ക് | 3 | 5.9 |
| ജനന നിരക്ക് | 8.4 | 17 |
| അംഗവൈകല്യനിരക്ക് | 5.7 | - |
| രോഗാതുരത | 11 | - |

വിശദാംശങ്ങൾ - (ചെറുന്നിയൂർ പി.എച്ച്.സി.യിൽ നിന്നും ലഭിച്ചവ)

| വർഷം | ത്വക്ക്രോഗം | എല്ലാവാതരോഗങ്ങളും | മറ്റുള്ളരോഗങ്ങൾ |
|---|---|---|---|
| 1992-93 | 51 | 289 | 9771 |
| 93-94 | 48 | 171 | 9893 |
| 94-95 | 77 | 292 | 10249 |
| '95-96 | 94 | 298 | 10319 |

1991 ലെ സെൻസസ് പ്രകാരം 16325 ആയിരുന്ന പഞ്ചായത്തിലെ ജനസംഖ്യ ഇപ്പോൾ 19125 ആയി വർദ്ധിച്ചു എന്ന കണക്ക് വച്ച് പരിശോധിക്കുമ്പോൾ രോഗാതുരത വർദ്ധിച്ചതായി പറയാൻ കഴിയുന്നില്ല.

പകർച്ചവ്യാധി രോഗങ്ങളുടെ വിവരം

| വർഷം | ജലജന്യരോഗം | വായുജന്യരോഗം | പ്രാണിജന്യരോഗം | മറ്റുള്ളവ |
|---|---|---|---|---|
| 1993-94 | 7 | 30 | 11 | 9893 |
| 1994-95 | 18 | 22 | 7 | 10249 |
| 1995-96 | 26 | 19 | 4 | 10319 |

ജലജന്യരോഗംതാരതമ്യേന കൂടുതൽ ആണ്. ഇതിന് ശുദ്ധജല ലഭ്യതയുമായിട്ടു ബന്ധമുണ്ട്. വായുജന്യ രോഗങ്ങളും പ്രാണിജന്യരോഗങ്ങളും നിയന്ത്രണാധീന മായിരിക്കുന്നു.

കുട്ടികളുടെ പോഷണ നിലവാരം

| പ്രായം | നോർമൽ ആൺ-പെൺ |
|---|---|
| 1 വയസ്സിൽ താഴെ | 53 - 61 |
| 1 മുതൽ 3 വരെ | 413 - 437 |
| 3 മുതൽ 6 വരെ | 407 - 425 |

ലഘുവായ പോഷണക്കുറവുള്ള ഒരാൺകുട്ടി ഉണ്ടെന്നാണ് കണക്ക്.

പ്രതിരോധ കുത്തിവയ്പുകളെ സംബന്ധിക്കുന്ന വിവരങ്ങൾ. പ്രകാരം അത് കാര്യമായിത്തന്നെ നടന്ന് വരുന്ന എന്ന് പറയാം.

ഈ പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ മാത്രമേയുള്ളു എന്ന കാര്യം എടുത്തുപറയേണ്ടതുണ്ട്. അവിടെ കിടത്തി ചികിത്സയില്ല. ഒരു ഡോക്ടറും ഒരു ഹെൽത്ത് ഇൻസ്പെക്ടറും ഉൾപ്പെടെ 16 ജീവനക്കാരാണ് ഉള്ളത്. കൂടാതെ രണ്ടു സ്വകാര്യ ആശുപത്രികളും 4 മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും ഒരു സ്വകാര്യ ആയുർവ്വേദ കേന്ദ്രവും നിലവിലുണ്ട്.

---

ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ആരോഗ്യസംഘടനകൾ.

മഹിളാ സ്വസ്റ്റ് സംഘം : ചെറുന്നിയൂർ പി.എച്ച്. സെൻററിൻെറ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന സന്നദ്ധ വനിതാ സേവാ സംഘമാണിത്. ഹെൽത്ത് വർക്കർമാർ ചെയ്യേണ്ടി വരുന്ന മിക്കവാറും എല്ലാ പ്രവർത്തനങ്ങളും ചെയ്തുവരുന്നു. വീട് സന്ദർശനം, രോഗപ്രതിരോധ പരിപാടികളുടെ സംഘാടനം, കുടുംബക്ഷേമ ക്യാമ്പുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, ക്ലാസുകൾ, ഒ.ആർ.എസ്. വിതരണം, ജനന മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യുക, പകരുന്ന രോഗങ്ങളുടെ വിവരം സെൻററിൽ അറിയി ക്കുക സ്കൂൾ ഹെൽത്ത് പ്രോഗ്രാം എന്നിവയിൽ സഹകരിക്കുക എന്നിവയാണ് ഇവരുടെ പ്രവർത്തനങ്ങൾ. കൂടാതെ മാസത്തിലെ 8-ാം പ്രവൃത്തി ദിവസം യൂണിറ്റ് അംഗങ്ങൾ (15 പേർ) സെൻററുകളിൽ ഹാജരാകുകയും വേണ്ട നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു.

## പരിസര ശുചീകരണം

കക്കൂസുകളുടെ വിവരം.

| വാർഡ് | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം (IRDP) | അനുവദിച്ച കക്കൂസുകളുടെ എണ്ണം (92ന് ശേഷം) | കക്കൂസുകൾ വേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | 75 | 12 | 63 |
| 2 | 63 | 10 | 53 |
| 3 | 59 | 9 | 50 |
| 4 | 64 | 11 | 53 |
| 5 | 72 | 9 | 63 |
| 6 | 35 | 12 | 23 |
| 7 | 119 | 11 | 108 |
| 8 | 295 | 10 | 285 |
| 9 | 159 | 12 | 845 |
| ആകെ | 941 | 96 | 845 |

## കുളിക്കടവുകൾ

പഞ്ചായത്തിൽ 6 പൊതു കുളിക്കടവുകളുണ്ട്.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ

ഹെൽത്ത് സെൻററിൻെറ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും, സബ് സെൻററുകൾ ആരംഭിക്കുകയും ചെയ്യണമെന്ന് 2ഉം 5ഉം വാർഡ് ഗ്രാമസഭായോഗങ്ങൾ നിർദ്ദേശിച്ചു. 2,8,9 വാർഡ് ഗ്രാമസഭാ യോഗങ്ങൾ ഗവൺമെൻറ് ആയുർവ്വേദ ആശുപത്രി അനുവദിക്കണമെന്നും 3,5,6,7 വാർഡ് ഗ്രാമസഭായോഗങ്ങൾ ഹോമിയോ ആശുപത്രി അനുവദിക്കണമെന്നും നിർദ്ദേശിച്ചു. കൊതുക് നിവാരണ പദ്ധതികൾ നടപ്പിലാക്കണമെന്ന് എല്ലാ ഗ്രാമസഭകളും ആവശ്യപ്പെട്ടു. പേവിഷബാധ തടയണമെന്ന് 1,4,5,8,9 വാർഡ് ഗ്രാമസഭകൾ നിർദ്ദേശിച്ചു. മെഡിക്കൽ നേത്രദാന ക്യാമ്പുകളും, രക്തഗ്രൂപ്പ് നിർണ്ണയവും നടത്തണമെന്ന് 9-ാം വാർഡ് ഗ്രാമസഭാ യോഗം ആവശ്യപ്പെട്ടു. സാനിറ്റേഷനും ക്ലോറിനേഷനും നടത്തണമെന്നും ആരോഗ്യ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന ആവശ്യങ്ങളാണ്.

## പ്രശ്നങ്ങൾ

1. പ്രൈമറി ഹെൽത്ത് സെൻറർ നല്കുന്ന സേവനങ്ങളിലെ അപര്യാപ്തത.
2. സബ്സെൻറർ പ്രവർത്തനം വ്യാപകമാക്കാൻ കഴിയാത്ത സാഹചര്യം.
3. ആയുർവ്വേദ, ഹോമിയോ തുറകളിലെ സേവനങ്ങൾ ലഭ്യമാക്കാൻ കഴിയാത്ത സ്ഥിതി.
4. പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികളുടെ അപര്യാപ്തത.
5. വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സ്ഥിതി വിശേഷം.
6. സമ്പൂർണ്ണ സാനിട്ടേഷന് വേണ്ട ഫണ്ടിൻെറ അപര്യാപ്തത.

## സാദ്ധ്യതകൾ

1. പ്രൈമറി ഹെൽത്ത് സെൻററിൻെറ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, 25 കിടക്കകളുള്ള ഇൻപേഷ്യൻറ് വിഭാഗം തുടങ്ങുകയും ചെയ്യുക.
2. പഞ്ചായത്തിൽ ഓരോ ഗവൺമെൻറ് ആയുർവ്വേദ ആശുപത്രിയും ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറിയും പുതുതായി ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.
3. എല്ലാ വീടുകളിലും ജനപങ്കാളിത്തത്തോട് കൂടി കക്കൂസ് സ്ഥാപിച്ച് സമ്പൂർണ്ണ ശുചിത്വ ഗ്രാമങ്ങളായി മാറുക.
4. എല്ലാ വാർഡുകളിലും മെഡിക്കൽ സെൻററുകൾ സ്ഥാപിക്കുക.
5. അലഞ്ഞ്തിരിഞ്ഞ് നടക്കുന്ന പട്ടികളെ പിടിച്ച് നശിപ്പിക്കാനുള്ള നടപടി ഊർജ്ജിതപ്പെടുത്തുകയും, പട്ടികൾക്ക് പേവിഷ പ്രതിരോധ കുത്തി വയ്പ് നിർബന്ധമാക്കുകയും ചെയ്യുക.
6. വളർത്ത് പട്ടികൾക്ക് ലൈസൻസ് ഏർപ്പെടുത്തുക. കൊതുക് നിവാരണ പദ്ധതി ഊർജ്ജിതമായി നടപ്പാക്കുക.
7. പ്രൈമറി ഹെൽത്ത് സെൻററിൽ, അത്യാഹിത വിഭാഗവും, എക്സ്റേ, ഇ.സി.ജി. തുടങ്ങിയ സൗകര്യങ്ങളും ഏർപ്പെടുത്തുക.
8. ഡോക്ടർമാർക്കും മറ്റുജീവനക്കാർക്കും വേണ്ടി ക്വാർട്ടേഴ്സ് പണിയുക.
9. ആരോഗ്യബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

# കുടിവെള്ളം

കുടിവെള്ളത്തിൻെറ ലഭ്യത പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും ഒരു വൻ പ്രശ്നമാണ്. കുടിവെള്ളം പ്രശ്നത്തിൻെറ രൂക്ഷത അനുഭവപ്പെടുന്ന പ്രദേശങ്ങൾ ചുവടെ ചേർക്കുന്നു. 7-ാം വാർഡിലെ പാലച്ചിറ, കിടാത്തുവിള, കുന്നിരവിള, ദളവാപുരത്ത ഭാഗങ്ങൾ, 8-ാത്ത വാർഡിലെ കല്ലുമലക്കുന്ന്, കാകൻകുന്ന്, റോഡുവിള പ്രദേശങ്ങൾ, 9-ാം വാർഡിലെ കുമിളിവിള 3-ാം വാർഡിലെ ആലുവിള, മുടിയക്കോട്ട്, പന്തുവിള പ്രദേശത്ത,4-ാം വാർഡിലെ പള്ളിക്കുന്ന് 5-ാം വാർഡിലെ ലക്ഷ്മിപുരം, 6-ാം വാർഡിലെ അയന്തിക്കുന്ന് പുറം എന്നിവയാണ്.

വേനൽക്കാലത്ത് കുടിവെള്ളം ലോറിയിൽ വിതരണം ചെയ്യപ്പെട്ട സ്ഥലങ്ങൾ

വാർഡ് 1 - കാറാത്തല, കുഴിവിള, തെറ്റികുളം, പാണിക്കൽ കോളനി

വാർഡ് 2 - വടശ്ശേരിക്കോണം, ഹരിജൻ കോളനി, ആലുംമൂട്, അച്ചുമ്മാമുക്ക്, പാലച്ചിറ യു. പി സ്കൂൾ പരിസരം.

വാർഡ് 3 - ആലുവിള, പന്തുവിള, മുടിക്കോട്

വാർഡ് 4 - വട്ടവിള, താന്നീമൂട്, ശാസ്താംനട, എം. പി മുക്ക്

വാർഡ് 5 - ചെറുന്നിയൂർ മുക്ക്, കോവിൽ വിള, പാലച്ചിറ എൽ. പി. എസ് പരിസരം, മുക്കുകട, ഏറത്തുവിള

വാർഡ് 6 - അയന്തി, കുന്നുംപുറം, ആലുവിള, പന്തുവിള

വാർഡ് 7 - ദളവാപുരം, പാലച്ചിറക്കുന്ന്, കിടാവത്തുവിള

വാർഡ് 8 - മേൽവെട്ടൂർ, റോഡുവിള, കാകൻകുന്ന്, കല്ലുമലക്കുന്ന്

വാർഡ് 9 - വെന്നിക്കോട്, കോയിയ്ക്കകുന്ന്, കട്ടിംഗ്

പഞ്ചായത്തിലെ ജലസ്രോതസ്സുകൾ

### *പ്രശ്നങ്ങൾ*

കുടിവെള്ള ക്ഷാമം വേനല്ക്കാലങ്ങളിൽ രൂക്ഷം. കുടിവെള്ള സ്രോതസ്സുകൾ പോരാ പൈപ്പുകൾ, ടാപ്പുകൾ, കിണറുകൾ, കുഴൽകിണറുകൾ,എന്നിവ ആവശ്യത്തിന് മതിയാകുന്നില്ല. വിതരണ സംവിധാന ങ്ങൾക്ക് അറ്റ കുറ്റ പണികൾ അനിവാര്യം പൊതു കിണർ സ്വകാര്യ വ്യക്തികൾ കൈയ്യടക്കി വയ്ക്കുന്നു. വെള്ളത്തിന് അമിതമായി ചാർജ് ഈടാക്കുന്നു. വെള്ളത്തിൻെറ പരിശുദ്ധി പരിശോധിക്കപ്പെടേണ്ടത് ആവശ്യമാണ്. വടശ്ശേരിക്കോണം കോളനിയിലെ ശുദ്ധജലക്ഷാമം.

### *സാധ്യതകൾ*

നിലവിലുള്ള മിനി വാട്ടർ സപ്ലൈ സ്കീമുകൾ മെച്ചപ്പെടുത്തുക. സാധ്യതയുള്ള ഇടങ്ങളിൽ പുതിയ സ്കീമുകൾ തുടങ്ങുക. ഉള്ള കിണറുകൾ വൃത്തിയാക്കി ആഴം കൂട്ടുന്നതിനും പുതിയ കിണറുകൾ കുഴിക്കുന്നതിനും പരിപാടികൾ. പൈപ്പ് ലൈനുകളും ടാപ്പുകളും അടിയന്തിരമായി അറ്റ കുറ്റ പണികൾ നടത്തുക. പൊതുകിണറുകളിൽ പമ്പ് സെറ്റുകൾ സ്ഥാപിക്കുക. കുടിവെള്ളത്തിൻെറ പരിശുദ്ധിപരിശോധിക്കാൻ സംവിധാനം. ഉപഭോഗ മനുസരിച്ച് മാത്രം ചാർജ് ഈടാക്കുക. വാമനപുരം പദ്ധതി ത്വരിതപ്പെടുത്താൻ പ്രേരിപ്പിക്കുക. പ്രസ്തുത പദ്ധതി ഈ പഞ്ചായത്തിലും ലഭ്യമാക്കുക. സ്വകാര്യവ്യക്തികൾ കൈക്കലാക്കിയ പൊതു കിണറുകൾ വീണ്ടെടുക്കുക. പുതിയ കുഴൽ ക്കിണറുകളുടെ സ്ഥാപനം. വടശ്ശേരിക്കോണം കോളനിക്ക് വേണ്ടി മിനി വാട്ടർ സപ്ലേ സ്കീം നടപ്പാക്കുക.

### *<u>നടപ്പു പദ്ധതികളുടെ അവലോകനം</u>*

1. പരിപാടിയനുസരിച്ച് പഞ്ചായത്ത് അതിർത്തിയിൽ 18 പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്.
2. നിർമ്മാണം പൂർത്തിയാക്കിയ സാമൂഹ്യ ആസ്തികളുടെ വിവരം വാർഡ് 1 ഒരു കിണർ

പഞ്ചായത്തിൽ 69 പൊതു ടാപ്പുകളും 438 ഹൗസ് കണക്ഷനുകളും വഴി പൈപ്പു വെള്ളം വിതരണം ചെയ്യുന്നു. 14 പൊതുകുഴൽ കിണറുകളും 36 പൊതുകിണറുകളും ഉണ്ട്.

## പഞ്ചായത്തിലെ ജലസ്രോതസ്സുകൾ

| നിലവിലുള്ള പൊതു കിണറുകൾ | പുതുതായി ആവശ്യപ്പെടുന്നവ |
|---|---|
| വാർഡ് 1<br>കാറാത്തല 2, ആഗ്രോസെൻറർ-1<br>ചാണിക്കൽ -2, മാടൻകാവ് - 2 | |
| വാർഡ് 2<br>പാലച്ചിറ, വടശ്ശേരിക്കോണം, | വടശ്ശേരിക്കോണം കോളനിയിൽ തോടിന് സമീപം കിണർ കുഴിച്ച് പമ്പ്സെറ്റു സ്ഥാപിച്ച് മിനി വാട്ടർ സപ്ലേ സ്കീം തുടങ്ങുക |
| വാർഡ് 3<br>പഞ്ചായത്ത് കോമ്പൗണ്ടിലും അമ്പിളിച്ചന്തയിലും | ആഴം കൂട്ടി പമ്പ് സെറ്റ് സ്ഥാപിക്കണം |
| വാർഡ് 4<br>എലിയൻ വിളാകം | സ്വകാര്യവ്യക്തിയിൽ നിന്നും മോചിപ്പിക്കണം |
| വാർഡ് 5<br>ചെറുന്നിയൂർ ജംഗ്ഷൻ, എം.എൽ.പി.എസ്. കോമ്പൗണ്ട് | |
| വാർഡ് 7<br>കുന്നുംപുറം ഭാഗത്ത് | കുഴിച്ചു ആഴം കൂട്ടിയാൽ താത്ക്കാലിക ആശ്വസം കിട്ടും. |
| വാർഡ് 8<br>കല്ലുമലക്കുന്ന് ജംഗ്ഷന് സമീപം, അയന്തിപാലത്തിന് സമീപം | റോഡുവിളയിൽ കിണർ വേണം (സ്ഥലമുണ്ട്) |
| 2. ടാപ്പുകൾ | |
| വാർഡ് 3<br>ചെറുന്നിയൂർ ജംഗ്ഷൻ, വെള്ളിയാഴ്ചക്കാവ് | 3 ടാപ്പുകളും നന്നാക്കണം |
| വാർഡ് 6 | ടാപ്പുകൾ പരിശോധിച്ച് ജലം സുഗമമാക്കണം |
| വാർഡ് 7<br>കിടാത്തുവിള, പന്തുവിള | ടാപ്പുകളിൽ ജലം ലഭ്യമാക്കണം |
| വാർഡ് 8<br>റോഡുവിളയിലെ മൂന്ന് ടാപ്പുകൾ | വെള്ളം കിട്ടത്തക്കവിധം 400 മീറ്റർ ചെറിയ പൈപ്പുകൾ മാറ്റി വലിയ പൈപ്പുകൾ സ്ഥാപിക്കണം. |
| വാർഡ് 9<br>റോഡരുകിൽ ടാപ്പുകൾ | ഉള്ളവ റിപ്പയർ ചെയ്തും കൂടുതൽ സ്ഥാപിക്കുകയും ചെയ്യുക. |
| 3 - ഉറവകൾ | |
| വാർഡ് 3 വെള്ളിയാഴ്ക്കാവിൽ സ്വകാര്യ ഭൂമിയിൽ | ഒരു മിനി ജലസേചന പദ്ധതി |
| വാർഡ് 5<br>ജലസ്രോതസ്സുകൾ ഉണ്ട്. (സ്വകാര്യ ഭൂമിയിൽ) | ഒരു മിനി ജലസേചന പദ്ധതി |
| 4. കിണറുകൾ | |
| വാർഡുകൾ 3,7,8,9<br>പ്രധാന ജലസ്രോതസ്സുകൾ വീടുകൾ | കിണർ ആഴം കൂട്ടാനും വൃത്തിയാക്കാനും സഹായം നല്കണം. പുതിയ കിണർ കുഴിക്കാനും (2-ാം വാർഡിൽ) |
| 5. കുളങ്ങൾ | |
| വാർഡ് 2<br>ഓവിൻകരയിൽ രണ്ടു കുളങ്ങൾ | അറ്റകുറ്റ പണികൾ |
| വാർഡ് 4<br>ചാക്കപ്പൊയ്ക, പള്ളിക്കുന്ന്, മൂലയിൽ പഞ്ചായത്ത് കുളം | മിനി വാട്ടർ സപ്ലൈ സ്കീമുകൾ |

| നിലവിലുള്ളവ | ആവശ്യപ്പെടുന്നവ |
|---|---|
| വാർഡ് 5<br>പാലച്ചിറ മൂട്ടത്തുകോണം, കൊച്ചുതെങ്ങുവിള ചാക്കപൊയ്ക, ചെറുന്നിയൂർ, കളിയിക്കൽവാതുക്കൽ | പാലച്ചിറ എം.എൽ.പി.എസ് ന് വടക്കുംഭാഗത്ത് ഏലയുടെ കരയിലെ പുറംപോക്കിൽ കുളം കുത്താം. ഉള്ള കുളങ്ങൾ വൃത്തിയാക്കാം. |
| വാർഡ് 9<br>വെന്നികോട് പമ്പ് ഹൗസിനോടു ചേർന്നുള്ള കുളം | വൃത്തിയാക്കി കൂടുതൽ പമ്പ് ചെയ്യുന്നതിന് സൗകര്യപ്പെടുത്തുക. കുമിളിവിള ഭാഗത്ത് കുളം കുഴിക്കാം. |
| 6. പൈപ്പുകൾ | |
| വാർഡ് 3 | വ്യാസം കുറഞ്ഞ പൈപ്പുകൾ മാറ്റി വലിയ പൈപ്പുകൾ ഇടുക. മുടിയക്കോട്, സ്കൂളിൽ നിന്നും മുളമൂട്ടിലേക്ക് ലൈൻ നീട്ടണം. |
| വാർഡ് 5 | പൈപ്പുകൾ കേടുപറ്റിയതു നന്നാക്കണം. |
| വാർഡ് 7<br>എൻ.ഇ.എസ് ബ്ലോക്കിന് അടുത്തുള്ള സ്ഥലം | പലയിടത്തും പൈപ്പുകൾ സ്ഥാപിക്കണം<br>ഒരു മിനി വാട്ടർ സപ്ലൈ സ്കീം തുടങ്ങുക. അടുത്ത വാർഡുകൾക്കും പ്രയോജനപ്പെടും) |
| 7. കുഴൽ കിണറുകൾ | |
| വാർഡ് 3<br>മുളമൂട്ടിലേത് | ഉപയോഗ ശൂന്യമായതുകൊണ്ട് റിപ്പയർ ചെയ്യണം. മുടിയക്കോട് സ്കൂൾ ജംഗ്ഷനിലും പന്തുവിളയിലും ഓരോ കുഴൽ കിണറുകൾ |
| വാർഡ് 7 | രണ്ട് കുഴൽ കിണർ |
| വാർഡ് 9 | കോയിക്കുന്ന്, കുമിളിവിള ഭാഗങ്ങളിൽ കുഴൽകിണറുകൾ വേണം. നിലവിലുള്ള തുരുമ്പു പിടിച്ച പൈപ്പ് ലൈനുകൾ മാറ്റണം |

**ജലവിതരണ സംവിധാനം**

| | |
|---|---|
| വാർഡ് 1<br>ശുദ്ധജല വിതരണ പദ്ധതി | ജലം വാർഡുമുഴിവൻ എത്തിക്കണം |
| വാർഡ് 2<br>പാലച്ചിറ വാട്ടർ സപ്ലൈ സ്കീം | ഒരു മോട്ടോർകൂടി ഘടിപ്പിച്ച് പമ്പിന്റെ കാര്യക്ഷമത കൂട്ടണം. ഓവർഹെഡ് ടാങ്കിന്റെ ചോർച്ച മാറ്റണം. പൈപ്പ്ലൈൻ കൂടുതൽ നീട്ടണം. |
| വാർഡ് 4 | നിലവിലുള്ള പൈപ്പുകൾ അപര്യാപ്തം. കൂടുതൽ പൈപ്പു ലൈനുകൾ സ്ഥാപിക്കണം |
| വാർഡ് 5<br>ജലക്ഷാമം | കോവിൽ വിള ഭാഗത്ത് മിനി വാട്ടർ സപ്ലൈ സ്കീം തുടങ്ങണം. |
| വാർഡ് 6 | പൈപ്പുകൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമുണ്ട്. |

| നിലവിലുള്ളവ | ആവശ്യപ്പെടുന്നവ |
|---|---|
| വാർഡ് 7 | പാലച്ചിറ, കിടാവത്തുവിള, കുന്നിരവിള, ദളവാപുരം ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം. (പ്രിയദർശിനി റോഡിലും കിടാവത്തുവിള-പാലച്ചിറ റോഡിലും അടിയന്തിരാവശ്യം) പാലച്ചിറ സ്കീമിന്റെ ലൈൻ പാലച്ചിറ കിടാവത്തുവിള റോഡിന്റെ പകുതി വരെയുള്ളു. കിടാവത്തുവിള വരെ നീട്ടണം. |
| വാർഡ് 8<br>റോഡുവിള ഭാഗത്തെ പൈപ്പ് ലൈൻ | വെള്ളം ലഭക്കത്തവിധം ശരിയാക്കണം.കല്ലുമലക്കുന്ന് വാട്ടർ ടാങ്കിന് ചുറ്റുമതിൽ കെട്ടണം.<br>വെട്ടൂർ പഞ്ചായത്തിലെ പുതിയ വാട്ടർ പ്ലൈ സ്കീമിലെ വെള്ളം ഈ വാർഡിലും കിട്ടാനുള്ള സംവിധാനം ഉണ്ടാക്കണം. |
| വാർഡ് 9<br>വെണ്ണികോട് വാട്ടർ സപ്ലൈ സ്കീം | പഞ്ചായത്ത് പുറംപോക്കിൽ മിനി വാട്ടർ സപ്ലൈ സ്കീം തുടങ്ങണം. വെന്നകോട് വാട്ടർ സപ്ലൈ സ്കീമിലെ ജലം 9-ാം വാർഡിന് മുഴുവൻ ലഭിക്കണം. |

# വ്യവസായം



സമൂഹത്തിൻെറ വളർന്ന് വരുന്ന ആവശ്യകതയും നമ്മുടെ മൊത്തത്തിലുള്ള ഉത്പ്പാദന ക്ഷമതയും താരതമ്യം ചെയ്താൽ ഉത്പ്പാദന രംഗത്തെ ശോചനീയാവസ്ഥയുടെ ചിത്രം വ്യക്തമാക്കും. ഉപഭോക്തൃ സംസ്കാരത്തിൻെറ ഭാണ്ഡം പേറുന്ന നമ്മൾക്ക് ജനപങ്കാളിത്തത്തോടെയുള്ള വികസന പദ്ധതികൾ തയ്യാറാക്കുന്ന വേളയിൽ, ദീർഘ ദൃഷ്ടിയോടെയുള്ള ഒരു വ്യവായ വികസന സംസ്കാരത്തിൻെറ ആവശ്യകതയെ ക്കുറിച്ചുള്ള ബോധം ശക്തിപ്പെടുന്നു. ഇന്ന് സമൂഹം നേരിടുന്ന വെല്ലുവിളികളിൽ ഒന്നായ തൊഴിലില്ലായ്മയ്ക്ക് നേരിയ തോതിലെങ്കിലും പരിഹാരം കാണാൻ വ്യാവസായിക രംഗം ശക്തിപ്പെടുത്തുന്നതിലൂടെ മാത്രമേ കഴിയൂ.
ഈ പഞ്ചായത്തിലെ വ്യവസായ മേഖല ശുഷ്കമാണ്. ആധുനിക മേഖലയിൽ വെന്നിക്കോട് പ്രദേശത്ത് സ്വകാര്യ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന കേരള റീഫ്രാക്ടറീസ് മാത്രമാണുള്ളത്. ഇവിടെ പത്തോളം തൊഴിലാളികൾ പ്രത്യക്ഷമായും ഇരുപത്തഞ്ചോളം പേർ പരോക്ഷമായും പ്രവർത്തിയെടുക്കുന്നു. ചവറയിലെ മിനറൽ മണ്ണ് കൊണ്ട് വന്ന് പൊടിച്ച് കയറ്റി അയക്കുന്നതിനുള്ള ഫാക്ടറിയാണിത്.

ദക്ഷിണകേരളത്തിലെ പ്രമുഖ സ്റ്റീൽ വ്യാപാരികളായ M/s ശ്രീധരൻ ആൻ്റ് സൺസ് എന്ന വ്യാപാര സ്ഥാപനം ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്.

പരമ്പരാഗത മേഖലയിൽപ്പെട്ട ചെറുകിട വ്യവസായ ങ്ങളാണ് പ്രധാനമായും മറ്റുള്ളവ. താഴെപറയുന്ന ഇനത്തിൽ അവയെ തരം തിരിക്കുന്നു.

1. സാമിൽ - 5എണ്ണം
2. റൈസ്മിൽ - 5എണ്ണം
3. വെൽഡിംഗ് വർക്ക് ഷോപ്പ് - 7 എണ്ണം
4. ചൂരൽ വ്യവസായശാല - 2 എണ്ണം
5. കയർ വ്യവസായ സഹകരണസംഘങ്ങൾ - 3 എണ്ണം
7. പാറപൊടിക്കൽ യൂണിറ്റ് - 1 എണ്ണം
8. ഹാളോ ബ്രിക്സ് നിർമ്മാണം - 1 എണ്ണം

# പ്രധാന കുടിൽ വ്യവസായങ്ങൾ

## കയർ

ഇവിടെ ആകെ ഒരു കയർ ഫാക്ടറിയാണുള്ളത്. ഇപ്പോൾ ഇത് പ്രവർത്തനരഹിതമാണ്. കയർ വ്യവസായം. ചെറുകിട ഉൽപ്പാദകരുടെ സംരംഭങ്ങളായി പ്രവർത്തിക്കുന്നു. തൊഴിലാളികളെ ഉപയോഗിച്ച് തൊണ്ട് മൂടൽ, തൊണ്ട് എടുപ്പ്, കയർ ഇടീൽ എന്നീ ജോലികൾ ചെയ്യിക്കുന്നു. യന്ത്രങ്ങൾ ഉപയോഗിച്ച് തൊണ്ട് തല്ലൽ, ചകിരി പിന്നൽ എന്നിവ നടത്തുന്നു.

## കൂലിനിരക്കുകൾ

1. ആയിരം നാളികേരത്തിന്റെ തൊണ്ട് മൂടുന്നതിന് കൂലി - 30 രൂപ
2. ആയിരം നാളികേരത്തിന്റെ അഴുകൽ തൊണ്ട് എടുക്കന്നതിനുള്ള കൂലി- 40 രൂപ
3. ആയിരം ചീര് തൊണ്ട് ഉരിക്കുന്നതിനുള്ള കൂലി - 29 രൂപ
4. റാട്ട് കറക്കുന്നതിനുള്ള കൂലി - 26 രൂപ
5. കയർ പിരിക്കുന്നതിനുള്ള കൂലി - 31 രൂപ
6. ആയിരം നാളികേരത്തിന്റെ തൊണ്ട് മെഷീനിൽ പിന്നുന്നതിനുള്ള കൂലി - 105 രൂപ

ഈ മേഖലയിൽ പ്രവർത്തിക്കുന്ന മൂന്ന് സഹകരണ സംഘങ്ങൾ നിലവിലുണ്ട്. ഈ മൂന്ന് സംഘങ്ങളും നേരിട്ട് കയർ ഉല്പ്പാദിപ്പിച്ച് വിറ്റഴിക്കുന്നു. ഈ സംഘങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അസംസ്കൃത സാധനമായ പച്ചതൊണ്ട് സംഘം നേരിട്ട് വാങ്ങി അഴുകാനായി കായലിൽ മൂടുന്നു. തൊണ്ട് ചീയുമ്പോൾ എടുത്ത് സംസ്കരിച്ച് കയർ ആക്കിമാറ്റുന്നു. ചകിരിച്ചോറ് ഉപയോഗിച്ച് മറ്റ് ചെറുകിട വ്യവസായങ്ങൾക്കുള്ള സാധ്യത ആരായാവുന്നതാണ്. സ്ത്രീ തൊഴിലാളികളാണ് കയർ മേഖലയിൽ അധികവും. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനും കുഞ്ഞുങ്ങളെ സംരക്ഷിക്കാനും ഉള്ള സൗകര്യങ്ങൾ നൽകാൻ ഉത്പാദകർ തയ്യാറായി കാണുന്നില്ല. പൊതുവേ ഈ തൊഴിലാളികളുടെ ആരോഗ്യ നിലവാരം മോശമാണ്. ഈ മേഖലയിൽ ഔട്ട് വർക്കർ സമ്പ്രദായം നിലനിൽക്കുന്നു. ഉത്പാദകന്റെ വീട് മാതൃസ്ഥാപനമായും അതിനെ ചുറ്റിപറ്റിയുള്ള ഗാർഹിക ഉത്പാദന കേന്ദ്രങ്ങളും പലയിടത്തുമുണ്ട്.

പഞ്ചായത്തിലെ വ്യാപാരികളുടെ വിവരം വാർഡ് തിരിച്ച്

### ലൈസൻസ് ഫീ നൽകുന്നവർ

| വാർഡുകൾ | ഹോട്ടലുകൾ ടീഷാപ്പ് | സാധാരണ |
|---|---|---|
| 1 | ---- | 2 |
| 2 | 10 | 40 |
| 3 | 3 | 5 |
| 4 | 3 | 11 |
| 5 | 8 | 26 |
| 6 | ---- | 1 |
| 7 | 1 | 6 |
| 8 | ---- | 10 |
| 9 | ---- | 4 |
| ആകെ | 25 | 105 |

## വിപണിയുടെ ആവശ്യം

വ്യവസായ ഉല്പാദന കേന്ദ്രങ്ങൾ ഇല്ലാത്തതുമൂലം ഉപഭോക്താക്കൾക്ക് വ്യവസായിക ഉല്പന്നങ്ങൾ ലഭിക്കുന്നതിന് ചെറുകിട കച്ചവടക്കാരെ സമീപി ക്കേണ്ടനിലയിലാണ്. കൂടുതൽ സാധനങ്ങൾ വാങ്ങേണ്ടവർ പഞ്ചായത്തിന്റെ വെളിയിൽ പോയി വാങ്ങേണ്ടി വരുന്നു. വ്യാവസായികോല്പന്നങ്ങളുടെ വിപണനകേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ചാൽ ഉപഭോക്താക്കളുടെ യാത്രാക്ലേശവും അധികനഷ്ടവും ഒഴിവാക്കാൻ കഴിയും.

## നടപ്പ് പദ്ധതികളുടെ അവലോകനം

ജില്ലാ വ്യവസായ കേന്ദ്രം, താലൂക്ക് വ്യവസായ കേന്ദ്രം, ബ്ലോക്കാഫീസിൽ ചേർന്നു പ്രവർത്തിക്കുന്ന വ്യവസായ എക്സ്റ്റൻഷൻ ആഫീസർ കയർ ഇൻസ്പെക്ടർ എന്നിവരാണ്. വ്യവസായത്തെ സംബന്ധിച്ച് പഞ്ചായത്തിലെ അധികാരികൾ. എന്നു പറയാം. പദ്ധതികളുടെ നടത്തിപ്പ് പ്രാദേശിക ഉദ്യോഗസ്ഥന്റെ പരമാധികാര്യത്തിൽ പെടുന്നതല്ല. ഒരു ചെറു കിടവ്യവസായത്തിനായാൽപോലും ആനുകൂല്യം ലഭിക്കാൻ ഉത്തരവ് ഇടേണ്ട ഉദ്യോഗസ്ഥൻ

ജില്ലാഫീസറാണ്. ഇതു ഏറെ വൈഷമ്യങ്ങൾ സൃഷ്ടിക്കുന്നു. നിലവിലുള്ള സ്കീമുകൾ താഴെ പറയുന്നു.

1. സാങ്കേതിക വിദ്യ നേടുന്നതിനുള്ള പദ്ധതി

2. വ്യവസായ സംരംഭകർക്കുള്ള പരിശീലന പരിപാടി

3. വ്യവസായ നടത്തിപ്പിന് വികസിപ്പിച്ചെടുത്ത സ്ഥലം ഹയർ പർചേസ് വ്യവസ്ഥയിൽ നൽകുക

4. മാർജിൻ മണി വായ്പ.

5. മൂലധന നിക്ഷേപ സബ്സിഡി.

6. വില്പന നികുതി ഒഴിവാക്കൽ.

7. നികുതിയിലുള്ള സൗജന്യം.

8. ഇൻസെൻറീവ് ഫാർ ഗ്രോത്ത് സ്കീം.

9. വിലനിരക്കിലുള്ള മുൻഗണന.

10. നിരതദ്രവ്യവും സെക്യൂരിറ്റി ഡപ്പോസിറ്റും.

11. വൈദ്യുതി നിരക്കിൽ ഇളവ്.

12. വനിതാവ്യവസായ പദ്ധതികൾ.

13. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പലിശരഹിത വായ്പ.

14. റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം.

15. പീഡിത വ്യവസായ പുനരുദ്ധാരണം.

16. അഭ്യസ്ത വിദ്യർക്കുള്ള തൊഴിൽദാന പദ്ധതി.

17. സഹകരണമേഖലയ്ക്കും കരകൗശല രംഗത്തും ഒട്ടേറെ ആനുകൂല്യങ്ങൾ.

കഴിഞ്ഞ പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വിഹിതം താഴെ ചേർക്കുന്നു.

1. മൂലധനനിക്ഷേപ സബ്സിഡി - 2 യൂണിറ്റുകൾക്ക്

2. വാടക ഗ്രാൻറ് - 1 യൂണിറ്റ്

3. പട്ടികജാതി ലോൺ - 1 ആൾ

4. അഭ്യസ്ത വിദ്യർക്കുള്ള തൊഴിൽ പദ്ധതി പ്രകാരം ബാങ്ക് ലോൺ - 4 പേർ

മാർജിൻ മണി വായ്പ, മൂലധന നിക്ഷേപ സബ്സിഡി വില്പന നികുതി ഒഴിവാക്കാൻ ഉയർന്ന നിലവാരത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗിക്കുന്നവർക്കുള്ള സബ്സിഡി എന്നീ ഇനങ്ങളിൽ ഗുണഭോക്താക്കളാകാൻ അർഹതയുള്ള ഒരാൾ പോലും നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ പദ്ധതികാലത്ത് ഇല്ലായിരുന്നു എന്നതു ലജ്ജാകരം തന്നെ.

പരമ്പരാഗതമായ വ്യവസായമായ കയറിനു പ്രാമുഖ്യമുള്ള പഞ്ചായത്താണ് നമ്മുടേത്. നമുക്ക് സുലഭമാകുന്ന അസംസ്കൃത വസ്തു തെങ്ങുമായി ബന്ധപ്പെട്ടിരിക്കുന്നു. നിലവിലുള്ള സ്കീമുകൾ ഈ പരമ്പരാഗത വ്യവസായങ്ങൾക്കുപോലും അർഹമായ സ്ഥാനം കൊടുത്തു കാണുന്നില്ല. മറ്റു മേഖലയുടേത് പോലെ തന്നെ പ്രാദേശിക സാധ്യതകളുടെ അടിസ്ഥാനത്തിൽ പദ്ധതികൾ തുടരേണ്ടതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ചന്ദനത്തിരി, തീപ്പെട്ടി, സ്കോഷ്, മെഴുകുതിരി തുടങ്ങിയവയുടെ നിർമ്മാണവും ഈറ വ്യവസായവും തുടങ്ങാം. വാർഡുകൾ 1, 2, 4, 5

2. കാർഷികോല്പ്പന്നങ്ങൾ ഉപയോഗിച്ച് കുടിൽ വ്യവസായങ്ങൾ വേണം 7

3. തയ്യൽ പരിശീലനവും ഒപ്പം റെഡിമെയ്ഡ് വസ്ത്ര ഉല്പ്പാദനവും. 2, 8

4. പൗൾട്രിഫാമുകൾ സ്ഥാപിക്കുക. 2

5. തുകൽ സംസ്ക്കരണം തുടങ്ങുക. 3

6. കൗതുക വസ്തു നിർമാണ യൂണിറ്റുകൾ. ചൂരലും ഈറയും കൊണ്ട്. 6, 7

7. കേരോല്പന്ന നിർമ്മാണത്തിന് ഒരു ഫാക്ടറി 3, 5

8. കയർപിരിക്ക് വീടുകൾ തോറും യന്ത്രതറികൾ വേണം. 9

9. മഹിളാകുടിൽ വ്യവസായ സഹകരണസംഘം സ്ഥാപിക്കണം. 2

10. കയർ മേറ്റ്സ് ആൻറ് മാറ്റിംഗ്സ് ഫാക്ടറി പുനർജീവിപ്പിക്കുക. 9

11. മിച്ചമുള്ള സ്ഥലത്ത് ചെറുകിട വ്യവസായങ്ങൾ

# ഗതാഗതം

ചെറുന്നിയൂർ പഞ്ചായത്തിലെ റോഡുകളുടെ നിലവാരം ആവശ്യമായ തോതിൽ ഉയർത്തുവാൻ സ്വാഭാവികമായും ബുദ്ധിമുട്ടുണ്ട്. സമതല പ്രദേശങ്ങൾ കുറവാണ്. നിമ്നോന്നതമായ ഭൂപ്രകൃതി മഴക്കാലത്ത് റോഡുകളിൽ കുത്തൊഴുക്കുണ്ടാക്കുന്നു. പോരെങ്കിൽ ഭൂരിപക്ഷം റോഡുകളിലും ഓടകളില്ലാത്ത അവസ്ഥ യാണ്. പ്രത്യേകിച്ചും പുതിയ റോഡുകളിൽ. ടാറിട്ട റോഡുകളിൽപ്പോലും വശങ്ങളിൽ മണ്ണ് കുത്തിയൊലിച്ച് വിടവുണ്ടായി വാഹനങ്ങൾ പോകുമ്പോൾ ടാറ് ഇടിഞ്ഞ് നശിച്ച് പോകുന്നതും പതിവാണ്.

പുതിയ ഗ്രാമീണ റോഡുകൾക്ക് വീതി പൊതുവേ കുറവാണ്. ഈ പഞ്ചായത്തിലെ വാർഡു തിരിച്ചുള്ള റോഡുകളുടെ വിവരണം ചുവടെ ചേർക്കുന്നു.

(അവലംബം ചെറുന്നിയൂർ പഞ്ചായത്ത് ഓഫീസിലെ റോഡ് രജിസ്റ്റർ)

വാർഡ് 1

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്ററിൽ | വീതി മീറ്ററിൽ |
|---|---|---|---|
| 1 | മംഗലത്തു വാതുക്കൽ-കാറാത്തല | 1600 | 4 |
| 2. | മുടിയക്കോട് ഏല-പറങ്കിമാംവിള | 1000 | 6 |
| 3. | വടശ്ശേരിക്കോണം-ആശാരി വാതുക്കൽ | 1200 | 7 |
| 4. | തെറ്റിക്കുളം-കാറാത്തല | 2000 | 4.5 |
| 5. | കുറ്റിവയൽ-ചാണിക്കൽ | 1500 | 4 |
| 6. | കുറ്റിവയൽ-അമ്പറത്തലയ്ക്കൽ | 2000 | 4 |
| 7. | കാറാത്തല-നെല്ലേറ്റിൽ | 350 | 5 |
| 8. | കാറാത്തല-തെറ്റിക്കുളം-മോതിയൻവിള | 590 | 5 |
| 9. | വടശ്ശേരിക്കോണം-പാതിരിവിള | 1200 | 7 |
| 10. | കുഴിവിള-കാറാത്തല ഏല | 500 | 4 |
| 11. | കാറാത്തല-ചാണിക്കൽ | 500 | 4 |
| 12. | മാത്തൻവിള-കാറാത്തല | 750 | 4 |

വാർഡ് 2

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്ററിൽ | മീറ്ററിൽ മീറ്ററിൽ |
|---|---|---|---|
| 1. | നരിക്കല്ല്-കുറ്റിവയൽ | 1500 | 4 |
| 2. | പന്തുവിള-പാലച്ചിറ ഏലാ | 1000 | 4 |
| 3. | നരിക്കല്ല്മുക്ക്-പാലച്ചിറ | 1200 | 5 |
| 4. | പുലിയത്തു വാതുക്കൽ-ആശാരിവിള | 1600 | 3 |
| 5. | പാലച്ചിറ-മുക്കുകട-നരിക്കല്ല്മുക്ക് | 2400 | 4 |
| 6. | വടശ്ശേരിക്കോണം-കുറ്റിവയൽ | 1000 | 4 |
| 7. | ഒലിപ്പിൽ-പമ്പ്ഹൗസ് | 500 | 4.5 |
| 8. | വടശ്ശേരിക്കോണം പള്ളി-മാടൻക്കാവ് | 500 | 3 |
| 9. | പാലച്ചിറ - തയ്ക്കാവ്. | 500 | 4 |

വാർഡ് 3

| കമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്ററിർ | വീതി മീറ്ററിൽ |
|---|---|---|---|
| 1. | മോതിയൻ വളവ്-പാലച്ചിറ | 600 | 5 |
| 2. | മൂടിയക്കോട്-വെള്ളിയാഴ്ചക്കാവ് | 1200 | 4 |
| 3. | കാറ്റാടിവിള-വെള്ളിയാഴ്ചക്കാവ് | 1200 | 4 |
| 4. | സെൻറ് സെബാസ്റ്റ്യൻ യു.പി.എസ് റോഡ് | 1200 | 4 |
| 5. | കാറ്റാടിവിള-മൂടിയക്കോട് | 1000 | 5 |
| 6 | .ആലുവിള-പയറ്റഴികം | 1000 | 4 |

വാർഡ് 4

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്ററിൽ | വീതി മീറ്ററിൽ |
|---|---|---|---|
| 1. | കാറ്റാടിവിള-എലിയൻവിളാകം | 1600 | 4 |
| 2. | മുക്കോണം വിള-താന്നിമൂട് | 2000 | 5 |
| 3. | എലിയൻവിളാകം-പുത്തൻകടവ് | 2000 | 4 |
| 4. | താന്നിമൂട്-പള്ളിക്കുന്ന് | 2000 | 4 |
| 5. | താന്നിമൂട്-കരിയ്ക്കകം | 1500 | 4 |
| 6. | ചെറുന്നിയൂർ മുക്ക്-അകത്തുമുറി | 1250 | 6 |
| 7 | ചെറുന്നിയൂർ- മംഗ്ളാവിൽ | 750 | 4 |

വാർഡ് 5

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്ററിൽ | വീതി മീറ്ററിൽ |
|---|---|---|---|
| 1. | ചാക്കപ്പൊയ്ക - ഡീസൻറ് മുക്ക് | 800 | 4 |
| 2. | ദളവാപുരം-അമ്മൻനട | 800 | 3 |
| 3. | ലക്ഷ്മിപുരം-ശാസ്താംകോവിൽ | 500 | 5 |
| 4. | ചെറുന്നിയൂർ-ഏററോഡ് | 500 | 4 |
| 5. | ഒലിപ്പുവിള-ആശാരിവിളാകം | 500 | 4 |
| 6. | പ്രസ്മുക്ക്-മൈതീൻവിള | 500 | 4 |
| 7. | മുട്ടയ്ക്കാട്ട്-ബംഗ്ലാവിൽ | 200 | 3 |
| 8. | മണിമന്ദിരം-പാലച്ചിറ ഏല | 800 | 3 |

വാർഡ് 6

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്ററിൽ | വീതി മീറ്ററിൽ |
|---|---|---|---|
| 1. | അയന്തി പാലം- പറങ്കിമാംവിള | 900 | 5 |
| 2. | കൊച്ചുമേലതിൽ ക്ഷേത്രം-വട്ടവിള | 900 | 4 |
| 3. | അയന്തി-കാഞ്ഞിരംവിള | 500 | 4 |

വാർഡ് 7

| ക്രമ നമ്പർ | റോഡിൻെറ പേര് | നീളം മീറ്ററിൽ | വീതി മീറ്ററിൽ |
|---|---|---|---|
| 1. | ദളവാപുരം- പാറാംകോട് | 400 | 3 |
| 2. | പന്തുവിള-കൊടിവിളാകം | 500 | 4 |
| 3. | കിടാത്തുവിള-ശാസ്തം കോവിൽ | 2400 | 5 |
| 4. | അയന്തി റേഡിയോ കിയോസ്ക്- അയന്തിഏല | 500 | 4 |
| 5. | മുക്കോണം വിള-കല്ലുമലക്കുന്ന് | 750 | 7 |
| 6. | കിടാത്തുവിള -പാലച്ചിറ | 750 | 4 |
| 7. | ദളവാപുരംചുടുകാട് | 700 | 4 |

വാർഡ് 8

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം മീറ്ററിൽ | വീതി മീറ്ററിൽ |
|---|---|---|---|
| 1. | വെട്ടൂർമുക്ക്- റെയിൽവേ റോഡ് | 1600 | 4 |
| 2. | അപ്പൂപ്പൻ കോവിൽ- റെയിൽവേലൈൻ | 400 | 3 |
| 3. | കല്ലുമലക്കുന്ന്-റെയിൽവേലൈൻ | 1200 | 3 |
| 4. | വെട്ടൂർമുക്ക്-ആശുപത്രിമുക്ക് | 950 | 4.5 |
| 5. | റെയിൽവേലൈൻ- ശാസ്താംനട | 750 | 4 |
| 6. | ഓൾഡ് റെയിൽവേലൈൻ- മേക്കോണം ഏലാ ഫുട്ട്ബ്രിഡ്ജ് | 750 | 4 |

വാർഡ് 9

| ക്രമ നമ്പർ | റോഡിന്റെ പേര് | നീളം മീറ്ററിൽ | വീതി മീറ്ററിൽ |
|---|---|---|---|
| 1. | വായനശാല-വെണ്ണിയോട്ഏലാ | 400 | 5 |
| 2. | മുക്കോണം വിള-വെണ്ണിയോട് | 1600 | 8 |
| 3 | താന്നിമൂട്-തോണ്ടപ്പുറം | 950 | 4 |
| 4. | കട്ടിംഗ്-കുമിളിവിള | 500 | 4 |
| 5. | വെണ്ണിയോട്-ശ്രീനഗർ | 950 | 4 |

**പഞ്ചായത്തിലെ വിവിധയിനം റോഡുകൾ**

| ചെമ്മൺ | ഗ്രാവൽ | മെറ്റൽ | ടാർറോഡ് | | ആകെ |
|---|---|---|---|---|---|
| | | | പഞ്ചായത്ത് | PWD | |
| 37.4 കി.മീ. | 13.84 കി.മീ. | 5.50കി.മീ. | 5.50കി.മീ. | 6.50കി.മീ. | 64.54.കി.മീ. |

(അവലംബം പഞ്ചായത്തു രജിസ്റ്റർ)

**കടത്ത് :**

പണയിൽ കടവ് വക്കം, വെട്ടൂർ, ചെറുന്നിയൂർ എന്നീ പഞ്ചായത്തുകൾ കൂട്ടായി ചെലവ് വഹിക്കുന്നു.

തുടങ്ങുക. 4, 8, 9, 7

12. മിനി ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് സ്ഥാപിച്ച് നോട്ടുബുക്ക് നിർമ്മാണം ബയൻറിംഗ് സോഫ്റ്റ്‌വെയർ ഉല്പാദനം തുടങ്ങിയവ ആരംഭിക്കുക. 4

13. കെൽട്രോണിനു പാർട്ടുകൾ നിർമ്മിച്ചു നൽകുന്ന യൂണിറ്റുകൾ ഉണ്ടാക്കുക 7

14. അകത്തുമുറി കായലോരത്ത് കക്കാ വ്യവസായ യൂണിറ്റുകൾ തുടങ്ങണം 9

15. കേരോല്പ്പന്നങ്ങൾ അസംസ്കൃത വസ്തു ആക്കിക്കൊണ്ട് വ്യവസായ ശൃംഖല ആരംഭിക്കുക 5

## പ്രശ്നങ്ങൾ

1. ചെറുകിട വ്യവസായങ്ങൾ വിരളം.
2. തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കണം.
3. ആധുനിക ചെറുകിട ഫാക്ടറികൾ വേണം.
4. കയറിനു ഒഴികെ മറ്റു കുടിൽ വ്യവസായങ്ങൾക്ക് സഹകരണസംഘങ്ങളില്ല.
5. ഒരു കയർ ഫാക്ടറി പൂട്ടിക്കിടക്കുന്നു.
6. ഇൻഡസ്ട്രീയൽ എസ്റ്റേറ്റ് ഇല്ല.
7. കക്കാവാരൽ പ്രോത്സാഹനം അർഹിക്കുന്നു.

## സാധ്യതകൾ

1. ചെറുകിട വ്യവസായങ്ങൾ യൂണിറ്റുകളായി ഔട്ട് വർക്കർ സമ്പ്രദായത്തിലും സംഘടിപ്പിക്കാനുള്ള സാധ്യത.
2. ആധുനിക വ്യവസായമായി ചെറുകിട ഫാക്ടറി സാധ്യത.
3. ചെറുകിട വ്യവസായങ്ങൾ സഹകരണ മേഖലയിൽ സംഘടിപ്പിക്കുക.
4. വ്യവസായികോല്പന്നങ്ങൾക്ക് വിപണി കണ്ടെത്തണം.
5. പൊതുമേഖലയിലും സ്വകാര്യമേഖലയിലും ചെറുകിട വ്യവസായ ഫാക്ടറികൾ.
6. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
7. കയർ മാറ്റ്സ് ആൻറ് മാറ്റിംഗ്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
8. ചകിരി ചോറിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ വളം ഉല്പാദിപ്പിക്കാനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുക.
9. കംപ്യൂട്ടർ സോഫ്റ്റ്‌വെയർ നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

# ടൂറിസം



അതിവിശാലവും ഫലപ്രാപ്തവുമായ വികസന സാദ്ധ്യത കളുള്ള ഒരു മേഖലയാണ് ടൂറിസം. വർക്കല മുൻസിപ്പാലിറ്റി യുമായി അതിർത്തി പങ്കിട്ട് പാപനാശം കടലോരത്തു നിന്നും ഉദ്ദേശം ഏഴു കിലോ മീറ്റർ അകലത്തിലാണ് ചെറുന്നിയൂർ പഞ്ചായത്തിലെ പുത്തൻകടവ് സ്ഥിതി ചെയ്യുന്നത്. പ്രകൃതി രമണീയമായ കോഴിത്തോട്ടം കായലെന്ന നീല ജലാശയത്തിൻെറ സ്വഛസുന്ദരമായ അന്തരീ ക്ഷം ഏതൊരു പ്രകൃതി സ്നേഹിയെയാണ് ആകർ ഷിക്കാത്തത്. ഗർവ്വ ത്തോടെ തലയുയർത്തിപ്പിടിച്ച് കായൽക്കാറ്റിൽ താള നിർഛരി പൊഴിക്കുന്ന കേര വൃക്ഷങ്ങൾ ഏതൊരു ദേശീയ നേയും വിദേ ശീയനേയും പുളകമണിയിക്കും. ചെന്തെങ്കിൻ കുലകളും, പച്ചപുതച്ച തെങ്ങോലകളും, കായലി ൻെറ നീലിമയുടെ പശ്ചാത്തലവും നിശ്ചയ മായും നയനാനന്ദകരം തന്നെ.

കേരളത്തിൽ ചെറുപ്പത്തിൽ രണ്ടാം സ്ഥാന മാണ് കോഴിത്തോട്ടം കായലിനുള്ളത്. വേളീ കാ യലിനാണ് ഒന്നാം സ്ഥാനം. ഇതിനോടകം തന്നെ ബോട്ടിംഗും മറ്റും കൊണ്ട് വേളീ ഒരു ടൂറിസ കേന്ദ്രമായി സ്ഥാനം പിടിച്ചു കഴിഞ്ഞു. അതിവേഗം വികസിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ വേളീ കായലിലെ ആഫ്രിക്കൻ പായൽ പല പ്പോഴും ജലാശയത്തിൻെറ തനതു സൗന്ദര്യം നഷ്ട പ്പെടു ത്തുന്നുണ്ട്. കോഴിത്തോട്ടം കായലിൻെറ കൃത്യമായ വലുപ്പവും, ആഫ്രിക്കൻ പായലിൻെറ അഭാവവും, സ്വഛ സുന്ദരവും പ്രകൃതി ലാവണ്യം വഴി ഞ്ഞൊ ഴുകുന്നതുമായ കായലോരവും ഒക്കെ വേളി ക്കാ യലിനുമേൽ ഈ കായലിന് ഒരു മേൽ ക്കൈ നേടിക്കൊടുക്കുന്നു.

വിശിഷ്യാ കോഴിത്തോട്ടം കായലിലെ കൊച്ചു

തുരുത്ത്, ഈ കായലിൻെറ ഹൃദയം പോലെ നില കൊള്ളു ന്നു. ബോട്ടിലോ വള്ള ത്തിലോ ചെറിയൊരു ദൂരം സഞ്ചരിച്ച് പ്രകൃതിയുടെ വരദാനമായ ഈ തുരത്തിലെത്തിയാൽ ആധുനിക യുഗത്തിൻെറ ശബ്ദമായ മാനങ്ങൾക്കും, മാലിന്യ ങ്ങൾക്കും ഒക്കെ വിടപറഞ്ഞു ശാന്തമായ ഒരു മാനസികാവസ്ഥ കൈവരിക്കാൻ എത്ര തിളച്ചു മറിയുന്ന പ്രശ്നങ്ങൾ ക്കിടയിലും അസാദ്ധ്യമല്ല.

ഈ തുരുത്തിൽ സ്ഥിതിചെയ്യുന്ന ആരാ ധനാലയം ഒഴികെ മനുഷ്യനിർമ്മിതമായ ഒന്നും തന്നെ ഇവിടെ ഇല്ല. ആത്മീയതയെ പരിണയിച്ച് ഒരു നിമിഷം ജീവിതദുഖങ്ങൾ മറക്കാൻ പറ്റിയ ഈ പ്രദേശം ഒരു പക്ഷേ ഒരു മനോരോഗിക്ക് പ്രകൃതി ദത്തമായ ഔഷധമായിപ്പോലും പരിണമിക്കാം.

പുത്തൻ കടവിൽനിന്നും ബോട്ടിൽ സഞ്ചരിച്ച് പണയിൽ കടവ് വഴി തുരുത്തിലേക്ക് ഒരു യാത്ര വിനോദപ്രദവും വിജ്ഞാനപ്രദവുമാണ്. കോഴിത്തോട്ടം കായലിൻെറ അതിർത്തികളായി, ചെറുന്നിയൂർ, വെട്ടൂർ, വക്കം, മണമ്പൂർ എന്നീ പഞ്ചായത്തുകളാണ് സ്ഥിതി ചെയ്യുന്നത്. കായൽ ക്കരയിൽതന്നെ, ചെറുന്നിയൂർ പഞ്ചായ ത്തിലായി അകത്തുമുറി റെയിൽവേസ്റ്റേഷൻ, വർക്കല റെയിൽവേസ്റ്റേഷനു തൊട്ടടുത്തായി നിലവിലുണ്ട്.

റോഡുമാർഗ്ഗം ലക്ഷ്വറി കോച്ചിൽ പുത്തൻ കടവ് വരെയും 7കി. മീ, അവിടെ നിന്ന് വടി വൊത്ത ജലപ്പരപ്പിലെ ബോട്ടിംഗും, സേക്റ്റിംഗും, തുരുത്തിലെ സന്ദർശനവും 5 കി.മീ. അകത്തുമുറി റെയിൽവേ സ്റ്റേഷനിൽ നിന്നും വേളി, തിരുവനന്ത പുരം, കോവളം യാത്രയും വളരെ വിനോദപ്രദമായ ഒരു ജീവിതാ നുഭവമാക്കാം. റെയിൽ മാർഗ്ഗമാണ് ഒരു സഞ്ചാരിക്കഭി കാമ്യമെങ്കിൽ അദ്ദേഹത്തിന് അകത്തുമുറി സ്റ്റേഷനിൽ ഇറങ്ങാം. പാപനാശം കടൽത്തീരത്തിലെ സൂര്യസ്നാന ചാരുതയിൽ നിന്ന് കോഴിത്തോട്ടം കായലിലെ മിതശീതോഷ്ണ ഹർ ഷവും പേറി, തുരുത്തിലെത്തി ആത്മശാന്തി വരു ത്തി കോവളത്തു പൂർണ്ണമാ ക്കാവുന്ന ഒരു സുന്ദര യാത്രയാകും അത്. ചരിത്ര പ്രസിദ്ധമായ അഞ്ചുതെങ്ങ് കോട്ടയിലേക്ക് പഠന കുതൂഹലികൾക്ക് യാത്ര നീട്ടാനും പ്രയാസമില്ല. ഇതൊരു ബൃഹദ് പദ്ധതിയുടെ ഭാഗമാകയാൽ പഞ്ചായത്തിൻെറ തനതു വിഭവശേഷിക്കുള്ളിൽ നിന്ന് നടപ്പിലാക്കുവാൻ വളരെ ബുദ്ധിമുട്ടുണ്ട്. ടൂറിസം ഡെവലപ്പ്മെൻറ് ഡിപ്പാർട്ടുമൻറ് ഏറ്റെടുത്ത് പഞ്ചായ ത്തിൻേറയും വ്യക്തികളുടേയും പങ്കാളിത്തത്തോടെ നടപ്പാലാക്കിയാൽ തീർച്ചയായും ഫലപ്രദമാകും.

പാപനാശത്തു വന്നുപോകുന്ന വിനോദ സഞ്ചാരികളുടെ എണ്ണം വളരെയധികം വർദ്ധിച്ചിട്ടുണ്ട് ഈ അടുത്ത കാലങ്ങളിൽ. ഇടവാക്കായലിലെ സ്വച്ഛത തേടി ഈ സഞ്ചാരികൾ ഇപ്പോൾ എത്തിപ്പെടുന്നുണ്ട്. എന്നാൽ ഇടവാക്കായലിനേക്കാൾ എത്രയോ മനോഹരമായ കോഴിത്തോട്ടം കായലും തുരുത്തും സഞ്ചാരികളുടെ ശ്രദ്ധയിൽപെടാത്തതു കൊണ്ടുമാത്ര മാണ് നാളിതുവരെ ഈ മേഖല ഇവിടെ വികസിക്കാത്തതിരിക്കുന്നത്. കെ.റ്റി.ഡി.സി.യുടെ പരിഗണനയിൽ ഇപ്പോൾ ഈ പ്രേജക്ട് നിലവിലുള്ളതായി വിശ്വസ നീയമായി അറിയുന്നു. പ്രാവർത്തികമാകയാൽ ഭാരതത്തിൻെറ ടൂറിസം മാപ്പിൽ ഈ പദ്ധതി പ്രഥമഗണമനീയമായ സ്ഥാനം കൈവരിക്കുമെന്നത് നിസ്തർക്കമായ സംഗതിയാണ്.

ടൂറിസവുമായി ബന്ധപ്പെടുത്തി വളർത്തിയാൽ പഞ്ചായത്തിൽ വളരെ വികസന സാദ്ധ്യതയുണ്ട്. ഗതാഗതം, താമസം, ഭക്ഷണം, വിപണനം എന്നീ മേഖലകളിൽ തൊഴിൽ സാദ്ധ്യതകൾ ഏറെയുണ്ടാകും. പഞ്ചായത്തിൻെറ മുഖഛായയും വർക്കല എന്ന അന്താരാഷ്ട്രീയ വിനോദസഞ്ചാര കേന്ദ്രത്തിൻെറ പ്രാ മുഖ്യവും ഗുണപരമായ മാറ്റങ്ങൾ കൈവരിക്കും.

## റൂട്ട് മാപ്പ്


പാപനാശം കടൽത്തീരം
വർക്കല റെയിൽവേ സ്റ്റേഷൻ
ആറ്റിങ്ങൽ
3 KM
മണനാക്ക്
1 KM
8 KM
ചെറുന്നിയൂർ പഞ്ചായത്ത്
7 K.M
പുത്തൻകടവ്
5 K.M
തുരുത്ത്
കായൽ
അകത്തുമുറി റെയിൽവേ സ്റ്റേഷൻ

## ഗ്രാമസഭാനിർദ്ദേശങ്ങൾ

പുതിയ റോഡുകൾ നിർമ്മിക്കണമെന്ന ആവശ്യം 2,4,7,8,9, വാർഡുകളിൽ നിന്നും ഉന്നയിച്ചു. പഴയ റെയിൽപാത റോഡാക്കി മാറ്റണമെന്നും പുതിയ റെയിൽവേ ഓവർ ബ്രിജ് സ്ഥാപിച്ച് ഭാരം കൂടിയ വാഹനങ്ങൾക്ക് ഗതാഗത സൗകര്യമുണ്ടാക്കണമെന്നും വാർഡ് 8 ൽനിന്നും ആവശ്യപ്പെട്ടു. റോഡുകൾ ടാർ ചെയ്യണമെന്ന് 2,3,8,9 എന്നീ വാർഡുകളിലെ ഗ്രാമസഭകൾ ആവശ്യപ്പെട്ടു. ഓടകൾ നിർമ്മിക്കണമെന്ന് 3,5,7 വാർഡുകളിൽനിന്നും ആവശ്യം ഉയർന്നു. റോഡിൽ തടസ്സമായി നിതക്കുന്ന ഇലക്ട്രിക് പോസ്റ്റുകൽ മാറ്റണമെന്ന് 5,7 വാർഡുക ളിൽനിന്നും കലിങ്കുനിർമ്മിക്കമെന്ന് 4 -ാംവാർൽ നിന്നും നിർദ്ദേശം ഉയർന്നു. റോഡുകളിൽ വിളക്കുകൾ സ്ഥാപിക്കമെന്ന് 2,4,5,6,7,9 വാർഡുകളിലെ ഗ്രാമസഭകൾ ആവശ്യപ്പെട്ടു

## പ്രശ്നങ്ങൾ

1 ഗതാഗതത്തിന് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്

2. റോഡുകൾ ടാർ ചെയ്യുവാനുള്ള ഫണ്ടിൻെറ അപര്യാപ്തത.

3.റോഡ് വികസനത്തിന് വേണ്ടി പൊതുജന പങ്കാളിത്തം കുറവ്.

4. ഗ്രാമീണ റോഡുകളിൽ വഴിവിളക്കുകൾ ആവശ്യമായത്ര സ്ഥാപിക്കാൻ കഴിയാത്ത സ്ഥിതി

5 ടാക്സി, ആട്ടോ സ്റ്റാൻറുകൾ എന്നിവ ഏർപ്പെടുത്താൻ കഴിയാത്ത സ്ഥിതി.

6.നടപ്പാലങ്ങളുടെ ശോച്യാവസ്ഥയും പുതിയവ നിർമ്മിക്കാനുമുള്ള നടപടി സ്വീകരിക്കാത്തതും.

## സാദ്ധ്യതകൾ

1. നാല് മീറ്ററിൽ കൂടുതലുള്ള എല്ലാ ഗ്രാമീണ റോഡുകളും ടാർ ചെയ്യുക

2.റോഡുകൾക്കു വേണ്ട മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക. ഓടകൾ, കലിങ്കുകൾ, സൈഡ്വാൾ നിർമ്മാണം എന്നിവ ത്വരിതപ്പെടുത്തുക

3. വീതി കുറഞ്ഞ റോഡുകൾ ജനപങ്കാളിത്തത്തോടു കൂടി വീതി കൂട്ടുകയും വികസനം സാദ്ധ്യമാക്കു കയും ചെയ്യുക.

4. പുതിയ റോഡുകളുടെ നിർമ്മാണത്തിന് പൊതുജന പങ്കാളിത്തം ഉറപ്പാക്കുകയും സ്വമേധയാ ഭൂമി വിട്ടു തരുന്നതിനുള്ള ഭൂവുടമകളുടെ സറണ്ടർ സ്റ്റേറ്റ്മെൻറ് സ്വീകരിക്കുവാനും അതിന്മേൽ നടപടി സ്വീകരിക്കാനു മുള്ള സംവിധാനം ഏർപ്പെടുത്തുക.

5. 8,9 വാർഡുകളെ മറ്റ് പ്രദേശങ്ങളുമായി ബന്ധപ്പെടുത്തുവാൻ സഹായിക്കുന്ന കല്ലുമലക്കുന്നിലെ നിലവിലുള്ള ഓവർബ്രിഡ്ജ് മാറ്റി ഹെവി ഗുഡ്സ് വാഹനങ്ങൾക്ക് കടന്നുപോകുവാൻ കഴിയുന്ന തരത്തിൽ പുതിയ ഓവർ ബ്രിഡ്ജ് നിർമ്മിക്കുക.

6. ടാക്സി, ആട്ടോ, ബസ്സ്റ്റാൻഡുകൾ ഏർപ്പെടുത്തുകയും ഫീസ് ചുമത്തുകയും ചെയ്യുക.

7. പഞ്ചായത്തിലെ ഏക റെയിൽവേസ്റ്റേഷനായ അകത്തുമുറിയുടെ ശോച്യാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുകയും, പുതിയ കെട്ടിടമുണ്ടാക്കുകയും ചെയ്യുക.

8. റെയിൽവേപാത വൈദ്യുതീകരിക്കുകയും റെയിൽപാത ഇരട്ടിപ്പിക്കൽ ത്വരിതപ്പെടുത്തുകയും ചെയ്യുക.



# ഊർജ്ജം

ഊർജ്ജോല്പാദന രംഗത്ത് വിറക്,. കരി, കല്പകവൃക്ഷത്തിൻെറ വിവിധഭാഗങ്ങൾ തുടങ്ങിയ പരമ്പരാഗത ഊർജ്ജസ്രോതസ്സുകളുടെ ദൗർലഭ്യം വളരെ രൂക്ഷമല്ലാത്ത പ്രദേശങ്ങൾ ഉൾപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത്.

നമ്മുടെ കൊച്ചുസംസ്ഥാനം ഊർജ്ജലഭ്യതയുടെ തീക്ഷ്ണത ഏറെ അനുഭവിക്കുന്ന ഈ അവസരത്തിലാണ് നമ്മുടെ വികസന റിപ്പോർട്ട് തയ്യാറാക്കുന്നത് എന്നത് ശ്രദ്ധേയമാണ്. ഇന്ന് നമ്മുടെ ദൈനംദിന ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഊർജ്ജോല്പാദന രംഗത്തെ സ്തംഭനാവസ്ഥയ്ക്ക് ക്രിയാത്മകമായ നിർദ്ദേശങ്ങൾ വഴി നമ്മുടെ ചുരുങ്ങിയ വിഭവങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയാണ് നമ്മുടെ ശ്രമം.

## ഈ പഞ്ചായത്തിൽ ഉപയോഗിക്കുന്ന ഊർജ്ജ ത്തിൻെറ സ്രോതസ്സുകൾ.

വിറക്, തെങ്ങിൻെറ വിവിധ ഭാഗങ്ങൾ മണ്ണെണ്ണ, പാചകവാതകം, ഗോബർഗ്യാസ്, കരി, വൈദ്യുതി.

വിറകിന് ദൗർലഭ്യമുണ്ട്. തെങ്ങിൻെറ വിവിധഭാഗങ്ങളാണ് ഈ ബുദ്ധിമുട്ട് ഏറെക്കുറെ പരിഹരിക്കുന്നത്. റേഷൻ ഡിപ്പോവഴി കഴിഞ്ഞവർഷം വിതരണം ചെയ്ത മണ്ണെണ്ണയുടെ കണക്ക് താഴെ കാണിക്കുന്നു.

| | | |
|---|---|---|
| ആകെ ഡിപ്പോകൾ | - | 7 |
| പെർമിറ്റ് മുഖേന നല്കിയത് | - | 10498 ലിറ്റർ |
| കാർഡുകൾ വഴി നല്കിയത് | - | 52656 ലിറ്റർ |
| ആകെ | - | 64154 ലിറ്റർ |

മറ്റു വ്യാപാരികൾ വില്ക്കുന്ന മണ്ണെണ്ണയുടെ അളവിനെപ്പറ്റി വിവരം ലഭിച്ചിട്ടില്ല.

പാചകവാതകം കാലക്രമേണ കൂടുതൽ ഉപയോഗിച്ചുവരുന്നതായി കാണുന്നു. അതിൻെറ ലഭ്യത ഒരു പ്രശ്നമാണ്. വിതരണ ഏജൻസിയുടെ കുറവ് വളരെയുണ്ട്. ദൂരപ്രദേശങ്ങളിൽ നിന്നും ഗ്യാസ് ലഭിക്കുവാൻ വാഹനങ്ങളിൽ സിലിണ്ടറുമായി ഏജൻസിയുടെ അടുത്തെത്തുമ്പോൾ ബില്ലെഴുതുന്നത് ഒരിടത്ത്, ഗ്യാസ് സംഭരിച്ചിരിക്കുന്നത് 5 കി.മീ. അകലെ. സ്റ്റോക്കില്ലഎന്ന പല്ലവി കേട്ടുകൊണ്ട് ഒഴിഞ്ഞ സിലിണ്ടറുമായി ഉപഭോക്താവ് തിരിച്ചെത്തുകയും വീണ്ടും പലതവണ ഇത് ആവർത്തിക്കുകയും ചെയ്യുന്നതുമാണ് അനുഭവം. സ്വകാര്യമേഖലയിൽ നിന്നു ലഭിക്കുന്ന പാചകവാതകത്തിന് വളരെ വില കൊടുക്കേണ്ടിയും വരുന്നു.

ഗോബർഗ്യാസ് ഉല്പാദനം കൃഷിവകുപ്പ് പ്രചരിപ്പിക്കുന്നുണ്ടെങ്കിലും രണ്ടോ മൂന്നോ പശുക്കളെ സംരക്ഷിച്ചു നിർത്തി ഗ്യാസ് ഉല്പാദനത്തിനാവശ്യമായ ചാണകം സംഭരിക്കുന്നത് മിക്കവീട്ടുകാർക്കും സാധിക്കാത്ത കാര്യമാണ്. തന്മൂലം സ്ഥാപിച്ച പല പ്ലാൻറുകളും പ്രവർത്തന ക്ഷമമാക്കാതെ അവഗണിക്കപ്പെട്ടു കാണുന്നു.

വൈദ്യുതിയെ സംബന്ധിച്ച് പഞ്ചായത്തിലെ വിവരങ്ങൾ പാലച്ചിറ ഇലക്ട്രിക് സെക്ഷനിൽ നിന്നും ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| 1. ഗാർഹികം | - | 3051 |
| 2. വ്യാപാരം | - | 156 |
| 3. വ്യവസായികം | - | 36 |
| 4. കാർഷികം | - | 112 |
| ആകെ | - | 3355 |

കണക്ഷൻ ലഭിക്കുവാൻ അപേക്ഷിച്ചവർ - 131.

13 എൽ.റ്റി. ട്രാൻസ്ഫോമറുകൾ ഈ പഞ്ചായത്ത് അതിർത്തിയിലുണ്ട്.

പുകയില്ലാത്ത അടുപ്പിൻെറ പ്രചാരണം വീട്ടമ്മമാരെ ആരോഗ്യപരമായും ജോലിസംബന്ധമായും ഉള്ള ബുദ്ധിമുട്ടുകകളിൽ നിന്നും രക്ഷിക്കുമെന്നുള്ളതുകൊണ്ട് അനെർട്ടിൻെറ സഹായം സ്വീകരിക്കുകയും ഐ.ആർ.ഇ.പി. പ്രോഗ്രാം ജനകീയ പങ്കാളിത്തത്തോട് കൂടി നടത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ നിർദ്ദേശത്തിനുകാരണം ഈ പഞ്ചായത്തിലെ വീടുകൾ ഏറിയപങ്കും പാചകത്തിനു വിറകും തെങ്ങുല്പന്നങ്ങളും ഉപയോഗിക്കുന്നു എന്നതാണ്. ബഹുഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. വെളിച്ചത്തിനുള്ള ഊർജ്ജസ്രോതസ്സ് വൈദ്യുതി തന്നെ. പുരുക്കം വീടുകളിൽ ഇപ്പോഴും മണ്ണെണ്ണയും വിളക്കെണ്ണയും തന്നെ. വൈദ്യുതിയുള്ള വീടുകളിൽത്തന്നെ വോൾട്ടേജ് കുറവുള്ളതുമൂലം വിദ്യാർത്ഥികളുടെ പഠനം വിഷമത്തിലാണ്.

## നടപ്പു പദ്ധതികളുടെ അവലോകനം

8-ാം പദ്ധതിക്കകാലത്ത് വൈദ്യുതിയുടെ മേഖലയിൽ മൂന്നു പദ്ധതികളാണ് നമ്മുടെ പഞ്ചായത്ത് തലത്തിൽ പൂർത്തീകരിക്കപ്പെട്ടത്. ഈ മൂന്നു പദ്ധതികളിലുമായി ചിലവഴിച്ച അടങ്കൽ തുക 2,55,860 രൂപയായിരുന്നു. ഇതിൽ 30% ചെലവഴിച്ചത് ദരിദ്രവിഭാഗത്തിന് വൈദ്യുതി ലഭ്യമാക്കാനായിരുന്നു. ആകെ സാദ്ധ്യമായ വികസനം താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പുതിയ ലൈൻ (11കെ.വി.) നിർമ്മിക്കൽ | : | 0.5 കി.മീ. |
| നിലവിലുള്ള ലൈൻ മൂന്ന്ഫേസാക്കൽ | : | 2.2 കി.മീ. |
| ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | : | 1 എണ്ണം |
| കോളനി വൈദ്യുതീകരണം | : | 16 വീടുകൾക്ക് |

അനുദിനം വർദ്ധിച്ചുവരുന്ന ഊർജ്ജ ഉപഭോഗം ഭീഷണമായിരിക്കുന്ന ഈ കാലഘട്ടത്തിൽ തികച്ചും 5 വർഷംകൊണ്ട് നമ്മുടെ പഞ്ചായത്തിനുണ്ടായ ഊർജ്ജ നേട്ടം എത്ര നാണിപ്പിക്കുന്നതാണെന്ന് മേൽപ്പറഞ്ഞ വിവരങ്ങൾ സൂചിപ്പിക്കുന്നു.

ഫലത്തിൽ ചെറുന്നിയൂർ പഞ്ചായത്തിലെ ഒരു പൗരന് കഴിഞ്ഞ പദ്ധതിക്കാലത്ത് 5 വർഷംകൊണ്ട് 25 രൂപയിൽ താഴെയുള്ള തുകയാണ് ലഭിച്ചത് എന്ന ദുഃഖസത്യം നമ്മെ കണ്ണുതുറപ്പിക്കണം.

**നടപ്പുസ്കീമുകൾ താഴെ പറയുന്നു.**

| | തുക |
|---|---|
| 1. കെടാകത്തു വിളയിൽ 100 K.V.A ട്രാൻസ്ഫോർമർ സ്ഥാപിക്കുക. | (185000) |
| 2. ചെറുന്നിയൂരിൽ 100 K.V.A ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | (123000) |
| 3. കോവിൽവിളാകം ഗണപതിനട കൺവർഷൻ വർക്ക് | (31000) |
| 4. പാലച്ചിറ സ്കൂൾ കൺവർഷൻ വർക്ക് | (11000) |
| 5. അച്ചുമ്മാമുക്ക്-ആലുംമൂട് കൺവർഷൻ വർക്ക് | (15000) |
| 6. പുത്തൻകടവ് വോൾട്ടേജ് വികസനം | (14000) |
| 7. ഹരിജൻകോളനി വൈദ്യുതി കണക്ഷൻ | (45000) |

പദ്ധതികൾ നിലവിലുള്ള അവസ്ഥാ വിശേഷത്തിൽ ഉദ്യോഗസ്ഥന്മാരുടെ ഇച്ഛക്കനുസരിച്ചാണെന്നത് പ്രസ്താവ്യമാണ്. ഇവ രൂപം കൊടുക്കുമ്പോൾ യഥാർത്ഥ പ്രശ്നങ്ങളിൽ ഊന്നൽ കൊടുക്കുന്നതിന് ഉപരി മറ്റ് പല പരിഗണനകളും കടന്നുവരാറുണ്ടെന്നുള്ളത് ഒരു കേവല സത്യം മാത്രമാണ്. നാടിന്റെ ഏകതാനവും സന്തുലിതവുമായ പുരോഗതിക്കല്ല, മറിച്ച് എനിക്കോ എന്റെ ബന്ധുക്കൾക്കോ അഭ്യുദയ കാംക്ഷികൾക്കോ എന്തു നേട്ടമുണ്ടാക്കാമെന്നതാണ് പലപ്പോഴും പദ്ധതികളുടെ നടപ്പാക്കൽ തീരുമാനിക്കുമ്പോൾ പരിഗണനാവിഷയം ആകാറുള്ളത്.

തികഞ്ഞ ജനപങ്കാളിത്തവും തെരഞ്ഞെടുക്കപ്പെട്ട സമിതിയുടെ ശ്രദ്ധയും യഥാർത്ഥ പ്രശ്നങ്ങളുടെ കണ്ടെത്തലും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. നടപ്പു പദ്ധതികൾ പുന പരിശോധിച്ച് വേണ്ടത് ചെയ്യേണ്ടതാണ്.

## തെരുവു വിളക്കുകൾ

തെരുവുവിളക്കുകളുടെ കറണ്ട് ചാർജ് ഇനത്തിൽ 95-96ൽ 110980 രൂപ പഞ്ചായത്ത് ചെലവഴിക്കുന്നു. (ഇത് വരുമാനത്തിന്റെ 26%)

***തെരുവുവിളക്കുകൾ - വിവരങ്ങൾ***

| വാർഡ് | വിളക്കുകളുടെ എണ്ണം | |
|---|---|---|
| | ഫ്ളൂറസൻറ്ലാമ്പ് | ബൾബ് |
| 1 | 6 | 60 |
| 2 | 10 | 72 |
| 3 | 7 | 68 |
| 4 | 10 | 63 |
| 5 | 30 | 72 |
| 6 | 5 | 58 |
| 7 | 15 | 49 |
| 8 | 20 | 52 |
| 9 | 10 | 59 |
| ആകെ | 113 | 553 |

നിലവിൽ ബഹുഭൂരിപക്ഷം തെരുവ്വിളക്കുകളും കത്തുന്നില്ലാ എന്നും, ചിലവ മെയിൻറനൻസ് നടത്താത്തതിന്റെ ഭാഗമായി തുരുമ്പെടുത്ത് നശിച്ച് പോയിട്ടുണ്ടെന്നും ഗ്രാമസഭാ ചർച്ചകൾ വ്യക്തമാക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ട്രാൻസ്ഫാമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ഉയർത്തുക. 3,4,5,6,9

2. വൈദ്യുതി ഇല്ലാത്ത വീടുകൾക്ക് അപേക്ഷ നൽകിയാൽ വൈദ്യുതി കൊടുക്കുക. 3,4,5

3. പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കുക. 2,5,6,7

4. കാറ്റിൽ നിന്നുമുള്ള വൈദ്യുതി ഉത്പ്പാദനത്തിൻെറ സാദ്ധ്യത ആരായുക. 7

5. ഫ്ളൂറസെൻറ് വിളക്കുകൾ അനെർട്ടിൻെറ സഹായ ത്തോടെ ലഭ്യമാക്കണം. 7

6. വൈദ്യുതി എത്താത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തി ക്കുക. 1

7. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുക. 2

8. അപേക്ഷ നൽകി കണക്ഷൻ നല്കി വയറിംഗ് നടത്തി യ വീടുകൾക്ക് കണക്ഷൻ നൽകുക. 8

9. രണ്ട് ഫേസിലുള്ള ലൈൻ മൂന്ന് ഫേസ് ആക്കുക. 7

10. പാലച്ചിറ ഇലക്ട്രിക്ക് സെക്ഷൻ മേജർ സെക്ഷനാക്കി ഉയർത്തുക. 2,7

11. ട്യൂബ് ലൈറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക. വാർഡ് 2,7

12. സോഡിയം വേപ്പർ ലാമ്പുകൾ പ്രധാന ജംഗ്ഷനുകളിൽ സ്ഥാപിക്കണം. 2,3,5,7

13. കോളനികൾ വൈദ്യുതീകരിക്കണം. 1,2,4,8

## പ്രശ്നങ്ങൾ

1. രൂക്ഷമായ വോൾട്ടേജ് ക്ഷാമം.

2. പാരമ്പര്യേതര ഊർജ്ജവിനിയോഗം പ്രചരിപ്പി ക്കുന്നില്ല.

3. വൈദ്യുതി എത്താത്ത വീടുകളും സ്ഥലങ്ങളും നില വിലുണ്ട്.

4. വൈദ്യുതി സംബന്ധമായ പരാതികൾ പെട്ടന്ന് പരിഹരിക്കുന്നില്ല.

## സാദ്ധ്യതകൾ

1. ട്രാൻസ്ഫാമറുകൾ കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുക.

2. അനർട്ടിൻെറ വികസന പദ്ധതികൾ പ്രാവർത്തി കമാക്കുക.

3. വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഊർജ്ജിത പരിപാടി നടപ്പിലാക്കുക.

4. പാലച്ചിറ ഇലക്ട്രിക്കൽ സെക്ഷൻ, മേജർ സെക്ഷൻ ആക്കി ഉയർത്താനുള്ള ഔദ്യോഗിക നടപടികൾ കൈകൊള്ളുക.

## പരിഷത്തടുപ്പുകൾ

നമ്മുടെ പഞ്ചായത്തിലെ കൂടുതൽ ജനങ്ങളും വിറക് അടുപ്പ് ഉപയോഗിക്കുന്നവരാണ്. വിറകിൻെറ ഇന്നത്തെ വിലയും ദൗർലഭ്യവും കണക്കിലെടുക്കുമ്പോൾ വിറകടുപ്പുകളുടെ ദക്ഷത (Efficency) കൂട്ടേണ്ടതിൻെറ ആവശ്യമേറുന്നു. സാധാരണ വിറകടുപ്പുകൾക്ക് 10 മുതൽ 15% വരെ ദക്ഷത ലഭിക്കുമ്പോൾ പരിഷത്തടുപ്പുകൾക്ക് 25% മുതൽ 30% വരെ ദക്ഷതയുണ്ട്.

അനെർട്ടുമായി സഹകരിച്ചുകൊണ്ട് പഞ്ചായത്തിലെ പകുതി വിറകടുപ്പുകളെങ്കിലും പരിഷത്തടുപ്പുകളായി മാറുകയാണെങ്കിൽ ഈ പ്രദേശത്തെ വിറകിൻെറ ഉപഭോഗം ഗണ്യമായി കുറയ്ക്കാവുന്നതാണ്. ഇതുവഴി നമ്മുടെ പ്രദേശത്തിലെ മരങ്ങളെ സംരക്ഷിക്കാനും അങ്ങനെ പരിസ്ഥിതി സംതുലനം നിലനിർത്തുവാനും കഴിയുന്നതാണ്. ഇവ കൂടാതെ താഴെപ്പറയുന്ന നേട്ടങ്ങൾ പരിഷത്തടുപ്പുകൾ നൽകുന്നുണ്ട്.

1. അടുക്കള ശുചിയായിരിക്കുന്നു.

2. വീട്ടമ്മയുടെ ആരോഗ്യത്തെ സംരക്ഷിക്കുന്നു.

3. ഒരു അടുപ്പിന് ഏകദേശം ഏഴോളം തൊഴിൽ ദിനങ്ങൾ നൽകാനും കഴിയും. (ഈ പ്രദേശത്തെ 10ഓളം യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ കഴിയും.)

4. കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളുടെ വൻതോതിലുള്ള സബ്സിഡി നമ്മുടെ പ്രദേശത്ത് ലഭ്യമാക്കാൻ കഴിയും.

ഈ അടുപ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ടി പഞ്ചായത്ത് മെമ്പർമാരുടെ ഒരു ജനകീയ സമിതി രൂപീകരിക്കാനും അടുക്കളയുടെ ഉപഭോക്തൃവിഹിതം (ജനറൽ - 50 രൂപ, എസ്.സി. / എസ്.റ്റി. - 40 രൂപ) അനെർട്ടിൽ സമാഹരിച്ചു നൽകാനുള്ള ഒരു സംവിധാനമുണ്ടാകുകയാണെങ്കിൽ പരിഷ ത്തടുപ്പുകൾ നമ്മുടെ പ്രദേശത്ത് കൂടുതൽ വ്യാപകമാക്കാൻ കഴിയും.

## ഊർജ്ജ സംരക്ഷണം

പുതിയ ഊർജ്ജസ്രോതസ്സുകൾ തേടുന്നതോടൊപ്പം പ്രാധാന്യമുള്ള മറ്റൊരു കാര്യമാണ് ഊർജ്ജം സംരക്ഷിക്കുകയെന്നത്. നമ്മുടെ പ്രദേശത്ത് വിതരണം ചെയ്യപ്പെടുന്ന വൈദ്യുതിയുടെ നല്ല ഒരു പങ്ക് പ്രസരണ നഷ്ടം വഴി നഷ്ടപ്പെടുകയാണ്. നമുക്ക് ലഭിക്കുന്ന വൈദ്യുതി അമൂല്യമാണ്. അതിനെ നഷ്ടപ്പെടുത്താതിരിക്കാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ വാർഡുതലത്തിൽ രൂപീകരിക്കുവാൻ കഴിയുന്നതാണ്. വൈദ്യുതി ബോർഡിനു മുമ്പിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പഞ്ചായത്ത് കമ്മിറ്റിക്ക് നൽകാവുന്നതാണ്.

1. വൈദ്യുത മീറ്ററിനുള്ളിൽ കൃത്രിമം കാണിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

2. സ്റ്റെപ്പ് - അപ്പ്ൻെറ അമിത ഉപയോഗം നിയന്ത്രിക്കുക.

3. വളരെ പഴകിയ വൈദ്യുതി കേബിളുകളും ഇൻഡുലേറ്ററുകളും മാറ്റി പുതിയവ സ്ഥാപിക്കുക.

4. വൃക്ഷങ്ങളുടെ ചില്ലകളും തെങ്ങോലകളും മറ്റും വൈദ്യുതി ലൈനിനു മുകളിലൂടെ കിടക്കുന്നത് തടയാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കുക.

കൂടാതെ സാധാരണ ഉപയോഗിക്കുന്ന ബൾബുകൾക്കു പകരമായി വ്യാപകമായി ഫ്ലൂറസെൻറ് ട്യൂബുകൾ പ്രചരിപ്പിക്കാവുന്നതാണ്. കുറഞ്ഞ വോൾട്ടേജിലും കത്തുന്നതും കുറഞ്ഞ നിരക്കിൽ വൈദ്യുതി ഉപയോഗപ്പെടുത്തുന്നതുമായ കോംപാക്ട് ഫ്ലൂറസെൻറ് വിളക്കുകൾ (Compact Flourescent Tubes) ഇപ്പോൾ മാർക്കറ്റിൽ ലഭ്യമാണ്. (ഇവയ്ക്ക് അനെർട്ട് വലിയ തോതിൽ സബ്സിഡി കൊടുക്കുന്നുണ്ട്)

മേൽപ്പറഞ്ഞ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ വഴി വൈദ്യുതോർജ്ജത്തിൻെറ ഉപഭോഗം നല്ലൊരു ശതമാനം കുറയ്ക്കാനും കൂടുതൽ കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കാനും കഴിയുന്നതാണ്.

## പാരമ്പര്യേതര ഊർജ്ജം

നിരന്തരമായ ഉപഭോഗം മൂലം നമ്മുടെ പഞ്ചായത്തിലെ പാരമ്പര്യമായിട്ടുള്ള ഊർജ്ജസ്രോതസ്സുകളെല്ലാം (Conventional Energy Sources) ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. പുതിയതും പുതുക്കാവുന്നതുമായ (New and Renewable) ഊർജ്ജസ്രോതസ്സുകളുടെ പ്രസക്തി ഇവിടെയാണ്.

സൗരോർജ്ജം നമുക്ക് അനർഗ്ഗളമായി ലഭിച്ചുകൊണ്ടിരിക്കുന്ന ഊർജ്ജമാണ്. 'മറ്റുള്ളവർക്കായി സ്വയം കത്തിയെരിയുന്ന സുസ്നേഹമൂർത്തിയായ' സൂര്യൻെറ ഊർജ്ജത്തെ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നിരവധി ഉപകരണങ്ങൾ ഇന്ന് പ്രചാരത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ഗവൺമെൻറ് ഹോസ്പിറ്റൽ, സസ്യേതര ഊർജ്ജത്തിനും ഗ്രാമീണ സാങ്കേതിവിദ്യകൾക്കുള്ള സംസ്ഥാന ഗവൺമെൻ് സ്ഥാപനമായ അനെർട്ടിൻെറ സഹകരണം തേടിക്കൊണ്ട് താഴെപ്പറയുന്ന സൗരോർജ്ജോപകരണങ്ങൾ സ്ഥാപിക്കാവുന്നതാണ്.

1. ഒരു സൗരോർജ്ജ എമർജൻസി ലൈറ്റിംഗ് സിസ്റ്റം (Solar Emergency Lighting System)

2. 200 വാൾട്ട് സൗരോർജ്ജ വാട്ടർ ഹീറ്റർ (Solar Water Heating System) ഈ ഉപകരണം ഉപയോഗിച്ച് 60 - 70 ഡിഗ്രിവരെ ദിവസം 200 ലിറ്റർ എന്ന തോതിൽ ചൂടുവെള്ളം ലഭ്യമാക്കാവുന്നതാണ്.

കൂടാതെ പഞ്ചായത്ത് ഓഫീസിനു മുമ്പിൽ ഒരു സൗരോർജ്ജ തെരുവു വിളക്ക് (Solar Street Light) സ്ഥാപിക്കാവുന്നതാണ്.

# സാമൂഹ്യക്ഷേമം

ദരിദ്രവിഭാഗത്തിൽപ്പെട്ട വളരെ ആളുകളുള്ള ഒരു പ്രദേശമാണിത്. സ്വാഭാവികമായും അങ്ങനെയുള്ളവർക്ക് സാമൂഹ്യമായ ഒരു പതിത മനോഭാവം ഉണ്ടാകുമല്ലോ. അതിൻെറ ഫലമായി മറ്റുള്ളവരോട് ഒരു നിഷേധാത്മക സമീപനം ഉള്ളതായി കാണുന്നു. ഇത് മാറ്റിയെടുക്കണമെങ്കിൽ അവർക്കുള്ള ക്ഷേമപ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാനും ഉയർത്താനുമുള്ള ഒരു വ്യഗ്യതയും സമൂഹത്തിൻെറതായി ഉണ്ടായേ പറ്റൂ.അതുകൊണ്ട് സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് വമ്പിച്ച പ്രസക്തിയുണ്ട്. തൊഴിലില്ലായ്മ രൂക്ഷമായി വരുന്നത് ഒരു സാമൂഹിക പോരായ്മയാണ്. തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുവാൻ ഊന്നിക്കൊണ്ടുള്ള ഒരു പ്രവർത്തന ശൈലി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. സാമ്പത്തിക അസമത്വം ഇല്ലായ്മ ചെയ്തെങ്കിലേ ദരിദ്ര്യജന വിഭാഗങ്ങൾ പ്രത്യാശാഭരിതരാകൂ.

ഐ.ആർ.ഡി.പി. ദരിദ്ര്യനിർമ്മാർജ്ജന ലക്ഷ്യത്തോടെ നടപ്പിലാക്കിയ സർവ്വേ വെളിപ്പെടുത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ദാരിദ്രരേഖയ്ക്കുതാഴെ കണ്ടെത്തിയ കുടുംബം | ഇതിൽ S/C, S/T | സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ S/C, S/T | ദാരിദ്രരേഖയ്ക്കുമുകളിൽഎത്തിയവർ | ഇനിയും ദാരിദ്രരേഖയ്ക്കുതാഴെയുള്ളവർ | |
|---|---|---|---|---|---|---|---|
| 1 | 174 | 63 | 26 | 18 | 4 | 170 | |
| 2 | 115 | 49 | 26 | 16 | 3 | 112 | |
| 3 | 121 | 13 | 26 | 17 | 3 | 118 | |
| 4 | 120 | 42 | 26 | 18 | 3 | 117 | |
| 5 | 173 | 30 | 26 | 11 | 2 | 171 | |
| 6 | 78 | 02 | 24 | 14 | 3 | 75 | |
| 7 | 119 | 06 | 28 | 14 | 4 | 115 | |
| 8 | 295 | 110 | 27 | 10 | 3 | 292 | |
| 9 | 159 | 46 | 20 | 12 | 4 | 155 | |
| ആകെ | 1354 | 361 | 229 | 130 | 29 | 1325 | 11.1 |

മുകളിൽ കാണുന്ന കണക്കിൽ നിന്നും ദാരിദ്രനിർമ്മാർജ്ജന പ്രവർത്തനം ശോചനീയമായിരുന്നു എന്ന് വ്യക്തം. ആകെ കണ്ടെത്തിയ 1354 പേരിൽ 1325 പേർ ഇപ്പോഴും ദാരിദ്രരേഖയ്ക്കു താഴെത്തന്നെ. വിവിധ ഡിപ്പാർട്ടുമെൻറുവഴിയുള്ള വിഭവങ്ങൾ സംയോജിപ്പിച്ച് നടപ്പാക്കേണ്ട സംയോജിത ഗ്രാമവികസന പരിപാടി (ഐ.ആർ.ഇ.പി. പ്രോഗ്രാം) ഫലപ്രദമായി നടപ്പിലാക്കാൻ സാമൂഹ്യവികസന ഡിപ്പാർട്ടുമെൻറിനുണ്ടായ പരാജയത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

**ഗ്രാമീണ കൈത്തൊഴിലുകാർക്ക് നല്കിയ സഹായങ്ങൾ**

| വാർഡ് | കൈത്തൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവർ | ഇനിയും സഹായത്തിന് അർഹതയുള്ളവർ |
|---|---|---|---|
| 1 | 16 | 4 | 12 |
| 2 | 14 | 5 | 9 |
| 3 | 18 | 5 | 13 |
| 4 | 13 | 4 | 9 |
| 5 | 16 | 5 | 11 |
| 6 | 14 | 4 | 10 |
| 7 | 11 | 4 | 7 |
| 8 | 19 | 5 | 14 |
| 9 | 20 | 5 | 15 |
| | 141 | 41 | 100 |

അവലംബം : ബി.ഡി.ഓ. ആഫീസ് രേഖകൾ

ഇനിയും സഹായം ലഭിച്ചിട്ടില്ലാത്ത കരകൗശലത്തൊഴിലാളികൾ എത്രകാലം കാത്തിരിക്കണമെന്ന് ഒരു നിശ്ചയവുമില്ല.

DWCRA പദ്ധതിപ്രകാരം രൂപപ്പെട്ട മൂന്നു സ്ഥാപനങ്ങൾ രജിസ്ട്രർ ചെയ്തിട്ടുണ്ട്. അതിൽ 1994-ൽ ആരംഭിച്ച 10 അംഗങ്ങളുള്ള മെറ്റിൽ വർക്സ് നല്ലവണ്ണം പ്രവർത്തിക്കുന്നു. 1996-ൽ രജിസ്ട്രർ ചെയ്യപ്പെട്ട 10 അംഗങ്ങൾ വീതമുള്ള ഡേറി യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. (11.4) ട്രൈസം തൊഴിൽ പരിശീലന പരിപാടി.

<u>പരിശീലനം നേടിയവരുടെ വിവരം താഴെ ചേർക്കുന്നു.</u>

| വാർഡ് | പരിശീലന വിഷയം | പരിശീലനം ലഭിച്ചവർ | സ്വയം തൊഴിൽ കണ്ടെത്തിയവർ | മറ്റുതൊഴിലിൽ ഏർപ്പെട്ടർ | ശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 | ചൂരൽ പണി | 6 | 2 | 3 | 1 |
| 2 | ടൈപ്പ്റൈറ്റിംഗ് | 4 | 1 | 2 | 1 |
| 3 | വയറിംഗ് - പ്ലംബിംഗ് | 6 | 1 | 4 | 1 |
| 4 | ബ്യൂട്ടീഷ്യൻ | 5 | 2 | 2 | 1 |
| 5 | സ്ക്രീൻ പ്രിൻറിംഗ് | 4 | 1 | 3 | - |
| 6 | ഫുഡ് പ്രിസർവേഷൻ | 5 | 2 | 3 | - |
| 7 | വെൽഡിംഗ് | 6 | 2 | 2 | 2 |
| 8 | Do | 7 | 2 | 2 | 3 |
| 9 | Do | 5 | 1 | 3 | 1 |
| | | 48 | 14 | 24 | 10 |

## ക്ഷേമപ്രവർത്തനങ്ങൾ

പരിശീലനം ലഭിച്ച 46 പേരിൽ 14 പേർക്കുമാത്രമേ തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളു. ഇതിൻെറ അർത്ഥം പരിശീലനം ഏർപ്പെടുത്തിയവർ പരിശീലനം നേടിയവർക്ക് വേണ്ട സംരംഭക സഹായം നല്കുന്നതിൽ പരാജയപ്പെട്ടു എന്നാണ്. ഇതിനുള്ള കാരണങ്ങൾ പരിശോധിക്കുമ്പോൾ തെരഞ്ഞെടുപ്പിലെ ദൂരക്കാഴ്ച യില്ലായ്മ പരിശീലനം നേടിയവരുടെ അനാസ്ഥ സംരംഭക പ്രേരണകൾ കൊടുക്കാതിരുന്നത് ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടാതിരുന്നത് ഇതിൽ ഏതെങ്കിലുമോ എല്ലാമോ ആകാം. ഏതായാലും അവധാനതയുടെ അഭാവം ദൃശ്യമാണ്.

## ഗ്രാമീണകൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നല്കുന്ന പരിപാടി. (ആർ.എ.പി.)

ഐ.ആർ.ഡി.പി.യുടെ ഒരു അനുബന്ധപരിപാടിയാണിത്. മരപ്പണി, ഇരുമ്പുപണി, സ്വർണ്ണപ്പണി, പോട്ടറി നിർമ്മാണ്, ചെരിപ്പു നിർമ്മാണം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കാണ് ഇതിൻെറ പ്രയോജനം ലഭിക്കേണ്ടത്. ഈ പദ്ധതി 91-92മുതൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വൈദ്യുതി ഉപയോഗിച്ചു പ്രവർത്തിക്കുന്ന ആധുനിക ഉപകരണങ്ങളാണ് ഗുണഭോക്താക്കൾക്ക് നല്കുക. ഉപകരണ വിലയുടെ 10% ഗുണഭോക്താവ് അടയ്ക്കേണ്ടി വരും. പാരമ്പര്യതൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹായകരമായ ഒരു പദ്ധതിയാണിത്.

### ജവഹർ റോസ്ഗാർ യോജന ആക്ഷൻ പ്ലാൻ

| | ജനറൽ സെക്ടർ | | SC/ST | | ആകെ |
|---|---|---|---|---|---|
| പണിയുടെ പേർ | എസ്റ്റിമേറ്റ് | ചെലവ് | എസ്റ്റിമേറ്റ് | ചെലവ് | ചെലവ് |
| 9 വീടുകളുടെ നിർമ്മാണം | | | 11,8800 | 59000 | 59000 |
| 24 വീടുകളുടെ വയറിംഗ് | | | 11985 | 6000 | 6000 |
| കഞ്ഞിപ്പുര എൽ.പി.എസ്. | 40000 | 37000 | | | 37000 |
| അങ്കണവാടി കെട്ടിടം | 80000 | 10000 | | | 10000 |
| നടപ്പാലം മൂലയിൽ തോട്ടിൽ | 39314 | 18843 | | | 18843 |
| നടപ്പാത കമ്പിക്കഴിക്കകം തോട്ടിൽ | 25000 | 8000 | | | 8000 |
| കലിങ്ക് ആലുവിള ഭാഗത്ത് | 45000 | 44997 | | | 44997 |
| കുമിളിവിള നടപ്പാലം | 40000 | 39729 | | | 39729 |
| തോണ്ടപ്പുറത്ത് സ്റ്റെപ്പുകൾ | 10000 | 14059 | | | 14059 |
| നടപ്പാലം അയന്തി ഏലായിൽ | [illegible]0000 | 10849 | | | 10849 |
| നടപ്പാലം ശാസ്താം തോട്ടിൽ | 40000 | 15979 | | | 15979 |
| | | 204456 | | 65000. | |

ഈ ഇനത്തിൽ മൊത്തം 269456 രൂപ ചെലവായിട്ടുണ്ട്.

അവലംബം : പഞ്ചായത്ത് ആഫീസ് രേഖകൾ

### വിവിധ സഹായ പദ്ധതികൾ

ഇപ്പോൾ പഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷനു വേണ്ടിയുള്ള 64 അപേക്ഷകൾ ലഭിച്ചിട്ടുള്ളവ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരുടെ അന്വേഷണത്തിന് വിട്ടിരിക്കുകയാണ്. അഗതികൾക്കും വിധവകൾക്കുമുള്ള 31 പേർക്ക് പ്രതിമാസം 80 രൂപാ നിരക്കിൽ 96 മെയ്‌വരെ നല്കിയിട്ടുണ്ട്. വാർദ്ധക്യകാല പെൻഷൻ 18 പേർക്ക് തഹസീൽദാർ അനുവദിച്ചത് 96 ജൂലൈ വരെ പ്രതിമാസം 100 രൂപാ നിരക്കിൽ കൊടുത്തിട്ടുണ്ട്.

## സാമൂഹ്യക്ഷേമവകുപ്പ് വിതരണം ചെയ്തു കൊണ്ടിരിക്കുന്ന സഹായ പദ്ധതിയുടെ വിവരങ്ങൾ.

| വർഷം | അഗതി പെൻഷൻ | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്യാൻസർ രോഗികളുടെ പെൻഷൻ |
|---|---|---|---|---|---|
| 1992 | 1 | 4 | 6 | 7 | 1 |
| 1993 | 1 | 2 | 4 | 1 | 1 |
| 1994 | 2 | 0 | 0 | 3 | 0 |
| 1995 | 0 | 2 | 2 | 2 | 1 |
| 1996 | 1 | 2 | 2 | 0 | 2 |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ.

ഒരു പഞ്ചായത്തു ചന്ത സ്ഥാപിക്കുക. (വാർഡ് 2,4,8). അന്തിച്ചന്ത (വാർഡ് 3) ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കണം (2,3) ബ്രാഞ്ച് പോസ്റ്റാഫീസ് സബ്പോസ്റ്റാഫീസ് ആക്കണം. (2) അങ്കണവാടിക്ക് കെട്ടിടമുണ്ടാക്കണം. (3,8) ദുർബല വിഭാഗ വിദ്യാർത്ഥികൾക്കുള്ള ഉപരിപഠനസഹായം, അഗതി പെൻഷനുള്ള തടസ്സം നീക്കുക, വെൽഫെയർ സെൻറർ ഉണ്ടാക്കുക. (3) സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക. (6,8,9,4) പുതിയ ഓരോ അങ്കണവാടികൾ വേണം. (3,8,9,4) പെൻഷനും പുനരധിവാസവും (വിധവകൾ, അഗതികൾ, വികലാംഗർ എന്നിവർക്ക്) (4). ന്യായവില ഷാപ്പുകളിൽ വില പ്രദർശനവും ബില്ലെഴുത്തും നിർബന്ധമാക്കുക. (5) അർഹതപ്പെട്ടവർക്കെല്ലാം പെൻഷൻ അനുവദി ക്കുക, പൊതു കളിസ്ഥലം ഉണ്ടാക്കണം, കയ്യേറിയ പുറമ്പോക്ക് ഒഴിപ്പിക്കണം. (7) ടൂറിസ വികസന സാദ്ധ്യത (9,3). പൊതു മൂത്രപ്പുര (5). ആഴ്ചച്ചന്തയും വിപണന കേന്ദ്രവും സ്ഥാപിക്കുക. (1)

## പ്രശ്നങ്ങൾ

ഉല്പന്നങ്ങൾ വാങ്ങാനും വില്ക്കാനും ചന്തകളുടെ അപര്യാപ്തത. കമ്മ്യൂണിറ്റി ഹാളുകൾ ഇല്ല. പോസ്റ്റൽ ഡിപ്പാർട്ടുമെൻറിന്റെ സേവനം അപര്യാപ്തം. മദ്യനിരോധനം സമ്പൂർണ്ണമാക്കണം. അങ്കണവാടികളുടെ എണ്ണം പോരാ. ന്യായവിലഷോപ്പുകളിൽ ബില്ലെഴുത്തും വിലപ്രദർശനവും നിർബന്ധമാക്കുന്നില്ല. ജന ബാഹുല്യമുള്ളയിടങ്ങളിൽ മൂത്രപ്പുരയില്ല. കയ്യേറിയ പുറമ്പോക്ക് ഒഴിപ്പിക്കുന്നില്ല.

## സാദ്ധ്യതകൾ

സഹായങ്ങൾക്ക് അർഹരായ യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുന്ന ചുമതല ഗ്രാമസഭ ഏറ്റെടുക്കണം. D.W.C.R.A യൂണിറ്റുകൾ വാർഡുതോറും സ്ഥാപിക്കണം. ഐ.ആർ.ഡി.പി. നടപ്പാതക്കുന്നത് കാര്യക്ഷമമാക്കണം. മഹിളാ സമാജങ്ങൾ, ബാലവാടികൾ എന്നിവ കേന്ദ്രീകരിച്ച് പോഷകാഹാര പ്രതിരോധ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തണം. ടൂറിസം വികസിപ്പിക്കണം. പൊതുസ്ഥലങ്ങളിൽ മൂത്രപ്പുര, വെയിറ്റിംഗ് ഷെഡ് തുടങ്ങിയവ അടിന്തിരമായി ഏർപ്പെടുത്തണം. കയ്യേറിയ പുറമ്പോക്ക് ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കണം.

# ഭവനനിർമ്മാണം

1995-96 ൽ ചെറുന്നിയൂർ പഞ്ചായത്തിൽ 7747 വീടുകൾ ഉണ്ട്. 1991-92ൽ 6170 വീടുകളാണ് ഉണ്ടായിരുന്നത്. 5 വർഷംകൊണ്ട് 1574 വീടുകൾ കൂടുതലായി നിർമ്മിച്ചിരിക്കുന്നു.

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ളത് | കോൺക്രീറ്റ് കെട്ടിടങ്ങൾ | ഓടിട്ട കെട്ടിടം | ഓല മേഞ്ഞത് |
|---|---|---|---|---|---|
| 1 | 1040 | 5 | 119 | 774 | 142 |
| 2 | 1034 | 40 | 245 | 154 | 595 |
| 3 | 873 | 20 | 179 | 155 | 519 |
| 4 | 934 | 15 | 150 | 125 | 644 |
| 5 | 981 | 30 | 297 | 141 | 513 |
| 6 | 469 | 5 | 104 | 85 | 275 |
| 7 | 676 | 14 | 217 | 72 | 373 |
| 8 | 851 | 11 | 126 | 123 | 591 |
| 9 | 889 | 7 | 127 | 152 | 603 |
| ആകെ | 7747 | 147 | 1564 | 1781 | 4255 |

(അവലംബം : ചെറുന്നിയൂർ പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്റർ)

വർക്കല ഭവനനിർമ്മാണ സഹകരണസംഘം ഈ പഞ്ചായത്ത് അതിർത്തിയിൽ നല്കിയ ഭവനനിർമ്മാണവായ്പയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വായ്പക്കാരുടെ എണ്ണം | വായ്പതുക |
|---|---|---|
| 1991-92 | 5 പേർ | 163000 |
| 92-93 | 4 പേർ | 145000 |
| 93-94 | 1 ആൾ | 30000 |
| 94-95 | 5 പേർ | 93000 |
| 95-96 | 6 പേർ | 152500 |
| | | 583500 |

ഐ.ആർ.ഡി.പി. പ്രകാരം ബ്ലോക്കിൽ നിന്നും അനുവദിച്ച ഭവന വായ്പ.

| വാർഡ് | വീട് ആവശ്യമുള്ള കുടുംബങ്ങൾ | അനുവദിച്ച വീടുകൾ | പൂർത്തീകരിച്ചവ | പൂർത്തീകരിക്കാനുള്ളവ | ഇനിയും അനുവദിക്കേണ്ടവ |
|---|---|---|---|---|---|
| 1 | 65 | 9 | 8 | 1 | 56 |
| 2 | 55 | 10 | 10 | - | 45 |
| 3 | 45 | 12 | 10 | 2 | 33 |
| 4 | 55 | 9 | 9 | - | 46 |
| 5 | 70 | 9 | 9 | - | 61 |
| 6 | 46 | 12 | 11 | 1 | 34 |
| 7 | 60 | 9 | 9 | - | 51 |
| 8 | 70 | 11 | 10 | 1 | 59 |
| 9 | 60 | 10 | 10 | - | 50 |
| ആകെ | 526 | 91 | 86 | 5 | 435 |

മേൽ കാണിച്ചതിൽ നിന്നും ബ്ലോക്കിൽ അനുവദിച്ചത് 91 വീടുകളും ഭവനവായ്പാസംഘം കൊടുത്ത 21 വായ്പകളും ചേർന്നാൽ 112 വീടുകൾക്കുള്ള സഹായമാണ് ആകെ ലഭിച്ചത് എന്ന് കാണാം. എന്നാൽ 1574 വീടുകൾ ആ കാലയളവിൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഇതിൻെറ അർത്ഥം പരസഹായം കൂടാതെ 1462 വീടുകൾ നിർമ്മിച്ചു എന്നാണ്. ഇതിൽ കൂടുതലും കോൺക്രീറ്റ് കെട്ടിടങ്ങളാണ്. കോൺക്രീറ്റ് ഭ്രമം വർദ്ധിച്ച് വരുന്നതിൽ കെട്ടിടനികുതി രജിസ്ട്രർ വെളിവാക്കുന്നത് ഗൾഫ് പണമാണ് ഈ കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണത്തിനു വക നല്കിയതെന്നു മനസ്സിലാക്കാം. പട്ടികജാതി പട്ടികവർഗ്ഗക്കാർ ഒഴിച്ച് 10% കുടുംബങ്ങളെങ്കിലും സ്വന്തമായി പുതിയ വീടുണ്ടാക്കാൻ കഴിയാത്തവരാണ്. നിലവിലുള്ള ഭവനനിർമ്മാണ സംഘത്തിൻെറ പ്രവർത്തനം വളരെ അപര്യാപ്തം. പുതിയ കോളനികൾ ഉണ്ടാക്കണമെന്ന നിർദ്ദേശം ഗ്രാമസഭയിൽ നിന്നും വന്നിട്ടുണ്ട്. പാൽ കറവക്കാരായ 50 ഓളം പേരിൽ തമിഴ്നാട്ടിൽ നിന്നും വന്നിട്ടുള്ളവരാണ്. ഇവർ ഇവിടെത്തന്നെ വീടുണ്ടാക്കാൻ താല്പര്യം കാണിക്കുന്നതായി മനസ്സിലാകുന്നു. നാട്ടുകാർക്ക് പാൽകറവ നടത്തുന്നതിനുള്ള അനാസ്ഥയാണ് ഇവരുടെ പെരുകിവരുന്ന സംഖ്യ വ്യക്ത മാക്കുന്നത്.

കെട്ടിട നിർമ്മാണ രംഗത്ത് അനാവശ്യ ചെലവുകൾക്കുള്ള പ്രവണത കൂടി വരുന്നു. ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ പ്രേരണയുണ്ടാകണ മെങ്കിൽ നിർമ്മാണ സാമഗ്രികൾ നിർമ്മിക്കു ന്നതിൽ പഞ്ചായത്ത് മുൻകൈ എടുക്കുന്നത് നന്നായിരിക്കും. കെട്ടിട നിർമ്മാണ രംഗത്ത് പ്രവറത്തിക്കുന്ന ആശാരിപ്പണി, കല്പണി എന്നീ തൊഴിലുകൾ ചെയ്യുന്നവർക്ക് 120 രൂപ മുതൽ 150 രൂപ വരെയും സഹായ ജോലിക്കാർക്ക് 100 രൂപയും അതിൽ സ്ത്രീ തൊഴിലാളികൾക്ക് 80 രൂപവരെയുമാണ് കൂലി ലഭിക്കുന്നത്. തൊഴിൽ വൈദഗ്ധ്യമുള്ളവർ ഗൾഫ് രാജ്യങ്ങളിലേക്കു ജോലിതേടി പോയി. ഈ രംഗത്ത് വിദഗ്ധരുണ്ടാകുവാൻ ട്രെസം പോലുള്ള പരിപാടികൾ നടപ്പാക്കുന്നതും പ്രയോജനകരമാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. വീടില്ലാത്തവർക്ക് അവ നിർമ്മിച്ചു നല്കണം. (2,8)
2. ഭൂരഹിതർക്ക് 4 സെൻറ് ഭൂമിയും വീടും കൊടുക്കണം. (2,3,5,6,7,8)
3. അവശർക്കു വീടുമേയുവാൻ സഹായം വേണം. (2,7)
4. എൻ.ആർ.ഇ.പി. ഭവനഗ്രാൻറ് ലഭ്യമാക്കണം. (3)
9. ഐ.എച്ച്.ഡി.പി. കോളനികൾ ആവശ്യമാണ്.
10. സാമ്പത്തിക കഴിവുകേട് വൈദ്യുതി കിട്ടാൻ തടസ്സമാകുന്നു.
5. വീടിൻെറ അറ്റകുറ്റപ്പണികൾക്കു സഹായം ലഭ്യമാക്കണം. (3,5,6)
6. വീടിനു ജലലഭ്യതയും ഇല്ലാത്തിടത്തു കക്കൂസുകളും ഉണ്ടാക്കണം. (5,6)
7. സൗജന്യ വൈദ്യുതീകരണം അർഹരായവർക്കു നല്കുക. (5,8)
8. ഭവനി നിർമ്മാണ സഹകരണസംഘം ഉണ്ടാക്കണം. (3,4)
9. ഭൂരഹിതർക്കു കുറഞ്ഞ പലിശയ്ക്കു വായ്പ നൽകണം. (4)
10. ലക്ഷം വീടുപദ്ധതി വായ്പാ വ്യവസ്ഥയിൽ വേണം. (6)
11. ലക്ഷം വീടു പദ്ധതി ശാസ്ത്രീയമായി പരിഷ്കരിക്കുക. (1,2,3)
12. വീടു വയ്ക്കുവാൻ തുണ്ടു ഭൂമികൾ ഭൂരഹിതർക്കു കൊടുക്കണം. (5)
13. വൃദ്ധ സദനം നിർമ്മിക്കണം. (5)
14. വീടിനു കൊടുക്കുന്ന വായ്പാ ഗഡുക്കൾ 5ൽ നിന്നു രണ്ടുതവണയായി കുറയ്ക്കണം. (7)
15. പഞ്ചായത്ത് കോളനി സ്ഥാപിക്കുക. (7,8)
16. നിലവിലുള്ള കോളനി ഐ.എച്ച്.ഡി.പി.യിൽ പെടുത്തണം. (8)
17. കെട്ടിട ഗ്രാൻറ് റോഡിൻെറ ദൂരത്തിൽ നിന്നുള്ള ക്രമം അനുസരിച്ചു കൂട്ടണം. (3)

## പ്രശ്നങ്ങൾ

1. ഭവനനിർമ്മാണ പദ്ധതികൾ ഊർജ്ജസ്വലമല്ല,
2. ഭൂരഹിതർക്കു ഭവനനിർമ്മാണത്തിനുവേണ്ട പരിഗണന ലഭിക്കുന്നില്ല.
3. അറ്റകകുറ്റപ്പണിക്കും ഓലമേയലിനും സഹായം ലഭിക്കുന്നില്ല.
4. പല വീടുകൾക്കും പശ്ചാത്തല സൗകര്യങ്ങളില്ല.
5. വായ്പകൾ സമയത്തു കിട്ടുന്നില്ല.
6. ലക്ഷംവീടു പദ്ധതിക്കു വൈകല്യങ്ങളുണ്ട്.
7. വൃദ്ധജനങ്ങൾക്കു അഭയം ലഭിക്കുന്നില്ല.
8. വീടുവായ്പകൾ ഗഡുക്കൾ മുഖേന സമയത്തു ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1. ഭവനനിർമ്മാണ സഹകരണസംഘം പഞ്ചായത്തിൽ വ്യാപകമായി പ്രവർത്തിക്കുവാൻ സാദ്ധ്യത ആരായുക.
2. ചെലവുകുറഞ്ഞ ഭവന നിർമ്മാണരീതികളുടെ പ്രചാരണം. കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണത്തിനു ശ്രമം ഉണ്ടാക്കണം.
3. ഭൂരഹിതർക്കും ദുർബല വിഭാഗക്കാർക്കുമായി പ്രത്യേക ഭവനനിർമ്മാണ പദ്ധതികൾ വേണം.
4. ഭവന നിർമ്മാണ ദുർവ്യയം നികുതി വർദ്ധനവിലൂടെ നിരുത്സാഹപ്പെടുത്തണം.
5. വീടുകളുടെ അറ്റകുറ്റപ്പണികൾക്കും നിർമ്മാണത്തിനും സേവനസംഘം രൂപീകരിക്കണം.
6. കോളനി സ്ഥാപനത്തിനു ഐ.എച്ച്.ഡി.പി. സഹായം വേണം.

# സംസ്കാരം

സാംസ്കാരിക ചരിത്രത്തിൽ പരാമർശിച്ചിട്ടുള്ളതു പോലെ ചെറുന്നിയൂർ പഞ്ചായത്തിന് തനതായ ഒരു സാംസ്കാരിക പൈതൃകമുണ്ട്. ഇവിടെ ശിവക്ഷേത്രങ്ങളും, ശാസ്താ ക്ഷേത്രങ്ങളും, ദേവീക്ഷേത്രങ്ങളും, അമ്മൻകോവിലുകളും, നാഗരുകാവുകളും, ക്രിസ്ത്യൻ, മുസ്ലീം ആരാധനാലയങ്ങളും സർവ്വരും ആരാധിക്കപ്പെടുന്ന ഗുരുമന്ദിരങ്ങളും മതസഹിഷ്ണുതയുടേയും മാനവസൗഹൃദത്തിന്റെയും പ്രതീകങ്ങളായി നിലകൊള്ളുന്നു.

## ഉത്സവങ്ങൾ

ജാതി മതഭേദമെന്യേ ആഘോഷിക്കരപ്പെടുന്നതാണ് ഇവിടുത്തെ ക്ഷേത്രോത്സവങ്ങൾ. ഉത്സവ നടത്തിപ്പിനായി വേണ്ടിവരുന്ന തുക സംഭാവനയായി സമാഹരിക്കപ്പെടുന്നു. ക്ഷേത്രാങ്കണത്തിൽ തിരിക്കുന്ന എഴുന്നെള്ളത്തിനെ പാതയോരങ്ങളിലും വീടുകളിലും നിറപറയും നിലവിളക്കുമായി സ്വീകരിക്കുന്നു. യഥാർത്ഥത്തിൽ മതേതരത്വം പ്രകടമാവുന്നത് ഈ ആഘോഷവേളകളിലാണ്. ഓരോ വീട്ടിലുമുള്ള ബന്ധുക്കൾ അന്യപ്രദേശങ്ങളിൽ നിന്നും എത്തിച്ചേർന്ന് കൂടിചേരലിന്റെ ഊഷ്മളതയിൽ ഗൃഹാന്തരീക്ഷം തന്നെ ഉത്സവ പ്രതീതിയിലാവുന്നു. നിത്യജീവിതത്തിലെ അദ്ധ്വാന - ആയാസങ്ങൾ മനസ്സിനും ശരീരത്തിനുമേൽപ്പിക്കുന്ന ആഘാതങ്ങൾക്ക് ആശ്വാസം പകരുന്നത് ഇങ്ങിനെ ആഘോഷിക്കപ്പെടുന്ന ഉത്സവ വേളകളിലാണ്. അമ്മൻകൊട മഹോത്സവങ്ങൾ വ്യത്യസ്ഥമായ ഉത്സവ പ്രതീതിയാണ് ജനിപ്പിക്കുന്നത്.

മുങ്ങോട് സെന്റ് സെബാസ്റ്റ്യനോസ് ചർച്ച് തൊട്ടടുത്ത പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും ഉത്സവത്തിന്റെ ഭാഗമായുള്ള തിരുസ്വരൂപത്തിന്റെ എഴുന്നെള്ളിപ്പ് കൂടുതലും ചെറുന്നിയൂർ പഞ്ചായത്ത് പ്രദേശങ്ങളിലൂടെയാണ് കടന്നുപോകുന്നത്. പള്ളിക്കാഴ്ച ജാതിമതഭേദമെന്യേ ഇവിടുത്തെ ഗ്രാമീണജനത ആഘോഷിക്കപ്പെടുന്ന ഉത്സവമാണ്. കൃഷിക്കാവശ്യമായ നടീൽ വസ്തുക്കളും മറ്റ് ഗൃഹോപകരണങ്ങളും ഉത്സവത്തോടനുബന്ധിച്ചുള്ള വിപണനമേളയിൽ ലഭ്യമാകുന്നു.

പാലച്ചിറയിലെ ഹബീബ് ഹാജി തങ്ങൾ ജാറത്തിലെ ഉറൂസ് മഹാമഹം ഇത്തരുണത്തിൽ ശ്രദ്ധേയമാണ് വർഷംതോറും പാലച്ചിറ, തയ്ക്കാവ് അങ്കണത്തിൽ വച്ച നടക്കുന്ന പ്രാർത്ഥനയിലും അന്നദാനത്തിലു ജാതിമതഭേദമെന്യേ ആളുകൾ പങ്കെടുക്കുന്നു.

ഈ പഞ്ചായത്തിൽ 4 ലൈബ്രറികളും 4 വായന ശാലകളുമാണ് പ്രവർത്തിക്കുന്നത്.

## ലൈബ്രറികൾ

1. അൽനൂറുൾ ഇസ്ലാം ലൈബ്രറി. പാലച്ചിറ.
2. റെഡ്സ്റ്റാർ ലൈബ്രറി, ചെറുന്നിയൂർ.
3. ദേശസേവിനി ലൈബ്രറി, വടശ്ശേരിക്കോണം.
4. ബാപ്പുജി മെമ്മോറിയൽ ലൈബ്രറി, വെന്നികോട്

സാംസ്കാരി പ്രവർത്തനങ്ങൾക്ക് സംഘടിതരൂപ കൈവരുന്നത് മറ്റെല്ലായിടത്തുമെന്നപോലെ ഇവിടെയു ഗ്രന്ഥശാലകളിലൂടെയും കലാസാംസ്കാരിക പ്രസ്ഥാനങ്ങളിലൂടെയുമാണ്. 1950 കളിൽ നാട്ടിൽ പരക്കെ ദൃശ്യമായ സാംസ്കാരികനവോത്ഥാനം മഹ ത്തായ ആദർശബോധത്തിലും തജ്ജന്യമായ സ്വപ്നങ്ങളിലും അടിയുറപ്പിച്ച ഒരു തലമുറയ ടേതായിരുന്നു. 1957ന് മുമ്പുതന്നെ ഇവിടുത്തെ അഭ്യസ്ഥവിദ്യരും കലാകുതുകികളുമായ സഹൃദയർ ചേർന്ന് പ്രൈമറി സ്കൂൾ കേന്ദ്രമാക്കി നാടകസം ഭങ്ങൾ ആരംഭിച്ചുകഴിഞ്ഞിരുന്നു. അരങ്ങേറിയ നാടകങ്ങളിൽ എൻ.പി.ചെല്ലപ്പൻ നായരുടെ 'മിന്നൽ പ്രണയം' മുതൽ 'തൂവലും തൂമ്പയും' വരെഉൾപ്പെട്ട രുന്നു. നാടകരംഗത്തോട് പ്രത്യേകിച്ചുണ്ടായ ഈ അഭിനിവേശം ഇവിടെ ധാരാളം പ്രൊഫഷണൽ നട ന്മാരെയും, എഴുത്തുകാരെയും നാടകസമിതികളേയും സൃഷ്ടിച്ചു.

പാലച്ചിറ അൽ നൂറുൾ ഇസ്ലാം ലൈബ്രറിക് വളരെ നേരത്തേതന്നെ സ്വന്തമായി സ്ഥലവും കെട്ടിടവുമ ണ്ടായി. താന്നിമൂട് ഗുരുദേവ വായനശാല 20 വർഷ ങ്ങൾക്കുമുമ്പ് തുടങ്ങിയെങ്കിലും ഇപ്പോഴാണ് കെട്ടിടമ ണ്ടായത്. ചെറുന്നിയൂർ സർവ്വീസ് സഹകരണബാ

ങ്കിൻെറ സഹായത്തിൽ ചെറുന്നിയൂർ റെഡ്സ്റ്റാർ ഗ്രന്ഥശാലയ്ക്ക് സ്വന്തമായി ഭൂമി ലഭ്യമാവുകയും, ബഹുജനങ്ങളുടെ സംഭാവനകൾ സ്വരൂപിച്ച് കെട്ടിടമു ണ്ടാവുകയും ചെയ്തു.

ഇതിൻെറ പ്രവർത്തനം പുസ്തകവികരണത്തിലും, വായനകളിലും, ചർച്ചകളിലും മാത്രമായി ഒതുങ്ങാതെ നാടകാവതരണം, ഗാനമേള, പുരോഗമന കലാ സാഹിത്യസംഘത്തിൻെറ സംഘാടനം, സ്കൂളിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള അവാർഡുദാനം തുടങ്ങിയ വൈവിദ്ധ്യമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നു. ഈ വർഷത്തെ താലൂക്ക് ലൈബ്രറി യൂണിയൻ കലോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിൻറ് കരസ്ഥമാക്കി എവർ റോളിംഗ് ട്രോഫി നേടി എന്ന ഖ്യാതികൂടി റെഡ്സ്റ്റാറിനുണ്ട്. 1968-ൽ പ്രവർത്തനം ആരംഭിച്ച ദളവാപുരം NMSAC യുടെ പ്രവർത്തനം ഇപ്പോൾ മന്ദഗതിയിലാണ്. സാംസ്കാരിക രംഗത്ത് തനതായ സംഭാവനകൾ നൽകിയ ചെറുന്നിയൂർ ആർട്ട്സ് സൊസൈറ്റി മറ്റൊരു പ്രൊഫഷണൽ നാടകസമിതിയായി രൂപാന്തരപ്പെട്ടു. നാടകരംഗത്ത് ശ്രദ്ധേയമായ ചലനങ്ങൾ സൃഷ്ടിച്ച അമ്പിളി തീയറ്റേഴ്സിൻെറ പ്രവർത്തനവും കാലാന്തരത്തിൽ നിലച്ചുപോയി.

അടുത്തകാലത്തായി ഗ്രന്ഥശാലകളിൽ നിന്നും പുസ്തകം എടുത്തുവായിക്കുന്ന പ്രവണത കുറഞ്ഞു വരുന്നതായാണ് അനുഭവം. ടി.വി., റേഡിയോ തുടങ്ങിയ ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങളുടെ അതിപ്രസരം ഇതിനു കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

| വാർഡ് | ഗ്രാമസഭാനിർദ്ദേശങ്ങൾ | പ്രശ്നങ്ങൾ | സാദ്ധ്യതകൾ |
|---|---|---|---|
| 4,7 | സാംസ്കാരിക നിലയം സ്ഥാപിക്കണം | സാംസ്കാരിക സ്ഥാപനങ്ങളുടെ അപര്യാപ്തത | ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളിൽ വൈവിദ്യവൽക്കരണവും നവീകരണവും |
| 1,6,7 | ഗ്രന്ഥശാല സ്ഥാപിക്കണം | ഇലക്ട്രിക് മാധ്യമങ്ങളുടെ അതിപ്രസരം | വായനശാലകളും ഗ്രന്ഥശാലകളും സംഘടിപ്പിക്കാൻ യുവാക്കൾക്ക് പ്രാദേശികമായി ഉത്തേജനം നല്കുന്ന പരിപാടി |
| 1,2,4,7,9 | ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കണം | കായികരംഗം അവഗണിക്കപ്പെട്ടിരിക്കുന്നു. | കായിക കലാ സംഘടനകൾക്കു പ്രോത്സാഹനം |
| 2,3,9 | ഗ്രന്ഥശാലകൾ മെച്ചപ്പെടുത്തണം | യുവതലമുറയുടെ അലംഭാവ മനോഭാവവും സാമൂഹ്യസേവന താൽപ്പര്യമില്ലായ്മയും | നാടൻകലകൾ പുനർജ്ജീവിപ്പിക്കാൻ പരിപാടി. |
| 2,8 | സ്പോർട്സ് ക്ലബ്ബുകൾക്ക് പ്രോത്സാഹനം നല്കണം. | | സാഹിത്യചർച്ചാ ക്ലാസ്സുകൾ കലാസാഹിത്യ മത്സരങ്ങൾ എന്നിവയ്ക്കുപ്രോത്സാഹനം |
| 1,7 | ഗ്രാമീണ വായനശാലകൾ വേണം | | പഞ്ചായത്ത് സമ്മാനങ്ങൾ ഏർപ്പെടുത്തൽ |
| 6 | കലാ കായിക ക്ലബ്ബ് സ്ഥാപിച്ച് ചർച്ചകളും കലാമേളകൾ എന്നിവയും സംഘടിപ്പിക്കണം. | | സ്പോർട്സ് കിറ്റുകൾ |
| 5,6 | അവശകലാകാരന്മാർക്കു സഹായം നല്കണം | | പഞ്ചായത്തുതല സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുക. |
| 7 | നാടൻ കളികൾ കലാരൂപങ്ങൾ എന്നിവ പ്രോത്സാഹിപ്പിക്കണം | | കളിസ്ഥലം വികസിപ്പിക്കുക. |
| 7 | റേഡിയോ ക്ലബ്ബുകൾ വേണം | | സ്പോർട്സിൽ താല്പര്യമുള്ള കുട്ടികൾക്ക് പരിശീലനം നല്കുക. |
| 9 | പണി പൂർത്തിയായ സാംസ്കാരിക കേന്ദ്രം പ്രവർത്തിപ്പിക്കണം. | | വിദ്യാർത്ഥികൾക്കായി സ്പോർട്സ് ടാലൻറ് ടെസ്റ്റ് നടത്തുക. |
| 9 | നിലവിലുള്ള ഫുട്ബോൾ ഗ്രൗണ്ടുകൾ സംരക്ഷിക്കുക. | | |
| 9 | ആർട്സ് ക്ലബ്ബുകൾ പ്രോത്സാഹിപ്പിക്കണം | | |

# വനിത

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ സ്ത്രീ പുരുഷാനുപാതം 88 ന് 75 ആണ്. സാക്ഷരതാ ശതമാനം 76.5 പുരുഷന്മാരുടെ സാക്ഷരതാ ശതമാനം 48 ആയിരിക്കുമ്പോൾ സ്ത്രീകളുടെ സാക്ഷരതാ ശതമാനം 52 എന്നതും ശ്രദ്ധേയമാണ്. വിദ്യാർത്ഥികളുടെ കാര്യത്തിൽ വിദ്യാർത്ഥികൾ 1159 ഉള്ളപ്പോൾ വിദ്യാർത്ഥിനികൾ 1149 മാത്രമേ ഉള്ളൂ. ഏതായാലും സാക്ഷരതയുടെ കാര്യത്തിൽ ഈ പഞ്ചായത്തിലെ സ്ത്രീകൾക്ക് പുരുഷന്മാരേക്കാൾ മികവാണ് കാണുന്നത്.

പഞ്ചായത്തിലെ അമ്മമാരുടെ എണ്ണം ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനമാക്കി 7. 2 .

ഒരു കുട്ടിയുള്ളവർ - 413

രണ്ടു കുട്ടിയുള്ളവർ - 1130

രണ്ടിൽക്കൂടുതൽ കുട്ടികളുള്ളവർ - 676

കുടുമ്പാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ

ഒരു കുട്ടിയുള്ളവർ - 148

രണ്ടുകുട്ടിയുള്ളവർ - 890

രണ്ടിൽ കൂടുതൽ കുട്ടിയുള്ളവർ - 631

2219 അമ്മമാരിൽ 1669 പേരും കുടുംബക്ഷേമ മാർഗ്ഗം സ്വീകരിച്ചിരിക്കുന്നു എന്നു കാണുന്നത് ഈ പഞ്ചായത്തിലെ സത്രീകൾക്കും കുടുംബക്ഷേമ പ്രവർത്തകർക്കും അഭിമാനകരം തന്നെ. ഇവിടത്തെ സത്രീകൾക്കു കാര്യമായി ആരോഗ്യപ്രശ്നങ്ങളുള്ളതായി കണക്കുകളിൽ കാണുന്നില്ല. അഭ്യസ്തവിദ്യരായ സത്രീകൾക്കു തൊഴിലുകളിൽ ഏർപ്പെടാൻ നാട്ടിൽ തന്നെ തൊഴിൽ മേഖലകൾ ഇല്ല എന്നുള്ളത് ഒരു പ്രശ്നമാണ്. കുടുംബപരിപാലന ചുമതലയ്ക്ക് മുൻഗണന നൽകുന്നതുകൊണ്ട് ഇവിടത്തെ സത്രീകൾ ദൂരദേശങ്ങളിൽ തൊഴിൽ തേടുന്നില്ല എന്നുള്ളതാണ് വസ്തുത. തൊഴിൽ ഏർപ്പെടുന്ന അധികം പേരും പരമ്പരാഗത കുടിൽ വ്യവസായമായ കയർ മേഖലയിലാണ്. വളരെ കുറച്ച് പേർ മാത്രം പ്രത്യേകിച്ച് ഹരിജനങ്ങൾ കെട്ടിട നിർമ്മാണത്തിൽ ഏർപ്പെടുന്നു. ഇവിടത്തെ സ്ത്രീകൾ ലഭ്യമായ കുടുംബ വരുമാനം ഫലപ്രദമായി ഉപയോഗിക്കാൻ വേണ്ടി സ്വയം ചന്തകളിലെത്തി വിഭവശേഷിക്കു അനുസരണമായി മീനും മലക്കറിയും മറ്റു വ്യഞ്ജനസാധനങ്ങളും ശേഖരിക്കുന്നു. വിധവാ പെൻഷൻെറ വിശദവിവരങ്ങൾ സാമൂഹ്യക്ഷേമം എന്ന വിഭാഗത്തിൽ കൊടുത്തിട്ടുള്ളതു കൊണ്ട് ഇവിടെ ആവർത്തിക്കുന്നില്ല. യഥാർത്ഥത്തിൽ കുടുംബ ബഡ്ജറ്റു നിയന്ത്രിക്കുന്നത് അവർ തന്നെ. സമ്പത്തിൻെറ ഉല്പാദനവുമായി സത്രീകളെ നൽകുക. ബന്ധപ്പെടുത്തിയെങ്കിലേ അവരുടെ സ്വയം പര്യാപ്തതയും കുടുംബത്തിൻെറ ക്ഷേമവും ഉറപ്പുവരുത്താനാവൂ. കാർഷികമേഖലയിലെ മുരടിപ്പ് കർഷകതൊഴിലാളി സത്രീകളുടെ തൊഴിൽ അവസരങ്ങൾ കുറയാൻ ഇടവരുത്തിയിട്ടുണ്ട്. കൃഷിപ്പണിയെടുത്തിരുന്ന സത്രീകളിൽ ഭൂരിഭാഗവും ഉപജീവനത്തിനു കെട്ടിട നിർമ്മാണം, റോഡുപണി എന്നിവയെയൊക്കെയാണ് ആശ്രയിക്കുന്നത്. പട്ടണ പ്രദേശങ്ങളിലേയ്ക്ക് ജോലിക്ക് വേണ്ടി അവരുടെ കുടിയേറ്റവും ദിവസേനയുള്ള സാഹസികയാത്രയും വർദ്ധിച്ചിട്ടുണ്ട്.

കൂടുതൽ ശാരീരികാദ്ധ്വാനം വേണ്ടി വരുന്നവയും സുരക്ഷിതത്വം കുറഞ്ഞവയുമായ ഈ തൊഴിലുകളിൽ നിന്ന് ആ സ്ത്രീകളെ തിരിച്ചുവിളിക്കേണ്ടത് കാർഷിക മേഖലയിലേയ്ക്കായിരിക്കും. അതിനായി കയർപിരി, തൊണ്ടുതല്ല് തുടങ്ങിയ മേഖലകൾ ആധുനികവൽക്കരിക്കുകയും, തൊഴിൽ സുരക്ഷിതത്വ ഏർപ്പെടുത്തുകയും വേണം. ഔഷധസസ്യകൃഷി, ഉദ്യാനകൃഷി തുടങ്ങിയവയ്ക്ക് പഞ്ചായത്ത് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്. കന്നുകാലിസംരക്ഷണം, ക്ഷീരവികസനം, ആടുവളർത്തൽ, കോഴിവളർത്തൽ എന്നീ തൊഴിലുകളിൽ അവരെ ഏർപ്പെടുത്താം.

അഭ്യസ്തവിദ്യരായ സത്രീകളുടെ പങ്കാളിത്തം തൊഴിൽ മേഖലയിൽ ഇവിടെ കുറഞ്ഞ് കൊണ്ടിരിക്കുന്നു. പുതിയതൊഴിൽ മേഖലയിലേയ്ക്ക് കടക്കാൻ അവർ മടിക്കുന്നു. തൊഴിൽ ദിനങ്ങളുടെ കുറവ്, മോശപ്പെട്ട ജീവിതസാഹചര്യം, അന്തസ്സിൻെറ പ്രശ്നം, വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജീവിതചെലവ് ഇവയെല്ലാം ചേർന്ന് സത്രീകളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം നശിപ്പിച്ചുകൊണ്ടേയിരിക്കുന്നു. സാദ്ധ്യമായ തൊഴിൽ പദ്ധതികൾ അവർ ചർച്ചചെയ്തു തീരുമാനിക്കേണ്ടതുണ്ട്. വനിതാ സഹകരണ സംഘങ്ങൾ വേണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുള്ളത് ഈ പശ്ചാത്തലത്തിലാണ്.

ചില വാർഡുകളിൽ ചുരുക്കം ചിലവനിതാ സംഘടനകൾ ചെറുകിടവ്യവസായ സംരഭങ്ങളിലും പുഷ്പ കൃഷിയിലും ഏർപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ എണ്ണം നാമമാത്രമാണ്. വനിതാസമാജങ്ങൾ, മഹിളാ പ്രസ്ഥാനങ്ങൾ, സഹകരണസംഘങ്ങൾ, ആരോഗ്യ

സന്നദ്ധസംഘടനകൾ മഹിളാസ്വസ്ത് സംഘ് എന്നിവ സത്രീകളെ സംഘടിപ്പിക്കാൻ പറ്റിയവേദികളാണ്. ശാരീരികവും മാനസികവുമായ ദൗർബ്ബല്യം, കുലമഹിമയെപ്പറ്റിയുള്ള ദുരഭിമാനം, അധിക്ഷേപത്തോടുള്ള ഭയം, ഭർത്താവിനും കുട്ടികൾക്കും ആവശ്യപ്പെടുന്നതരത്തിലുള്ള ശുശ്രൂഷനല്കാൻ പ്രതിബദ്ധതയുണ്ടെന്ന തോന്നൽ സ്വന്തം വിഭാഗത്തിൻെറ തന്നെയുള്ള അപവാദപ്രചാരണം സർവ്വോപരിപുരുഷമേധാവിത്വം എന്നിവ പിന്തിരിപ്പിക്കുന്ന ഘടകങ്ങളാണെങ്കിലും അവയെ നേരിട്ടു പുറത്തു വരാനും പ്രവർത്തിക്കാനും ജനകീയാസൂത്രണ പ്രസ്ഥാനം ഇടവരുത്തട്ടെ.

## ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ

1. വാർഡിൽ വനിതാസ്മാജം വേണം 1, 2, 3, 5, 7
2. തയ്യൽ പരിശീലന സൗകര്യങ്ങൾ വേണം. 1, 2, 3, 8, 9
3. കുടിൽ വ്യവസായ യൂണിറ്റുകൾ ഉണ്ടാകണം 1, 7, 9
4. അങ്കണവാടികൾ വേണം 3, 4, 9
5. സാക്ഷരതാക്ലാസ് വേണം 3, 5
6. വൃദ്ധവിധവാ പെൻഷനുകൾ ലഭിക്കുന്നു 3, 4, 7, 9
7. സ്ത്രീകളോടുള്ള അക്രമം തടുക്കണം 9
8. സ്ത്രീ പീഡനത്തിനെതിരെ ബോധവല്ക്കരണം വേണം 5, 6
9. മാവേലി സ്റ്റോർ സ്ഥാപിക്കണം 6, 7
10. സ്ത്രീധന സമ്പ്രദായത്തിനെതിരെ ശക്തമായ നടപടി വേണം 7
11. പണം വച്ചുള്ള ചീട്ടുകളി നിരോധിക്കണം 9
12. മദ്യപാനത്തിനെതിരെ ബോധവൽക്കരണം വേണം 7
13. വിവാഹമോചനവും ആയി ബന്ധപ്പെട്ടുവരുന്ന പരാതികളിൽ ശ്രദ്ധ ചെലുത്തുകയും, പഞ്ചായത്തുതല കൗൺസിലിംഗ് നടത്തുകയും വേണം 7
14. പുരുഷനോടൊപ്പം സ്ത്രീകൾക്കും കൂലി വേണം 7
15. സ്ത്രീകൾക്കു സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ, അവശവനിതകൾക്കും കുട്ടികൾക്കും സത്മരക്ഷണം എന്നിവ വേണം 7
16. മഹിളാ സഹകരണസംഘം രൂപീകരിക്കണം 8, 9
17. അച്ചാർ, സ്ക്വാഷ്, പഴവർഗ്ഗസംസ്കരണം തുടങ്ങിയവയ്ക്കുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുകയും പുതിയവ ആരംഭിക്കുകയുംവേണം പ്രീ - പ്രൈമറി സ്കൂൾ വേണം. കയർ തൊഴിലാളികൾക്കു മൂത്രപ്പുര തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ജോലി സ്ഥലത്ത് വേണം 918. അഭ്യസ്ത വിദ്യരായ സ്ത്രീകൾക്കു സ്വയം തൊഴിൽ കണ്ടെത്താൻ സാഹചര്യം ഒരുക്കണം 3
19. സ്ത്രീധന പീഡിതർക്കു സൗജന്യ നിയമ സഹായം വേണം 4

## പ്രശ്നങ്ങൾ

1. സ്ത്രീകൾക്കു തൊഴിൽ സൗകര്യങ്ങൾ കുറവ്.
2. സാമൂഹ്യ ക്ഷേമ സഹായങ്ങൾ അപര്യാപ്തം.
3. സ്ത്രീകളോട് അവഗണന.
4. സാമൂഹ്യ തിന്മകൾക്കെതിരെ ശക്തമായ നടപടി വേണം.
5. സ്ത്രീകൾക്കു വേണ്ടി സഹകരണ പ്രസ്ഥാനം പ്രയോജനപ്പെടുത്തുന്നില്ല.
6. സ്ത്രീകൾക്കു ചെറുകിടവ്യവസായസംരംഭങ്ങൾ ഉണ്ടാക്കുന്നതിൽ ആരും ശ്രദ്ധിക്കുന്നില്ല. 7.
7. ശിശുപരിചരണത്തിനു സൗകര്യങ്ങളില്ല.
8. സ്ത്രീ തൊഴിലാളികൾക്കു ആരോഗ്യകരമായ തൊഴിൽ സാഹചര്യങ്ങൾ ലഭിക്കുന്നില്ല.
9. നിർദ്ധനരായ സ്ത്രീകൾക്കു സൗജന്യനിയമ സഹായത്തിനുള്ള ഏർപ്പാടുകളില്ല.

## സാദ്ധ്യതകൾ

1. പരമ്പരാഗത വ്യവസായങ്ങളിൽ സാങ്കേതിക നവീകരണമുണ്ടാകുമ്പോൾ സ്ത്രീകൾക്കു മുൻഗണന
2. വനിതകൾക്കു സഹകരണ വ്യവസായ സംരംഭങ്ങൾ തുടങ്ങണം.
3. സ്ത്രീകൾക്കു നേതൃത്വ പരിശീലനം നടത്തുക.
4. അനാചാരങ്ങൾക്കു എതിരെ ബോധവല്ക്കരണം വേണം.
5. ജോലിസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
6. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി വനിതകൾക്കായി നടപ്പാക്കണം.
7. ഉപഭോക്തൃ സഹകരണസംരംഭങ്ങളിൽ വനിതകളെ പങ്കാളിയാക്കുക.

# സഹകരണമേഖല

ഈ പഞ്ചായത്തിൽ അഭിനന്ദനാർഹമായ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന സഹകരണ സംഘങ്ങൾ ഇല്ല. മതിയായ പ്രോത്സാഹനം കൊടുത്ത് ഇവയുടെയെല്ലാം പ്രവർത്തനം വളർത്തിയെടുക്കേണ്ട സ്ഥിതിയിലാണ്. പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ ആകെ ഏഴ് എണ്ണമാണ്. തരം തിരിച്ചുള്ള ലിസ്റ്റ് ചുവടെ കൊടുക്കുന്നു.

*1. വായ്പാ സഹകരണസംഘം*

ചെറുന്നിയൂർ സർവ്വീസ് സഹകരണ ബാങ്ക്. ക്ലിപ്തം നമ്പർ. 776

*2. ക്ഷീരോല്പാദന സഹകരണസംഘം*

a. ക്ഷീര വ്യവസായ സഹകരണസംഘം ചെറുന്നിയൂർ

b. ക്ഷീര വ്യവസായ സഹകരണസംഘം വെന്നിക്കോട്

c. നരിക്കല്ല് ക്ഷീരോല്പാദക സഹകരണസംഘം, പാലച്ചിറ

*3. കയർ വ്യവസായ സഹകരണസംഘം*

കയർ വ്യവസായ സഹകരണസംഘം പുത്തൻ കടവ് നമ്പർ. 305

കയർ വ്യവസായ സഹകരണസംഘം താന്നിമൂട് നമ്പർ 307

കയർവ്യവസായ സഹകരണസംഘം വെന്നിക്കോട് നമ്പർ 450

കയർ വ്യവസായ സഹകരണസംഘം ചെറുന്നിയൂർ നമ്പർ 5

4. ഹരിജൻ സഹകരണസംഘം നമ്പർ. റ്റി. 903 ചെറുന്നിയൂർ

*5. ചെറുകിട വ്യവസായ സഹകരണസംഘങ്ങൾ*

സെറി കൾച്ചർ സഹകരണസംഘം നമ്പർ 728 വെന്നികോട്

### *1. വായ്പാ മേഖല*

ചെറുന്നിയൂർ സഹകരണ സംഘത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

പ്രവർത്തന പരിധി - ചെറുന്നിയൂർ പഞ്ചായത്ത്
പ്രവർത്തനം ആരംഭിച്ചവർഷം - 1924 (ME 26 - 9 - 1099)
ആകെ അംഗങ്ങൾ - 3077
അംഗീകൃത ഓഹരി മൂലധനം - 5405000
അടഞ്ഞ ഓഹരി മൂലധനം - 291973
അതിൽ സർക്കാരിന്റെ ഓഹരി - 50000
കേരഫെഡ്ഡിന്റെ - 150000
അംഗത്തിന് പരമാവധി കടം എടുക്കാവുന്ന തുക - 25000
നിക്ഷേപങ്ങൾ - 1094910
സംഘം കൊടുത്തിട്ടുള്ള വായ്പകൾ - 191958
മറ്റു സ്ഥാപനങ്ങളിൽ (ജില്ലാ സഹകരണ ബാങ്ക്) നിന്നു വാങ്ങിയത് - 160540
കുടിശിക - 140514

**സ്ഥാപനത്തിന്റെ പ്രതിവർഷ ചെലവ് :-**

ശമ്പളം - 14400
തൻചെലവുകൾ - 37040
(95-96)
കൊടുക്കുന്ന വായ്പാ ഇനങ്ങൾ
ഹ്രസ്വകാല, മധ്യകാല, കാർഷിക വായ്പകൾ, IRDP വായ്പകൾ

### 1. മറ്റു പ്രവർത്തനങ്ങൾ

സംഘത്തിന്റെ വകയായി ഒരു വളം ഡിപ്പോയും ഒരു കൺസ്യൂമർ സ്റ്റോറും പ്രവർത്തിക്കുന്നു.

### 2. ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ

ക്ഷീരോല്പാദകരിൽ നിന്നും പാൽ സംഭരിച്ച് വിതരണക്കാർ വഴി അതാതു വാർഡുകളിലും പരിസരത്തും വിതരണം നടത്തുന്നു. പാൽ വില്പന രൊക്കം വിലക്കാണ്. വല്ലപ്പോഴും കാലിത്തീറ്റ ഉല്പാദകർക്ക് നല്കുന്നുണ്ട്. അതുപോലെ പോഷകതീറ്റകളും. ഉല്പാദകർക്ക് പാൽവില മാസംതോറും കൊടുക്കുകയാണ് പതിവ്. ചെറുന്നിയൂർ ക്ഷീരസംഘം വിതരണക്കാരുടെ കൃത്യവിലോപവും ഭരണസമിതിയുടെ അനാസ്ഥ മൂലവും പാൽ വില കൊടുക്കാതെ കുടിശികയാക്കിയിരിക്കുകയാണ്. സെക്രട്ടറിയുടെ അഭാവത്തിൽ കമ്മറ്റി ഒരു ഓണററിയുടെ സെക്രട്ടറിയെ നിയമിച്ച് സംഘം പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു.

ഉല്പാദകർക്ക് യഥാർത്ഥ സഹായം നല്കുവാനുള്ള നല്ലകാലികളുടെ വിതരണം പാലുല്പ്പാദനം വർദ്ധിപ്പിക്കുവാൻ ഉല്പ്പാദകർക്കു പ്രചോദനം നല്കത്തക്കവിധം പരിപാടികൾ ആവിഷ്കരിക്കുക എന്നിവ ഒഴിച്ചുകൂടാനാവാത്ത ആവശ്യങ്ങളാണ്. വെന്നികോട് ക്ഷീരസംഘം അംഗങ്ങൾ അല്ലാത്ത വരിൽ നിന്ന് കൂടി പാൽ വാങ്ങി വിതരണം ചെയ്തു വരുന്നു. അവിടേയും സ്ഥിതി വളരെ മെച്ചപ്പെടേ ണ്ടിയിരിക്കുന്നു. സ്വന്തം സ്ഥലം ഉള്ള ക്ഷീരസംഘം ഇന്നും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.

### 3. കയർ വ്യവസായ സഹകരണസംഘങ്ങൾ

കയർ സംഘങ്ങൾ നേരിട്ട് ഉല്പാദന പ്രവർത്തനം നടത്തുകയാണ് ഇവിടെ. പച്ചതൊണ്ടു വാങ്ങി കായലിൽ അഴുക്കി തല്ലി പിരിച്ച് കയറാക്കി വില്ക്കുകയാണ് ഇപ്പോഴത്തെ പതിവ്. ഈ ജോലികൾക്കെല്ലാം ആവശ്യമായ തൊഴിലാളികളെ ഏർപ്പെടുത്തുന്നു. മൂന്നു സംഘങ്ങളും ഉല്പാദന മേഖലയിൽ പറയത്തക്ക സംഭാവനകൾ നല്കുന്നില്ല എന്നതാണ് വസ്തുത. ഈ സംഘങ്ങളുടെ പ്രവർത്തന ക്ഷമത ഊർജ്ജിതപ്പെടുത്തണം.

### 4. ഏകഹരിജനസംഘം നാമമാത്രമായി അവ ശേഷിക്കുന്നു.

5. ഖാദി ബോർഡിൻെറ ചെറുകിട വ്യവസായ സംഘമായ ഖാദി ബോർഡിൻെറ കീഴിൽ പ്രവർത്തിക്കേണ്ട 91 ൽ രജിസ്റ്റർ ചെയ്ത സെറികൾച്ചർ സഹകരണസംഘം പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയെങ്കിലും ഉല്പന്നങ്ങൾക്ക് വിപണന കേന്ദ്രങ്ങളും മറ്റും ഇല്ലാതെ പോയതിനാൽ പ്രവർത്തനരഹിതമായി. അങ്ങനെ ഈ സംഘം ലിക്വിഡേറ്റു ചെയ്യാൻ നടപടിയെടുക്കണമെന്നാണ് 1994-95 ലെ ആഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശം. ചുരുക്കിപ്പറഞ്ഞാൽ ഇവിടത്തെ സഹകരണമേഖല പൊതുവേ അവഗണിക്കപ്പെട്ട നിലയിലാണ്. ഒരോ മേഖലയിലുമുള്ള സംഘങ്ങൾ പുൻജ്ജീവിപ്പിക്കാനും താല്പര്യം കാണിക്കുന്ന സ്ഥലങ്ങളിൽ പുതിയ സംഘങ്ങൾ രൂപീകരിക്കുവാനും പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിനു വേണ്ടി സഹകരണ ബോധവത്ക്കരണം അനിവാര്യം.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. ചെറുന്നിയൂർ സർവ്വീസ് സഹകരണസംഘം കാര്യമായി പ്രവർത്തിപ്പിക്കണം. വാർഡുകൾ 3, 5, 7, 9
2. ഒരു ഹരിജൻ സഹകരണസംഘം രൂപീകരിക്കണം. 2
3. ക്ഷീര സഹകരണ സംഘങ്ങൾ നിലവിലുള്ളവ കാര്യക്ഷമം ആക്കണം. 5,8
4. പുതിയ ക്ഷീര സഹകരണ സംഘം രജിറ്റർ ചെയ്യുക. 6, 7
5. കുടിൽ വ്യവസായ സഹകരണ സംഘം ഉണ്ടാക്കണം. 7, 8
6. കാർഷിക വിപണന സംഘം രൂപീകരിക്കുക.4
7. വനിതാ കുടിൽ വ്യവസായ സംഘം രൂപീകരിക്കണം. 6
8. ഈറ വ്യവസായ സഹകരണ സംഘം തുടങ്ങാൻ സാദ്ധ്യത. 2, 5
9. സഹകരണ കൺസ്യൂമർ സ്റ്റോർ വേണം. 4
10. വനിതാ സഹകരണസംഘം രൂപീകരിക്കണം. 2

## പ്രശ്നങ്ങൾ

ഒരേ ഒരു സർവ്വീസ് സഹകരണ സംഘം ഉള്ളതിൻെറ പ്രവർത്തനം അപര്യാപ്തം.

ക്ഷീരോല്പാദകർക്ക് സഹകരണ മേഖല അർഹിക്കുന്ന പ്രോത്സാഹനം നൽകുന്നില്ല.

തൊഴിൽ സാദ്ധ്യത സഹകരണ മേഖലയിലൂടെ ലഭ്യമാക്കുന്നില്ല.

കർഷക തൊഴിലാളികൾ കൃഷിപ്പണികൾ ഇല്ലാത്ത ദിവസങ്ങളിൽ പട്ടിണിയാണ്.

ന്യായ വിലക്ക് ഉപഭോക്താക്കളുടെ നിത്യോപയോഗ സാധനങ്ങൾ ലഭിക്കാനുള്ള സംവിധാനങ്ങൾ ഇല്ല.

വനിതകളുടെ കർമ്മശേഷി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

## സാധ്യതകൾ

നബാർഡിൻെറയും മറ്റും വമ്പിച്ച ധനസഹായം ഗ്രാമാന്തരങ്ങളിൽ എത്തിക്കേണ്ട ചുമതല സർവ്വീസ് സഹകരണ സംഘങ്ങൾ ഏറ്റെടുക്കാനുള്ള പരിപാടി.

ക്ഷീരസംഘങ്ങൾ അത്യുല്പ്പാദന ശേഷിയുള്ള കാലികളേയും കാലിത്തീറ്റയും ഉല്പ്പാദകർക്ക് ലഭ്യമാക്കാനുള്ള പരിപാടി.

സഹകരണ മേഖലയിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻ വിഭവ സമാഹരണത്തിനുള്ള സാദ്ധ്യത പരിഗണിക്കണം.

പഞ്ചായത്തിന് ഒരു സഹകരണ വികസന് പദ്ധതി.

വനിതകളെ സഹകരണ ബോധമുള്ളവരാക്കുവാനും ഉല്പ്പാദന മേഖലയിൽ പങ്കാളികളാക്കുവാനും കഴിയും.

വിദേശ മലയാളികളുടെ നിക്ഷേപങ്ങൾ സർവ്വീസ് സഹകരണബാങ്കിലേയ്ക്ക് ആകർഷിക്കുകയും, അവർക്ക് വാണിജ്യബാങ്കിലേതുപോലുള്ള സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

സർവ്വീസ് സഹകരണ ബാങ്കിൽ സേഫ് ഡിപ്പോസിറ്റ് ലോക്കർ സൗകര്യവും സ്വർണ്ണപ്പണയ സൗകര്യങ്ങൾവും ഏർപ്പെടുത്തുക.



# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ 20ശതമാനം വരുന്ന പട്ടികജാതിക്കാരിൽ കഴിഞ്ഞ 1991 ലെ സെൻസസ് പ്രകാരം 2030 സ്ത്രീകളും 1730 പുരുഷന്മാരുമാണ് ഉണ്ടായിരുന്നത്. സ്ത്രീകളുടെ എണ്ണം പുരുഷന്മാരുടെ എണ്ണത്തേക്കാൾ കൂടുതലായിരിക്കുന്നു.

## വികസനമേഖല

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം ഈ പഞ്ചായത്തിലെ 1354 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയായികണക്കാക്കപ്പെട്ടു. ഇവരിൽ 361 പട്ടികജാതി കുടുംബങ്ങളുണ്ടായിരുന്നു. (27%) ആകെ ഐ.ആർ.ഡി.പി. സഹായം ലഭിച്ച മൊത്തം കുടുംബങ്ങൾ 229. അവരിൽ 130 കുടുംബങ്ങൾ പട്ടികജാതിക്കാരുടേതായിരുന്നു. (ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ 57%).

ജെ.ആർ.വൈ. പണികളുടെ കൂട്ടത്തിൽ 9 വീടുകൾ നിർമ്മിക്കുന്നതിന് 118800 രൂപയും 24 വീടുകൾ വയറിംഗ് നടത്തുന്നതിന് 11985 രൂപയും ചെലവാക്കിയിട്ടുള്ളതായി കാണുന്നു. ഇതിൽ നിന്നും ഈ വിഭാഗക്കാർക്ക് വികസന സൗകര്യങ്ങളിൽ മുന്തിയ പരിഗണനയാണ് ലഭിച്ചിട്ടുള്ളത് എന്നു വ്യക്തമാണ്.

ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ.

| വാർഡ് നമ്പർ | ഹരിജൻകോളനി യുടെ പേര് | വൈദ്യുതികണക്ഷൻ ലഭിച്ച കുടുംബങ്ങൾ | സൗജന്യസ്ലാബിൽ വൈദ്യുതിഉപഭോക്താക്കളുടെഎണ്ണം |
|---|---|---|---|
| 1 | കാറാത്തല | 32 | 21 |
| 1 | ചാണിക്കൽ | 16 | 3 |
| 2 | വടശ്ശേരി | | 45 |
| | ക്കോണം H.C. | 128 | |
| 4 | താന്നിമൂട് | 40 | 23 |

## വിദ്യാഭ്യാസ മേഖല

ഈ പഞ്ചായത്തിൽ ആകെയുള്ള 2308 വിദ്യാർത്ഥികളിൽ 556 പേർ പട്ടികജാതിക്കാരാണ്. തോറ്റുപഠിക്കുന്ന 181 വിദ്യാർത്ഥികളിൽ 70 പേർ ഈ വിഭാഗത്തിൽപെടും. പഠനം നിർത്തിയ 71 വിദ്യാർത്ഥികളിൽ 20 പേർ പട്ടികജാതിക്കാരാണ്. വിദ്യാഭ്യാസ നിലവാരത്തിലും പഠനകാര്യങ്ങളിലും ഈ വിഭാഗം മറ്റുള്ളവരെക്കാൾ വളരെ താഴെയല്ല. അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ടു വേണ്ടത്ര വിദ്യാഭ്യാസപുരോഗതി ആർജ്ജമാക്കാൻ കഴിയുന്നില്ല. ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസരംഗം ഈ വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം അപ്രാപ്യവുമാണ്.

## പൊതുസ്ഥിതി.

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട സ്ത്രീകളിൽ അധികംപേരും കർഷകത്തൊഴിലാളികളായിരുന്നു. കാർഷികമേഖലയിൽ മാന്ദ്യമുണ്ടായപ്പോൾ അടുത്ത കാലത്തായി കൂലിപ്പണിക്കാരും കെട്ടിട നിർമ്മാണ തൊഴിലാളികളുമായി മാറിയിട്ടുണ്ട്. 80 രൂപയോളം അവർക്കു കൂലി കിട്ടുന്നു. അതേസമയം കാർഷിക മേഖലയിൽ അഞ്ചുമണിക്കൂർ പണിയെടുക്കുന്നതിനു സ്ത്രീക്ക് 50 രൂപയും പുരുഷന് 70 രൂപയും കൂലി ലഭിക്കുന്നതേയുള്ളു. ജീവിത വൈഷമ്യമുണ്ടെങ്കിലും സാമൂഹ്യകമായി മോശപ്പെട്ട നിലയിലല്ല അവർ. ജോലി സമയം കഴിഞ്ഞാൽ കളികളിലും മറ്റു വിനോദങ്ങളിലും മുഴുകുന്നു. മദ്യപാനംമൂലം കിട്ടുന്ന പൈസയുടെ നല്ലൊരു ശതമാനം വീട്ടിലെത്താതെ നഷ്ടപ്പെടുന്നു. ദൃശ്യശ്രാവ്യ മാധ്യമങ്ങൾ ആസ്വദിക്കുന്നതിൽ അവർ തല്പരരാണ്. സാമൂഹികമായി ഉച്ചനീചാവസ്ഥകൾ അവർക്ക് ഇന്ന് അനുഭവപ്പെടാറില്ല. പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷന്റെ പ്രത്യേകാനുകൂല്യങ്ങൾ ഈ പഞ്ചായത്തിൽ ലഭിച്ചിട്ടില്ല എന്നതു പ്രത്യേകം പറയേണ്ടിയിരിക്കുന്നു.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. കുടിവെള്ളം, കക്കൂസ്, വൈദ്യുതി ഇല്ലാത്തിടത്തു നല്കണം. (3,4,5)

2. 25 വീടുകൾ നിർമ്മിക്കണം, വീടു ഓലമേയാൻ സഹായിക്കണം. (1)

3. വീടുവയ്ക്കാൻ ധനസഹായം വേണം (3,6,7)

4. വിദ്യാർത്ഥികൾക്കു പഠിക്കാനൻ സഹായം വേണം (3,7)

5. കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ എത്തിക്കണം. (4,7,8,9)

6. ഹരിജനങ്ങൾക്കു ബോധവൽക്കരണം നല്കണം. (5,6)

7. സ്വയം തൊഴിൽ സൗകര്യം ഉണ്ടാക്കണം. (4,7)

8. ലക്ഷംവീടുകൾ പുനരുദ്ധരിക്കണം.

9. പട്ടികജാതിക്കാർക്കു കാലിവളർത്തലിനു സഹായം ഏർപ്പെടുത്തണം. (5)

10. സാക്ഷരതാകേന്ദ്രങ്ങൾ വേണം. (6)

11. ബാങ്ക് വായ്പകൾ ഉദാരമാക്കി നല്കണം, വനിതകൾക്കു തൊഴിൽ സൗകര്യങ്ങൾ വേണം, സ്ഥിരമായി തൊഴിൽ ലഭിക്കാൻ അവസരം കിട്ടണം(7)

12. റെയിൽവേ പുറമ്പോക്കിലെ ഹരിജനങ്ങൾക്കു വേണ്ടി കോളനി സ്ഥാപിക്കുക. (9)

13. മൂന്നു കിണറുകളും 5 കക്കൂസുകളും നിർമ്മിച്ചു നല്കണം. (1)

14. മഹിളാസമാജം രജിസ്ട്രർ ചെയ്യണം. (2)

15. വടശ്ശേരിക്കോണം കോളനിയിൽ ടി.വി. ക്ലാസ്ക്ക് നിർമ്മിക്കണം. (2)

## പ്രശ്നങ്ങൾ

1. വീടുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വേണം.

2. വീടുവയ്ക്കാനും ഓലമേയാനും സഹായംവേണം.

3. വനിതകൾക്കു തൊഴിൽ സൗകര്യങ്ങളില്ല. സ്ഥിരമായ തൊഴിൽ ലഭിക്കണം.

4. സ്വയംതൊഴിൽ സംരഭങ്ങൾ പ്രോത്സാഹിപ്പിക്കണം.

5. ബോധവല്കരണം വേണം.

6. വിദ്യാർത്ഥികൾക്കു പഠനസഹായം ലഭ്യമാക്കണം.

7. റെയിൽവെ പുറംപോക്കിൽ കോളനി സ്ഥാപനം അടിയന്തിരാവശ്യമാണ്.

8. സാക്ഷരതാ കേന്ദ്രങ്ങൾ, മഹിളാ സമാജങ്ങൾ, ബോധവൽക്കരണം എന്നിവയ്ക്ക് ഏർപ്പാടുകൾ ഉണ്ടാക്കണം.

9. ഹരിജൻ വികസന കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കണം.

10. ദൃശ്യശ്രാവ്യ മാദ്ധ്യമങ്ങൾ വേണം.

## സാദ്ധ്യത

1. ജനസംഖ്യക്കു ആനുപാതികമായി വികസന പദ്ധതികൾക്കു തുക നീക്കി വയ്ക്കണം.

2. പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾക്കു വേണ്ടിയുള്ള സ്കീമുകൾ, ദാരിദ്ര നിർമ്മാർജ്ജ പദ്ധതികൾ എന്നിവയ്ക്ക് കോർപ്പറേഷന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുക.

3. സ്വയംതൊഴിൽ സൗകര്യങ്ങൾ, കുടിൽ വ്യവസായങ്ങളുടെ സംഘാടനം എന്നിവ അടിയന്തിര പ്രാധാന്യം കൊടുത്തു നടപ്പിലാക്കണം.

4. റെയിൽവേ പുറമ്പോക്കിലെ കുടികിടപ്പുകാർക്ക് കോളനി ഉണ്ടാക്കണം.

5. വിദ്യാർത്ഥികൾക്കു പ്രത്യേകപഠന സൗകര്യങ്ങൾക്കുള്ള പരിപാടികൾ തയ്യാറാക്കുക.

6. സാക്ഷരതാ കേന്ദ്രങ്ങൾ വേണം.

7. എല്ലാപട്ടികജാതി കുടുംബങ്ങൾക്കും വീടും വൈദ്യുതിയും കക്കൂസും ഏർപ്പെടുത്തുന്നതിനു വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുക.

8. കോളനിയിലേക്കുള്ള റോഡുകൾ ടാർ ചെയ്യുക.

# വിഭവ സമാഹരണം

തനതു നികുതി വരുമാനത്തിനുള്ള സാധ്യത പരിമിതമായ ഈ പഞ്ചായത്തിൻെറ പൊതു സാമ്പത്തിക സ്ഥിതി വളരെ ശോചനീയമാണ്. ഈ സാഹചര്യത്തിൽ വാർഡിൻെറ ആവശ്യങ്ങളെല്ലാം തന്നെ പഞ്ചായത്തിന് നിർവ്വഹിക്കാൻ കഴിയുന്നില്ല. എന്നാൽ ഗ്രാമവികസനത്തിനുവേണ്ടിയുള്ള ജനകീയ ആസൂത്രണ പരിപാടി നടക്കുന്ന ഈ വേളയിൽ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താവുന്നതാണ്. പഞ്ചായത്തിലെ വരവു ചെലവുകളെ സംബന്ധിച്ച ഒരു പൊതു ചിത്രം താഴെ കൊടുത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും.

| പഞ്ചായത്തിൻെറ വരുമാനം | | പഞ്ചായത്തിൻെറ ചെലവുകൾ | |
|---|---|---|---|
| തൊഴിൽ നികുതി | 46355 | ഭരണച്ചെലവ് | 350031 |
| കെട്ടിടനികുതി | 170924 | പൊതുമരാമത്ത് | 117157 |
| സർവ്വീസ്ചാർജ്ജ് | 63284 | അൺടൈഡ്ഫണ്ട് | 247114 |
| വസ്തു കൈമാറ്റ നികുതി 75% | 154493 | വികസനചെലവ് | 271190 |
| അൺടൈഫണ്ട് | 289490 | | |
| ഗ്രാൻറുകൾ | 202689 | | |
| നികുതിയിതര വരുമാനം | 71122 | | |
| ആകെ | 998362 | ആകെ | 985492 |

**കിട്ടിയ ഗ്രാൻറുകളുടെ വിവരം**

| ഇനം | ലഭിച്ച തുക |
|---|---|
| V.T.C. | 66630 |
| V.R.M | 21444 |
| എസ്റ്റാബ്ലിഷ്മെൻറ് | 50863 |
| വാട്ടർ ടാക്സ് | 50000 |
| ബേസിക് ടാക്സ് | 13752 |
| ആകെ | 202689 |

മുകളിൽ കൊടത്തിരിക്കുന്ന പട്ടിക പരിശോധിച്ചാൽ പഞ്ചായത്തിൽ തനതു വരുമാനത്തിൻെറ ഏതാണ്ട് 55% ഭരണച്ചെലവിനു വേണ്ടിവരുന്നു എന്നു കാണാം.

## പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ

(പഞ്ചായത്തുപ്രദേശത്തു പ്രവർത്തനംവ്യാപരിക്കുന്നവ)

### (എ) സഹകരണ ബാങ്കുകൾ

1. ചെറുന്നിയൂർ സർവ്വീസ് സഹകരണ ബാങ്ക് നമ്പർ 726

2. കിളിമാനൂർ സഹകരണ കാർഷിക വികസന ബാങ്ക്, വർക്കല ശാഖ.

3. വർക്കല ഹൗസിംഗ് സഹകരണ സംഘം റ്റി. 761

### (ബി) വാണിജ്യ ബാങ്കുകൾ

1. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, ചെറുന്നിയൂർ ശാഖ.

2. ഇന്ത്യൻ ഓവർസീസ് ബാങ്ക് വെട്ടൂർ ശാഖ.

**പഞ്ചായത്തിനു വരുമാനംകൂട്ടാനുള്ള സാദ്ധ്യതകൾ.**

1. പുറമ്പോക്കു ഭൂമികൾ ഏറ്റെടുത്തു കൃഷി ഏർപ്പെടുത്തി ആദായമുണ്ടാക്കാം.

2. പാതയോര കൃഷിക്ക് വാടകയും റോഡ് തോട് പുറമ്പോക്കുകളിലെ ഫലവൃക്ഷങ്ങൾ ലേലം ചെയ്തും ആദായം ഈടാക്കി വരുമാനം വർദ്ധിപ്പിക്കാം.

3. പഞ്ചായത്തു മാർക്കറ്റ് പരിഷ്കരിച്ച് വിപുലപ്പെടുത്തിയാൽ നല്ല വരുമാന വർദ്ധനവിന് സാദ്ധ്യതയുണ്ട്.

4. ഗൾഫ് പണം വാണിജ്യബാങ്കുകളിൽ നിക്ഷേപിക്കുന്നത് സഹകരണ ബാങ്കുകളിലേയ്ക്ക് തിരിച്ചുവിടാനുള്ള പ്രവണത ഗുണം ചെയ്യും.

### ഗ്രാമസഭാ നിർദ്ദേശങ്ങൾ.

1. വിദേശ വരുമാനം ഗ്രാമവികസനത്തിനു വിനിയോഗിക്കുക, സർക്കാർ സഹായം കൂടുതൽ ലഭ്യമാക്കുക, ബാങ്ക് വായ്പകളും മറ്റ് ധനകാര്യസ്ഥാപനങ്ങളുടെ സഹായവും ലഭ്യമാക്കുക. (3)

2. പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി പാട്ടത്തിനു നൽകുക. പുറമ്പോക്ക് വൃക്ഷങ്ങളുടെ ഫലമെടുപ്പ് ലേലം ചെയ്ത് നൽകുക, പാതയോരകൃഷിക്ക് വാടക ഈടാക്കുക തുടങ്ങിയവയിലൂടെ പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം. (പ്രസ്തുത വരുമാനത്തിൻെറ 10% ഗതാഗത വികസനത്തിന് വിനിയോഗിക്കുക.) കൂടാതെ റോഡ് നിർമ്മാണം ശ്രമദാനം സമാഹരിക്കുക. (7)

3. പഞ്ചായത്തിൻേറയും റെയിൽവേയുടേയും പുതുവൽ വസ്തുക്കൾ ഏറ്റെടുക്കുക, കയ്യേറിയ പഞ്ചായത്ത ഇടവഴികൾ ഒഴിപ്പിക്കുക. (8)

4. റോഡ് വികസനത്തിന് ഭൂമി പഞ്ചായത്ത് ഏറ്റെടുക്കുമ്പോൾ അതിനുവേണ്ടി വരുന്ന തുക നാട്ടുകാരിൽ നിന്ന് പിരിച്ചെടുക്കുക, റോഡ് വികസനത്തിനും മറ്റും ശ്രമദാനങ്ങൾ സ്വീകരിക്കുക. (5)

### പ്രശ്നങ്ങൾ

1. വിദേശവരുമാനം നാടിനുവേണ്ടി വിനിയോഗിക്കുകന്നില്ല.

2. ബാങ്കുകളും മറ്റു ധനകാര്യ ഏജൻസികളും ഗ്രാമവികസനത്തിന് ആവശ്യമായ തുക ലഭ്യമാക്കുന്നില്ല.

3. പുറംപോക്ക് ഭൂമി ഏറ്റെടുക്കുന്നില്ല. (കയ്യേറിയ ഇടവഴികൾ ഉൾപ്പെടെ)

4. റോഡ് നിർമ്മാണത്തിന് 25% ശ്രമദാനം നിർബന്ധമാക്കുന്നില്ല.

5. പാതയോര കൃഷിക്ക് വാടക ഈടാക്കുന്നില്ല.

6. റോഡ്, തോട്, പുറമ്പോക്കുകളിലെ ഫലവൃക്ഷങ്ങളുടെ ആദായം നഷ്ടപ്പെടുന്നു.

7. പരിസര ഭൂവുടമസ്ഥരുടെ നിസ്സഹകരണം റോഡ് വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു.

### സാദ്ധ്യതകൾ

1. വിദേശവരുമാനം പഞ്ചായത്തിൻെറ മുൻകൈയ്യോടെ സ്വരൂപിക്കാൻ സാദ്ധ്യത.

2. ധനസഹായ സ്ഥാപനങ്ങളുടെ സഹായം തേടുക.

3. പുറംപോക്ക് ഭൂമി ഏറ്റെടുക്കാനുള്ള പരിപാടി.

4. 25% ശ്രമദാനം റോഡ് നിർമ്മാണത്തിനായി സമാഹരിക്കുക.

5. പാതയോര കൃഷിയും ഫലവൃക്ഷങ്ങളും ആദായമാർഗ്ഗമാക്കുക.

6. പഞ്ചായത്ത് മുൻകൈയ്യെടുത്ത് റോഡ് വികസനം നടത്താൻ പരിപാടി ആസൂത്രണം ചെയ്യുക.

7. പഞ്ചായത്ത് അതിർത്തിയിലുള്ള പുറമ്പോക്കുകൾ സ്വകാര്യവ്യക്തികൾ കയ്യേറിയത് തിരികെയെടുക്കാനുള്ള നടപടിയെടുക്കണം.

8. പഞ്ചായത്ത് മിനി സിവിൽ സ്റ്റേഷനും, ഷോപ്പിംഗ് കോംപ്ലക്സും സ്ഥാപിക്കുക.

9. ലാൻറ് സെസ്സ് ഏർപ്പെടുത്തുക.

- നോട്ടുബുക്കുകൾ
- എല്ലാവിധ ഫാൻസി സാധനങ്ങൾ
- പാദരക്ഷകൾ
- ഗോൾഡ് കവറിംഗ് ആഭരണങ്ങൾ
- പ്രസന്റേഷൻ സെറ്റുകൾ
- സൗന്ദര്യ വസ്തുക്കൾ
- തയ്യൽ സാധനങ്ങൾ

തുടങ്ങിയവയ്ക്ക്

# ന്യൂലേഡീസ് കോർണർ

**സ്റ്റേഷൻറോഡ് - മൈതാനം - വർക്കല**

പ്രൊപ്രൈറ്റേഴ്സ് : എം. സബേശൻ, ചെറുന്നിയൂർ
ഡി. സലിംകുമാർ, ചിലക്കൂർ.

**ആദായവിലയ്ക്ക് ബേക്കറി സാധനങ്ങൾ ലഭിക്കുവാൻ**

# സിംലാ ബേക്കേഴ്സ്
# &
# കൂൾബാർ

## പുത്തൻചന്ത, വർക്കല.

*വിവാഹം, റ്റീ പാർട്ടികൾ എന്നിവയ്ക്ക് ഉത്തരവാദിത്തത്തോടുകൂടി രുചികരമായ ബേക്കറി സാധനങ്ങൾ ഓർഡർ അനുസരിച്ച് ചെയ്ത് കൊടുക്കപ്പെടും.*

പ്രൊപ്രൈറ്റർ : പി.പി. പ്രഭാകരൻ